


# Daedals of Nourriteetrs & Agroneers

Kelappaji College of
Agricultural Engineering & Technology
Tavanur

# സമർപ്പണം



# KELAPPAJI COLLEGE OF AGRICULTURAL ENGINEERING AND TECHNOLOGY

## TAVANUR





കെ.പി. മോഹനൻ
കൃഷി-മൃഗസംരക്ഷണം-
അച്ചടി-സ്റ്റേഷനറി വകുപ്പുമന്ത്രി

## സന്ദേശം

കേളപ്പജി കോളേജ് ഓഫ് അഗ്രിക്കൾച്ചറൽ എഞ്ചിനീയറിങ് ആന്റ് ടെക്നോളജി, തവനൂർ സ്റ്റുഡന്റ്സ് യൂണിയൻ ഈ വർഷത്തെ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ വളരെയധികം സന്തോഷമുണ്ട്. പഠന പ്രവർത്തനങ്ങളോടൊപ്പം വിദ്യാർത്ഥികളുടെ സർഗ്ഗാത്മകത വളർത്തിയെടുക്കുന്നതിന് ഉതകുന്ന രീതിയിൽ പുറത്തിറക്കുന്ന കോളേജ് മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു. ഈ സദുദ്യമത്തിന് പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും ആശംസകൾ നേരുന്നു.

സ്നേഹത്തോടെ,

കെ.പി. മോഹനൻ



# Message

I am extremely glad to know that Students Union 2014-15 of KCAET, Tavanur, is bringing out their new College Magazine 'DNA'. In our agricultural front, we are facing myriad challenges which include low land availability, shortage of trained manpower and a declining natural resource base. However, through a continued intellectual and managerial approach, we must make every efforts to ease the drudgery and help our farmers to achieve prosperity. I am confident that the students of KCAET, Tavanur are willing partners in the overall development of our great nation.

I hope 'DNA' will turn out to be a new platform for the young talents in Agricultural Engineering and Food Engineering of KCAET, Tavanur, to express their vision and mission.

I congratulate the Magazine Committee and all those who are behind this noble literary creation. I wish all the success for this venture.

**Prof. (Dr.) P.RAJENDRAN**
Vice - Chancellor
Kerala Agricultural University
Vellanikkara

# Message



"The true purpose of education is to make minds, not carreers", said William Daresiewicz. Education is not only gathering information and knowledge but also to lead a student's mind in the right path to achieve his / her ultimate goal.

Education is a route to enlightment and a tool for enpowerment. The education devoid of values is detrimental to society. Our engineering education system should also be value based so as to mould quality technocrats to face this world with love, honest, courage and self reliance. It should emphasize the alround development of each student's potential mental, physical, spiritual and social. The academic ambience around them should provide a training ground for leaving the art and science of right living and selfless service and allow the students inner potential to unfold. Everyone is born creative and talented ; there is no other place for it than a college. Moreover a college magazine is purely and completely an accumulation of the vast talents of the students their ideas, creativity and novelty. As a matter of fact it is a great privilege for me to be a part of this college magazine and it gives me immense pleasure to see it achieve success. As we are all sure, this magazine is the collection of the creative talents of our students and a record of the achievements and activities of our college. My hearty congratulations to all students and the editorial board members.

**Dr. M. S. Hajilal**
Dean

# Message



I am extremely happy to know that the college magazine for the year 2014-15 is ready for release.

Indeed college magazine is a media for expressing the talents of students and staff of the college and it depicts their culture, heritage and aesthetic sense. Undoubtedly it is the best means to develop creative ideas of the students apart from the curricular activities.

As the associate patron of the student's union, I take this privilege to congratulate the office bearers of KCAET Student's union for taking initiative to bring out such a magazine. The staff editor, student editor and the, magazine committee has really done an excellent work and I am sure that the magazine would be an icon of our prestigious college.

Best wishes to the readers and all those who have contributed to this noble venture.

**Dr. Abdul Hakkim V.M.**
Associate Professor and Head
Department of LWRCE &
Associate Patron, Student's Union.



# STAFF EDITORS DESK

I am happy to note that student's union of KCAET, Tavanur is bringing out their college magazine "DNA". I am sure that this will be a great achievement and wish that this would serve as a medium for expressing their talents, apart from their cultural activities. I Express my gratitude to all especially the student editor Miss. Jugnu Hameed and members of the magazine committee for the effort.

**Er. George Mathew**
Staff Editor
Associate Professor




# ആശംസ

ലോകം,
വിരൽത്തുമ്പോളം ചെറുതായിട്ട് നാളേറെയായി....
നിമിഷാർധം കൊണ്ട് രാജ്യാർത്തികൾ
മറികടക്കാവുന്ന കാലം
എങ്കിലും ദിശാബോധം നഷ്ടമായതുകൊണ്ട്
നാം നമ്മിലേക്ക് തന്നെ തിരിച്ചെത്തുന്നു.
അടുക്കളയിൽ നിന്ന് അരങ്ങിലേക്ക്
പോയവർ, തിരിച്ചെത്തിയിരിക്കുന്നു...
തെരുവോരങ്ങളിൽ നിന്ന് അരങ്ങിലേക്ക് അരാഷ്ട്രീയതയിലേക്ക്
സത്യഗ്രഹങ്ങളിൽ നിന്ന് അത്യാഗ്രഹത്തിലേക്ക്
എല്ലാവരും തിരിച്ചെത്തി തുടങ്ങി...
പുതിയ ലോകമല്ല; വലിയവീട് കെട്ടിപ്പടുക്കുന്ന-
തിനെക്കുറിച്ച് സ്വപ്നങ്ങൾ നെയ്യാം..
പുത്തൻ ആശയങ്ങളല്ല; വാക്കുകളുണ്ടാക്കാം...
ഇരയുടെ വേഷമിട്ട് ഇരതേടാനിറങ്ങാം....
വരൂ..
പുതക്കുന്തോറും ജീർണ്ണിച്ചുകൊണ്ടിരിക്കുന്ന
ഈ ലോകത്തിൽ നിന്ന് നമുക്ക് മാറിത്താമസിക്കാം.
കവിതയുടെ, കഥയുടെ, സിനിമയുടെ
സൗഹൃദത്തിന്റെ, മാനവികതയുടെ
ഡിഎൻഎ പടികൾ നമുക്ക്
ഈ താളുകളിലൂടെ ചവിട്ടിക്കയറാം....

ആശംസകളോടെ....

**ജുഗ്നു ഹമീദ്**
സ്റ്റുഡന്റ് എഡിറ്റർ




# ഉള്ളടക്കം


1. കാലത്തിനപ്പുറം കലാം ........ 11
2. Remembering LEVAN ........ 12
3. എന്റെ കൂട്ടുകാരി ........ 14
4. പിൻവിളി ........ 15
5. നിനക്കായ് ഞാൻ ........ 16
6. കാത്തിരിപ്പ് ........ 17
7. കിളിപോയി ........ 18
8. I WILL WAIT A LIFETIME FOR YOU ........ 19
9. പഠനം ഒരു ജീവിതം ........ 20
10. ഒരു ട്രെയിൻ യാത്രയ്ക്കിടെ ........ 21
11. RESURRECTION ........ 22
12. ഇലപൊഴിയുമ്പോൾ ........ 23
13. A CONVERSATION WITH HEART ........ 24
14. GROW LIGHTS ........ 27
15. IT'S COMPLICATED, BUT STILL ........ 28
16. കൂട്ടുകാർക്കായ് ........ 29
17. ക്യാമ്പസുകൾ ആഘോഷമുഖരിതമാകുമ്പോൾ ........ 30
18. ഒരു മടക്ക യാത്രയ്ക്കിടയിൽ ........ 31
19. ദയാവധം ........ 33
20. സ്നേഹപക്ഷി ........ 35

21. PRIVILEGE TO DREAM ............ 36
22. ബാലൻസ് ഷീറ്റ് ............ 37
23. ദയാഹത്യ ............ 39
24. മാഗ്ഗി ഒരു ഇൻസ്റ്റന്റ് നോസ്റ്റാൾജിയ ............ 41
25. Students Budjet ............ 45
26. FRIENDSHIP ............ 48
27. Sorry for you, Bhaarteeya Mahila ............ 49
28. സ്ക്രീനേജ് ............ 50
29. യാത്ര ............ 53
30. In memory of a beautiful you ............ 54
31. CANARY BIRD ............ 57
32. I BELONG TO YOU ............ 58
33. SLEEP WELL : ............ 61
34. വായന ............ 65
35. An Emotional Slap ............ 68
36. മലർവാടി ............ 69
37. നിഴലും നിലാവും ............ 70
38. ഉദയം ............ 72
39. COMPANION ............ 77
40. മഴ ............ 78
41. ക്യാമ്പസ് ലൈഫ് ............ 79
42. ഓർമ്മച്ചെപ്പ് ............ 80
43. പരിസ്ഥിതി സംരക്ഷണവും കേരളത്തിന്റെ വികസനവും ............ 85
44. ആത്മഗതം ............ 87
45. ഇടവേളയ്ക്കുശേഷം മഴ പെയ്യുകയാണ് ............ 88
46. Internet Neutrality : Pros & Cons ............ 90
47. The HEART that beats ............ 92
48. The light at the end of the tunnel ............ 93
49. My soulmate ............ 94
50. വിലാപം ............ 96
51. Student's Union 2014-15 ............ 97
52. DNA ............ 98

# Editorial Board




**Er. GEORGE MATHEW**
Staff Editor



**JUGNU HAMEED**
Student Editor

## SUB EDITORS



ATHIRA P.



NIDHIN J.K.



JITHU MARY VARUGHESE



JAYALAKSHMI R.



KURIAS THOMAS



NITHA N.



NANDHU LAL A.M.



LIVINA V.K.



FASEELA O.A.



RACHANA C



ANJALI M.G.



NIPIN BALU

# DNA

ഒന്നിനോടൊന്ന് ഒത്തുചേർന്ന് സിരകളിൽ ജീവൻ പകരുന്ന ജീവകണങ്ങളെ പോലെ... സ്വപ്നങ്ങളു ലക്ഷ്യങ്ങളും മനസ്സിലൊളിപ്പിച്ച ഒരുകൂട്ടം വിദ്യാർത്ഥികൾ പുസ്തകത്താളുകളിൽ കോറിയിട്ട അക്ഷരങ്ങൾ ഇണ ചേർന്ന് വാക്കുകളായ്... വാക്കുകൾ ആശയങ്ങളായ്... ആശയങ്ങൾ അവരുടെ ശബ്ദമായി മാറി.

അറിവിന്റെയും അലിവിന്റെയും ലോകത്തിലേക്ക് ഞങ്ങൾ വർണ്ണം വിതറിയപ്പോൾ അത് എന്നെന്നും ഓർമകളിൽ സൂക്ഷിക്കാവുന്ന ഒരു സൃഷ്ടിയായ് മാറി.

വാക്കുകളിലൊളിപ്പിച്ച മായാലോകത്തേക്ക് നമുക്ക് കടന്നുചെല്ലാം... ഭാവനയും യാഥാർത്ഥ്യവും ഒത്തുചേരുന്ന **DNA - Daedals of Nourriteers and Agroneers**ലേക്ക്.



# കാലത്തിനപ്പുറം കലാം...

1931 ഒക്ടോബർ 15ന് ജൈനുലാബ്ദീന്റെയും ഐശുമ്മയുടെയും പുത്രനായി രാമേശ്വരത്ത് ജനിച്ചു. കുട്ടിക്കാലത്ത് നാട്ടിൽ പത്രവിതരണം നടത്തിയിരുന്ന പയ്യനാണു പിൻക്കാലത്ത് ഭാരതത്തെ സ്വപ്നം കാണാൻ പഠിപ്പിച്ച മിസൈൽമാനായി മാറിയത്. രാമനാഥപുരത്തെ ഷ്യൂവാർട്ട് മെട്രിക്കുലേഷൻ സ്കൂളിൽ നിന്ന് വിദ്യാഭ്യാസം പൂർത്തിയാക്കിയ അദ്ദേഹം സെന്റ് ജോസഫ് കോളേജിൽ നിന്ന് ഫിസിക്സ് ബിരുദം നേടി. പിന്നീട് 1995 ൽ മദ്രാസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ എയറോനോട്ടിക്കൽ എൻജിനീയറിങ്ങിനു ചേർന്നു. അദ്ദേഹത്തിന്റെ ജീവിതത്തെ മാറ്റി മറിച്ചത് ഇതായിരുന്നു.

സ്വപ്നം കാണാൻ പഠിപ്പിച്ച പ്രസ്ഥാനമാണ് 120 കോടി ഇന്ത്യാക്കാർക്ക് എ.പി.ജെ. ശാസ്ത്രജ്ഞനും സാധാരണക്കാരനും തമ്മിൽ ഇത്ര ഇഴയടുപ്പം സാധ്യമാണെന്ന് മറ്റാരും തെളിയിച്ചിട്ടില്ല. എത്രപേരെ പ്രചോദിപ്പിക്കാമെന്ന് ഗവേഷണം ചെയ്തുകൊണ്ടായിരുന്നു അവസാന നിമിഷംവരെ കലാം.

ഇന്ത്യൻ വ്യോമസേനയിൽ ഫൈറ്റർ പൈലറ്റാവാൻ കൊതിച്ചു.. പക്ഷേ ആയില്ല. യോഗ്യത നേടിയ 9-ാമന്റെ മുന്നിലൂടെ എട്ട് പേർ ടിക്കറ്റ് എടുത്തു. ജൈനുലാബ്ദീൻ എന്ന ഒരു സാധാരണ ബോട്ടുടമയുടെ മകന് നിരാശനാവാൻ ഇത് മതിയാവുമായിരുന്നു. അങ്ങനെ ആയിരുന്നെങ്കിൽ ഇപ്പോൾ 84-ാം വയസ്സിൽ മരണം 'മതി'. എന്ന് പറയുംവരെ എത്താൻ കലാമിന് പറ്റില്ലായിരുന്നു. അതാണ് എ.പി.ജെ. അബ്ദുൽ കലാം. മദ്രാസിൽ 1950 കളിൽ ചൂടുള്ള രാത്രികളിൽ ഉറങ്ങാതിരുന്ന് സ്വപ്നം കണ്ട, ആ സ്വപ്നങ്ങളത്രയും യാഥാർത്യമാക്കിയ അബ്ദുൾ കലാം... പ്രചോദനത്തിന്റെ, തുടർച്ചയായ കർമ്മത്തിന്റെ 84 വയസ്സ് അങ്ങനെ വിളിക്കേണ്ടി വരും. ഈ രൂപത്തെ നേട്ടങ്ങളെണ്ണിപ്പറഞ്ഞ് ഒരു കണക്കെടുപ്പിനൊരുങ്ങിയാൽ ഇന്ത്യയുടെ മിസൈൻ പദ്ധതിയുടെ ശില്പിയെന്നും, പൃഥ്വിയുടെയും അഗ്നിയുടെയും ചാലകശക്തിയെന്നും, പൊക്രാൻ II ആണവ പരീക്ഷണത്തിന് പിന്നിലെ നട്ടെല്ലെന്നും പറഞ്ഞ് നിർത്തുക ബുദ്ധിമുട്ടാവും. 2002 മുതൽ 2007 വരെ താനലങ്കരിച്ച പദവി ഏറ്റവും ഔന്നത്വത്തിലുള്ളതായിരുന്നെങ്കിലും ഏറ്റവും താഴെയിരിക്കാനാണ് കലാം ആഗ്രഹിച്ചത്. സ്വപ്നം കാണാൻ പഠിപ്പിച്ചു, മരണം വരെയും... ഓരോ വ്യക്തിയെയും... ഓരോ സർക്കാരിനെയും...


ബ്രഹ്മചാരിയും സസ്യാഹാരിയും കർണാടിക് സംഗീതാസ്വാദകനുമായിരുന്ന ഇദ്ദേഹത്തിന്റെ പ്രധാന പുസ്തകങ്ങളാണ് വിങ്സ് ഓഫ് ഫയർ, ഇന്ത്യ 2020 എ വിഷൻ ഫോർ ദ ന്യൂ മില്ലേനിയം, മൈ ജേർണി, ഇഗ്നൈറ്റഡ് മൈൻഡ്സ് - അൺലിഷിങ് ദ പവർ വിത്തിൻ ഇന്ത്യ എന്നിവ. 2020-ൽ ഇന്ത്യ ഒരു സൂപ്പർ പവർ ആവണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. അതിനായി എഴുതുക മാത്രമല്ല മുന്നിൽ കണ്ട ഓരോ ഇന്ത്യൻ പൗരനേയും അതിനുവേണ്ടി നിർബന്ധിച്ചുകൊണ്ടേയിരുന്നു.

**കലാമിനെ ഓർമ്മിക്കണമെങ്കിൽ ഒന്നുറപ്പാണ് ആ സ്വപ്നങ്ങളെ മറക്കാതിരിക്കുക....**

# Remembering LEVAN



**Dr. Prince M.V.**
Associate Professo




My association with Levan dates back to our childhood when we were students at neighbouring schools, he one year my senior. Besides, he and I came from a family of teachers. Our families were known to each other. Chandran Master's tuition in Chalakudy was the go-to centre for us engineering aspirants. It was here that we converged daily after class during our pre-degre While the rest of us would be ogling pedestrian from the top floor verandah of Kumaran Nai building, Levan would be pouring over his boo and biology records. Not that he needed to. He w naturally brilliant, with an IQ most of us could or dream of. He was our role model, always ready impart valuable tips and advice.

Unlike today, engineering and medical sea were far and between. Needless to say, Levan scor high ranks in both, but settled for Agricultu Engineering due to personal reasons. I would like think he was destined to be a part of our lives, all t better to enrich them with his calming and sedati presence.

Fate brought us together once again, classmates when we enrolled for our docto programme at TNAU. He was the cool custom among us, who on the pen-ultimate day of our exa would be whiling away his time in the canteen. Af all, aren't we all undergoing this academic mayhe just to get an A4 sheet paper pronouncing Doctors, he would say. And we would laugh, all c exam fears having dissipated.

His company was a whiff of fresh air at TN What a joy it was to have him around. Neither he r I were party favourites, for obvious reasons! Her we were like two peas in a pod, lingering on t periphery of such occasional mallu night gatherin and yet very much enjoying it all from outside.



For someone like him, career advancements came second to family. And so he never hesitated to make those visits to Thrissur from Coimbatore, twice or even thrice a week. His dedication to his parents as well as his family was insurmountable. How rightly he judged the priorities in his life! His mother passed away during this period and this was a serious blow to him emotionally. Yet it must have been his indomitable spirit that helped him tide over these rough waters.

He was an aberration in a world guided, or shall I say, misguided, by ambitions, selfishness and pedagogic obsessions. In this respect he was close to my heart. What a free spirit he possessed! How humble despite all his intellectual magnifique. How astute and sharp and yet never once imposing or condescending. A wonderful teacher, most beloved to his students. A caring friend, always there for me whenever I looked over my shoulder. A serene presence amidst all the hustle and bustle of campus life. And yet who knew we would miss his silent presence so badly.

I miss him. I miss his tacit presence in our staff meetings. I miss his voice reverberating form the class rooms. I miss his presence at the arts festivals, sports meets, college canteen, Onam celebrations and all other campus events that inevitably throw together individuals from diverse backgrounds. For, more often our greatest relationships are forged in such outdoor activities rather than within the confines of academic pursuance.

It is not for us to question fate or God's will or whatever other name you know it by. We might ponder and speculate why this unassuming modest young man should have been plucked from amongst us in the prime of this life. But then who knows, maybe there really is a life after this. And Levan might be waiting for us up there, smiling, with his head tilted to one side, pushing his specs up on his nose, tapping his foot and generally impatient to get together with all his pals and finish up those discussions left pending mid-way. After all, that's what we call HOPE, isn't it?

# എന്റെ കൂട്ടുകാരി



**Anjali E. J.**
2014 Admn.
B.Tech Agrl. Engg.

ആദ്യമായി നാം തമ്മിൽ കണ്ടു,
നിറഞ്ഞ മിഴികളുമായി വിദ്യാലയത്തിൽ
പ്രഥമദിനത്തിൽ, ഒരു
നറു പുഞ്ചിരിയുമായി നീ വന്നു-
എൻ ജീവിതത്തിൽ.

ഒന്നിച്ചു കളിച്ചു പഠിച്ചു
നാം കാലങ്ങൾ താണ്ടി
പുത്തനറിവുകൾ ഒരുമിച്ചു
നുകർന്നു നാം കാലത്തിനൊപ്പം
നടന്നു നീങ്ങി.

കളികളും ചിരികളും
കൊച്ചു കൊച്ചു പിണക്കങ്ങളും
നമ്മൾ തൻ സ്നേഹത്തിനാഴം കൂട്ടി
തമ്മിൽ അറിഞ്ഞു നാം
പിരിയാത്ത വണ്ണം അടുത്തു നാം.

എനിക്ക് താങ്ങായി നീ എൻ കൂടെ നിന്നു
വിജയവേളകൾ ഒന്നിച്ചാഘോഷിച്ചു,
തോൽവികൾ ഒന്നിച്ചു മറന്നു നാം
കൈകൾ കോർത്തു നാം മുന്നോട്ടു നീങ്ങി.
പക്ഷേ, കാലം നമ്മെ
വേർപിരിച്ചുവല്ലോ?

ജീവിതം തൻ ആഴങ്ങളിലേക്ക്
പോകും വേളയിൽ
നാം പിരിഞ്ഞു പോയി.
എന്നാലും കൂട്ടുകാരി
നീ എന്റെ മനസ്സിൽ
കെടാവിളക്കായി തിളങ്ങും.

പുതിയ സൗഹൃദങ്ങൾ
തേടിയെത്തുമ്പോഴും, എൻ
ഹൃദയത്തിൽ നിനക്കായി
ഒരുക്കിയ സ്ഥാനം
ആരാലും കയ്യേറുകയില്ല
എന്നും എൻ ജീവിതത്തിലെ
എന്റെ മാത്രം പ്രിയപ്പെട്ട
എന്റെ സ്വന്തം കൂട്ടുകാരി



# പിൻവിളി.....



**Livina V.K.**
2013 Admn.
B.Tech Agrl. Engg.

പിച്ചവെച്ചു നടക്കാൻ തുടങ്ങിയപ്പോൾ മുന്നോട്ടേയ്ക്ക് മാടിമാടി വിളിച്ച അച്ഛന്റെ കൈകളും അമ്മയുടെ നൈർമല്യം നിറഞ്ഞ കൊഞ്ചിയുള്ള വാ മോനേ എന്ന വിളിയും മുന്നോട്ട് നടക്കാൻ എന്നെ പ്രേരിപ്പിച്ചു. മുന്നോട്ട് മുന്നോട്ട് എന്നെന്റെ ഹൃദയം മന്ത്രിച്ചുകൊണ്ടിരുന്നു. ആദ്യാക്ഷരം എഴുതിയപ്പോൾ അമ്മ എന്ന വാക്കെഴുതാൻവേണ്ടി എന്റെ കൈകൾ തളർന്നില്ല. അമ്മ പകർന്നുതന്ന മുലപ്പാലിന്റെ മധുരം എനിക്കേകിയത് വാനോളം ഉയർന്നുപൊങ്ങാനുള്ള ആവേശമായിരുന്നു, ഊർജ്ജമായിരുന്നു. പിന്നീടങ്ങോട്ടുള്ള ഓരോ വഴിയിലും അദ്ധ്യാപകരുടെ രൂപത്തിൽ കടന്നുവന്നത് ഒരു കൂട്ടം നല്ലവാക്കുകളും നന്മയുടെയും പാതയിലേക്കുള്ള തുറന്ന വാതിലുകളുമായിരുന്നു. അവരെന്നെ കല്ലുമുള്ളും നിറഞ്ഞ പാതയിൽ ചവിട്ടി ആവേശത്തോടെ മുന്നോട്ടുനടക്കാൻ പ്രേരിപ്പിച്ചു. എന്റെ വഴികളിലെ മുള്ളുകൾ എനിക്കേകിയത് വേദനയായിരുന്നില്ല മുന്നോട്ടു നീങ്ങാനുള്ള ആവേശമായിരുന്നു.

വിദ്യാലയ ജീവിതത്തിൽ ബുക്കുകളും കളർപെൻസിലുകളുമായി എന്റെ കൂട്ടുകാർ വളഞ്ഞ കാലുകളുള്ള രോഗിയെ കളിയാക്കി ചിരിച്ചുകൊണ്ട് ഇരുളുകളിലേക്ക് മാഞ്ഞ സുഹൃത്ത് ബന്ധങ്ങൾ എന്നെ തളർത്തിയില്ല. അവിടെയും എന്നെ മുന്നോട്ട് നടത്താനൊരാളുണ്ടായി. അവളെനിക്ക് ഇരുട്ടിലെ മെഴുകുതിരിനാളമായി. ആ വെളിച്ചം എനിക്ക് വെറുമൊരു മെഴുക് തിരി നാളമായിരുന്നില്ല സൂര്യനാളമായിരുന്നു. വിദ്യാലയ ജീവിതത്തിൽ എന്റെ ലക്ഷ്യം. എന്റെ കൈക്കുമ്പിളിലായി. അന്ന് അച്ഛനെനിക്കേകിയ അഗ്നിച്ചിറകുകൾ എന്നെ ഒരുപാട് ആവേശഭരിതനാക്കി. എന്റെ മുന്നിലൊരു ലക്ഷ്യമുണ്ടായി സിവിൽ സർവീസ് എന്റെ ഹൃദയത്തിൽ കൊത്തിവെച്ചു.

പിന്നീടങ്ങോട്ടുള്ള ഓരോ നിമിഷവും ഞാനതിനായി മാറ്റിവെച്ചു. പുസ്തകം നോക്കി പഠിച്ച പഠിപ്പിസ്റ്റുകൾ ചിന്തിക്കാത്തതും കാണാത്തതുമായ കാഴ്ചകളും പ്രതിഭാസങ്ങളും ഞാൻ കാണാൻ പഠിച്ചു. വരികൾക്കിടയിലൂടെ വായിക്കാൻ എന്റെ കണ്ണുകളെ ഞാൻ പഠിപ്പിച്ചു. പ്രസംഗവേദികളും മാധ്യമങ്ങളും പിന്നീടെന്റെ കൂട്ടുകാരായി. മണ്ണിനേയും മനുഷ്യ മനസിനേയും ഞാൻ തൊട്ടറിഞ്ഞു. വൈകുന്നേരങ്ങളിൽ ആൽത്തറയിൽ കൂടാറുള്ള സാക്ഷരത ക്ലാസുകളിൽ അറിവിന്റെ ചെറിയൊരു നാളമായി മാറാനെനിക്കും കഴിഞ്ഞു. ജീവിതയാത്രയിൽ എവിടെയോ വെച്ചു ഞാനെന്റെ സ്വപ്നം മറന്നുപോയി. കല്ലിൽ കൊത്തിവെച്ച വാക്കുകൾ കാറ്റിലും ചൂടിലും മർദ്ദത്തിലും പെട്ട് മാഞ്ഞുപോയി. രാഷ്ട്രീയം അപ്പോഴേക്കും എന്റെ രക്തമായി. സഖാക്കൾ എന്റെ ദൈവങ്ങളായി പൂജകൾ ഇല്ലാത്ത അമ്പലങ്ങളായി പാർട്ടി ഓഫീസുകൾ.

മകന്റെ ജീവിത ശൈലിയിൽ വന്ന മാറ്റങ്ങൾ കുത്തുവാക്കുകൾ കൊണ്ട് നേരിട്ട പട്ടാളക്കാരനായ അച്ഛൻ ദുർവ്വാസിയായി. അമ്മ അടുക്കളയിൽ നിന്നും അരങ്ങത്തേക്കിറങ്ങാത്ത വെറും കുടുംബിനി. കമ്മ്യൂണിസം എന്നിൽ കത്തിപ്പടർന്നു. ഉച്ചയ്ക്ക് നടത്തിയ കലാലയ പ്രസംഗങ്ങളിൽ എനിക്കാരാധകരുടെ കടലുണ്ടായി. അതിലെന്റെ സൂര്യനാളവുമുണ്ടായി. എന്നെ ശകാരങ്ങൾകൊണ്ട് വർഷിക്കാത്ത ഒരേ ഒരുവൾ, അവളുടെ മൗനം എന്നെ അവളിലേക്കടിപ്പിച്ചു. കലാലയജീവിതത്തിൽ പ്രണയത്തിന്റെ ചൂടുകാറ്റും കൂടി അടിക്കാൻ തുടങ്ങി.

പ്രണയം നെഞ്ചിൽ ആളിക്കൊണ്ടിരിക്കുന്നകാലം, നാട്ടിൽ സംഘർഷം പൊട്ടിപുറപ്പെട്ടു. എന്തിനുവേണ്ടി ആൾക്കാർ തമ്മിലടിക്കുന്നു എന്നു ഞാനന്വേഷിച്ചില്ല. എന്നിലെ സഖാവ് ഉണർന്നു പ്രവർത്തിച്ചു. ആളുകൾ വെട്ടേറ്റു വീഴാൻ തുടങ്ങിയപ്പോഴും എന്റെ തൊണ്ട ഇടറിയില്ല. എന്റെ രക്തം എന്തിനൊക്കെയോ വേണ്ടി തിളച്ചുമറിഞ്ഞു. ഇരുമ്പഴികളിൽ അകപ്പെട്ടപ്പോൾ എന്റെ കണ്ണുകൾ ഇരുട്ടുനിറഞ്ഞു. ആ രാഷ്ട്രീയ കൊലപാതകത്തിൽ എനിക്ക് പങ്കില്ലെന്നു വിളിച്ചു പറയാൻ എന്റെ നാവുകൾക്ക് ശേഷി ഉണ്ടായില്ല. അത്.... അതെന്റെ സൂര്യനാളത്തിന്റെ സഹോദരനായിരുന്നു. സഹോദരനെ നഷ്ടപ്പെട്ടപ്പോഴും അവളിൽ നിറഞ്ഞ മൗനം എനിക്ക് വായിച്ചെടുക്കാൻ പറ്റാവുന്നതിലും ഏറെയായിരുന്നു.

ഇരുളറകളിൽ ദിവസങ്ങളും മാസങ്ങളും കടന്നുപോയി. വന്ന വഴിയേ ഒരുപാട് പുറകോട്ടു നടന്നുനോക്കി. എവിടെ തെറ്റുപറ്റി... തെറ്റിയോ... എനിക്ക്... എവിടെയോ എന്റെ ആശയങ്ങൾ പ്രവർത്തികളായപ്പോഴേക്കും.... എവിടെയൊക്കെയോ അറിയാതെ പറ്റിയ ചെറിയ തെറ്റുകൾ, അമിതാവേശം എന്റെ പായ്കപ്പലിനെ ഒരുപാട് മുന്നിലേക്ക് എത്തിച്ചിരുന്നു. നടുക്കടലിൽ തിരിച്ചുവരാൻ പറ്റാത്തവിധം ഞാൻ അവിടെ പെട്ടുപോയിരിക്കുന്നു. കളക്ടറുടെ കൊടിവെച്ചകാർ വീടിന്റെ മുറ്റത്ത് വന്നുനിർത്തുന്നതും സ്വപ്നം കണ്ട അച്ഛൻ ഇരുളിലെവിടെയോ മാഞ്ഞുപോയി. ഒന്നു പുറകോട്ടുനടക്കാൻ പറ്റിയിരുന്നുവെങ്കിൽ... പിച്ചവെച്ചുവളർത്തിയ അച്ഛന്റെ കൈകളെ, അമ്മയുടെ താരാട്ടുപാട്ടുകളെ ഒന്നുകാണാനും കേൾക്കാനും പറ്റിയിരുന്നെങ്കിൽ... ❑



# നിനക്കായ് ഞാൻ...



**Shilpa S Selvan**
2013 Admn.
B.Tech Agrl. Engg.

ജീവിതം തന്നെ മറന്ന് അവൻ വരുമ്പോൾ
ഞാൻ അവനോടൊന്നായി.
പുസ്തകമെടുത്താൽ, ഒന്നു വായിച്ചാൽ
അവൻ എന്റെ കണ്ണുകളെ തഴുകിയടയ്ക്കും
അവനോടൊത്ത നേരം ഞാൻ
മറ്റെന്തിനെക്കാളും ഇഷ്ടപ്പെടുന്നു.
അറിയില്ല, ഞാനവനെ എങ്ങനെ
പ്രണയിച്ചു എന്ന്...
ഇരുന്ന ഇരുപ്പിൽ ഞാനവനെ
സ്നേഹിച്ചു പോകുന്നു.
മേശയിൽ തലചായ്ക്കുമ്പോൾ, അവൻ
അടുത്തെന്ന ആത്മസംതൃപ്തി.
പരീക്ഷാകാലമായാൽ അവനെന്റെ
സന്തതസഹചാരിയായി മാറും.
അവൻ വന്നണഞ്ഞാൽ
വർണ്ണങ്ങളും വസന്തങ്ങളുമില്ല.
പുഞ്ചിരിയും സ്വപ്നങ്ങളുമില്ല.
പകരം ശാന്തമായി കടന്നുവന്നെന്നെ
വാരിപ്പുണരുന്നു.

ഇവയെല്ലാം ധാരാളം
'ഉറക്ക'മെന്ന അവനെ സ്നേഹിക്കാൻ...
അവൻ അരികിലെങ്കിൽ ദുഃഖങ്ങളും
കുസൃതികളുമില്ല.എന്നിട്ടും
ആ സാമീപ്യത്തിൽ ഞാൻ
സർവ്വതും മറക്കുന്നു.
അവൻ വന്നണയുന്ന നേരം
ഇന്നലെയുടെ പരാതികളില്ല.
ഇന്നിന്റെ വേദനകളില്ല.
നാളെയുടെ ആശങ്കകളില്ല...
എല്ലാം മറന്നവനെന്നെ ആശ്വസിപ്പിക്കുന്നു.
ഒരു താരാട്ടിന്റെ നേർത്ത ശ്രുതിയായ്.
അവനെന്നും എന്റെയരികിലുണ്ടാവും...






**Rahul P.K.**
2013 Admn.
B.Tech Agrl. Engg.

# കിളിപോയി

ഇന്നലെ വന്നൊരു വാലാട്ടികിളിയെന്റെ
ബി.ടെക്ക് ക്ലാസിൽ കൂടുകൂട്ടി....
ക്ലാസിലെ റൂഫിൽ തൂങ്ങിക്കിടക്കുന്ന
പ്രൊജക്ടറിൻ മുകളിൽ കൂടുകൂട്ടി....
പാത്തും പതുങ്ങിയും നാരും ചകിരിയും
കൊത്തിയെടുത്തവൾ പാറി വന്നു.....
ക്ലാസിലെ പൈങ്കിളി പെണ്ണുങ്ങളെല്ലാം
വായും പൊളിച്ചേറെ നോക്കി നിന്നു....
കൂസലില്ലാതവൾ പാറിവന്നു
വാലാട്ടി കാട്ടി പുച്ഛമിട്ടു...
കൊക്കിൽ കരുതിയ നാരും ചകിരിയും
കൗശലത്തോടെ ചികഞ്ഞു വെച്ചു....
ഏറെ നാൾ പാറി പരിശ്രമിച്ചു
ഭംഗിയായ് കൂടു പണിതു തീർത്തു....
ബിൽഡിംഗ് ടെക്ക് പഠിച്ചിടാതെ
സ്ട്രെങ്ത് ഓഫ് മെറ്റീരിയലറിഞ്ഞിടാതെ
സർവ്വേ നടത്താതെ ലെവലിങ്ങ് എടുക്കാതെ
പണിത ഭവനത്തിൻ റാണി കണക്കെ ചമഞ്ഞിരുന്നു....
കാട്ടിലെ കൂട്ടിൽ കിട്ടാത്ത ഫാനിന്റെ
കാറ്റിൽ കുളിർത്തു നിവർന്നു നിന്നു....
നാളുകൾ നീളെ കടന്നുപോയി
മുട്ടകൾ മൂന്നുമായ് അടയിരിക്കെ....
കാട്ടിലെ കണവൻ തേടിയെത്തി....
ആനന്ദമോദത്താൽ കൊക്കുരുമ്മി....
വിശ്വ സ്നേഹത്തിന്റെ മാതൃത്വവും
കലഹങ്ങളില്ലാത്ത ദാമ്പത്യവും
പക്ഷിലോകം അതിസുന്ദരമാം വിധം
മനുഷ്യനെ നോക്കി പരിഹസിച്ചു...

ആകാശമറിയാതെ അമ്മതൻ ആത്മാവിൽ
ആദ്യമായ് കേട്ട തുടിപ്പുകളെല്ലാം...
ആരോരുമറിയാതെ അടപൊട്ടി
വിരിയുന്നൊരു കൊച്ചുപൂമൊട്ട് വിരിയുന്നപോൽ
കാട്ടിലും മേട്ടിലും പാറിപറന്നവർ
ഇരതിരഞ്ഞൊട്ടും മടിച്ചിടാതെ...
കൂട്ടിനായ് കണവനും കാവലായ്
കരളുമായ് ഒന്നു ചേർന്നേറെ പറന്നു വന്നു...
തിനയും പുഴുക്കളും കൊത്തിയെടുത്തവർ
ജാലകത്തിൻ വഴി പാറി വന്നു....
പനിനീർ വിടർന്ന പോൽ
ചെഞ്ചുണ്ട് കാട്ടി കരയുന്ന പൈതലും
കനിവോടെ കൊക്കിൽ കരുതിയതെല്ലാം
പകരുന്നൊരമ്മയും...
മൃദുലമായ് അനുഭൂതി പകരുന്ന കാഴ്ചകൾ
അലയടിച്ചുയരുന്നൊരു സ്നേഹഗാഥകൾ....
ഏറെ നാൾ വേനൽ കടന്നു പോയിന്നിതാ
മഴവന്ന കാലത്ത് കുടയേന്തി നിന്നൊരാമരവും....
മരമെങ്ങു തിരയുന്ന കിളികളും
നീലക്കുറിഞ്ഞിയും നിളയും നിറങ്ങളും....
കാടുമീക്കാട്ടാറും കടമ്പിന്റെ പൂക്കളും
ശൂന്യമായ് ഒരു തേങ്ങലായ്....
ഒടുവിലാത്തുമ്പികൾ പാറിപ്പറന്നൊരാ
തൊടികളും നിഴൽവീശി മായുന്നൊരോർമ്മയായ്.
കാത്തിരിപ്പിന്നു ഞാൻ തളിരിട്ട മലരിന്റെ
മണവും മമതയും മധുവൂർന്നൊരോർമ്മയും
നിറയുന്ന ഭൂമിയെ....



# I WILL WAIT A LIFETIME FOR YOU



**GAYATHRI T. P.**
2013 Admn.
B.Tech Agrl. Engg.


*I hide behind my feelings*
*And keep the truth locked away*
*But there is so much said*
*In the things I didn't say.*

*The distance I put between us*
*Is nothing more than the time lost,*
*A place for my feelings to hide...*
*Yet you can hear the love in my voice,*
*Each time we talk.*

*I wasn't fighting with you,*
*I was fighting with myself*
*Because a part of me wanted to*
*Send you away and another*
*Part to hold you tight.*

*I love the way...*
*You gaze into my eyes,*
*You hold my hand...*
*I know, all I need is you*
*And I will wait a lifetime for you...*

❑





**Linsha C. P.**
2014 Admn.
B.Tech Agrl. Engg.

# പഠനം ഒരു ജീവിതം



ഇത് രസതന്ത്ര യുഗം
മടുപ്പിക്കുന്ന ക്ലാസ്രീതികൾ
ഓർഗാനിക് സംയുക്തങ്ങളുടെ നാമകരണം
താരാട്ടുപാട്ടാകുന്ന നിമിഷങ്ങൾ...
ഉപബോധമനസ്സ് എന്റെ കണ്ണുകളെ
ക്ഷണിക്കുന്നു, ഒരു മയക്കത്തിനായി
പിന്നെ, എല്ലാം എന്നിലേക്കാവാഹിച്ച്
പരീക്ഷക്കായുള്ള കാത്തിരിപ്പ്...
ആ മത്സരപേപ്പറിൽ ഛർദ്ദിക്കുന്ന
വിരസമുളവാക്കുന്ന പദപ്രയോഗങ്ങൾ
ഒടുവിൽ പിരിയോടിക് ടേബിളിലെ
അലസവാതകമായ്,
ജീവിതയാത്ര തുടരുന്നു...
ഒരു പുനർ ജന്മത്തിനായി...






**Shahana Thasneem K.**
2014 Admn.
B.Tech Agrl. Engg.

# ഒരു ട്രെയിൻ യാത്രയ്ക്കിടെ...

**"യാത്രക്കാരുടെ ശ്രദ്ധയ്ക്ക്... ട്രെയിൻ നമ്പർ...."**

ട്രെയിൻ അനൗൺസ് ചെയ്തു. എനിക്ക് എന്തെന്നില്ലാത്ത സന്തോഷം തോന്നി. കുറേകാലങ്ങൾക്ക് ശേഷമാണ് ഇങ്ങനെയൊരു യാത്ര. അതും കൂട്ടുകാരുമൊത്ത്. ഒരുപാട് കാലത്തിനുശേഷം കണ്ടുമുട്ടിയതിന്റെ സന്തോഷം. 'കോഴിക്കോട്' ടൗൺ മൊത്തമായും ചില്ലറയായും കറങ്ങാനായിരുന്നു പ്ലാൻ. S.M. സ്ട്രീറ്റ്, ബീച്ച്, ഫോക്കസ് മാൾ, പിന്നെ സാഗർ ഹോട്ടലിലെ ദം ബിരിയാണി... അങ്ങനെ അങ്ങനെ ഒരുപാട് പ്ലാനുകളുണ്ടായിരുന്നു.

അൽപ സമയത്തിനകം ട്രെയിനെത്തി, പതിവിലും വിപരീതമായി ട്രെയിനിൽ പൊതുവെ തിരക്കു കുറവായിരുന്നു. ഞങ്ങൾക്കെല്ലാം കയറിയ ഉടനെത്തന്നെ സീറ്റുകിട്ടി. പിന്നെ ആ ബോഗി മൊത്തം പടർന്നു, ചിരിയും കളിയും കോളേജ് വിശേഷങ്ങളും എല്ലാം. ഓരോരുത്തർക്കും ഒത്തിരി ഒത്തിരി പങ്കുവയ്ക്കാനുണ്ടായിരുന്നു. ആടിയും പാടിയും കുറേ നല്ല നിമിഷങ്ങൾ, ജീവിതത്തിലെ മാധുര്യമേറിയ നിമിഷങ്ങൾ.


പെട്ടെന്നാണ് ആ കാഴ്ച എന്റെ ശ്രദ്ധയിൽ പെട്ടത്. എന്റെ സീറ്റിനുനേരെ എതിർവശത്തായി ടോയ്‌ലറ്റിനരികിൽ ഒരു വൃദ്ധ തന്റെ കീറിപ്പറിഞ്ഞ തുണിസഞ്ചിയിൽ തലവെച്ച് ചുരുണ്ടുകൂടി കിടന്നുറങ്ങുന്നു. ഒരമ്മയുടെ ഗർഭപാത്രത്തിൽ കുഞ്ഞെങ്ങനെ കിടക്കുന്നുവോ, അതുപോലെ ചുരുണ്ട് കൈകാലുകളെല്ലാം ശരീരത്തോട് ചേർത്ത്, ഒരു കുട്ടിയുടെ നിഷ്കളങ്കതയോടെ.

ഞാൻ അവരെ ഒന്ന് സൂക്ഷിച്ചുനോക്കി. അവരുടെ വസ്ത്രമാകെ പഴകി അഴുക്കുപുരണ്ടതായിരുന്നു. മുടിയെല്ലാം ജഡയ്ക്കും നരയ്ക്കും കീഴടങ്ങിയിട്ടുമുണ്ട്. മുഖത്തെ മാംസപേശികളെല്ലാം അയഞ്ഞ്, തൊലിയെല്ലാം ചുളിഞ്ഞ്, കണ്ടാൽ പത്തറുപത് വയസ്സ് പ്രായം തോന്നും. എന്തോ... ഒരു നിമിഷം ഞാൻ അവരെത്തന്നെ നോക്കി നിന്നു. അവരുടെ ഉള്ളിൽ പല വേദനകളും മുറിവുകളുമുണ്ട്. അവർക്ക് പലതും പറയാനുമുണ്ട്. പക്ഷേ, ഇതൊന്നും കേൾക്കാൻ ആരുമില്ല.

അങ്ങനെ നിത്യേന റോഡരികിലും ട്രെയിനിലും ബസ്സ്റ്റാന്റിലും മറ്റുമായി ഒട്ടനവധി കാഴ്ചകൾ കാണുന്നതുകൊണ്ടാവാം മറ്റു യാത്രക്കാരിൽ ഈ കാഴ്ച വികാരം ഒന്നുംതന്നെ ഉണർത്തിയില്ല. അവിടെയിരുന്ന രണ്ടു മദ്ധ്യവയസ്കർ ഈ വൃദ്ധയെ നോക്കി എന്തോ സംസാരിക്കുന്നുണ്ടായിരുന്നു. ഞാനത് മെല്ലെ കാതോർത്തു.

"ഒന്നരദിവസമായത്രെ ഈ സ്ത്രീ ഈ അവസ്ഥയിൽ കിടക്കുന്നു. യാത്രക്കാരും റെയിൽവേ അധികൃതരും കണ്ടിട്ടും കണ്ടില്ലെന്ന് നടിയ്ക്കുന്നു. പിന്നെയാണെങ്കിൽ അസഹനീയമായ ദുർഗന്ധം കാരണം ആരും അടുക്കുന്നുമില്ല. പാവം സ്ത്രീ... ആർക്കറിയാം ചത്തോ, ജീവിച്ചിരിപ്പുണ്ടോ എന്ന്?" പിന്നീട് ആ സംസാരം വേറെ പല വിഷയങ്ങളിലേക്കും തിരിഞ്ഞു. അപ്പോഴും എന്റെ മനസ്സ് ആ വൃദ്ധയിൽതന്നെ ആയിരുന്നു. അവരെങ്ങനെയാവാം ഈ അവസ്ഥയിലെത്തിയത്? കണ്ടിട്ടു മലയാളിയാണെന്ന് തോന്നുന്നു.

ചിലപ്പോ മകനോ മകളോ ഉപേക്ഷിച്ചതാകാം. അല്ലെങ്കിൽ എല്ലാവരും നഷ്ടപ്പെട്ടു ജീവിതയാത്രയിൽ തനിച്ചായതാവാം. എന്റെ കണ്ണുകൾ അവരുടെ മുഖത്തും ശരീരത്തുമായി പാറി നടന്നു. ഒരു നിമിഷം അവർ കണ്ണുതുറന്നെങ്കിൽ ഞാൻ എന്തെന്നില്ലാതെ ആശിച്ചു. "കോഴിക്കോട് സ്റ്റേഷൻ നിങ്ങളെ സ്വാഗതം ചെയ്യുന്നു." ട്രെയിൻ സ്റ്റേഷനിൽ നിർത്തി. കൂട്ടുകാരുമൊത്ത് സ്റ്റേഷനിൽ ഇറങ്ങാൻ നേരം ഞാൻ ഒരുവട്ടംകൂടി അവരെ നോക്കി. ആ കണ്ണുകൾ മെല്ലെ തുറക്കുന്നുണ്ടോ എന്നറിയാൻ... പക്ഷേ, അവ തുറന്നില്ല. ഇനി ഒരുപക്ഷേ കാലപ്പഴക്കത്താൽ ഉൾവലിഞ്ഞ ആ കണ്ണുകൾ എന്നെന്നേയ്ക്കുമായി അടഞ്ഞതാകുമോ? ട്രെയിനിറങ്ങി നടക്കുമ്പോൾ മനസ്സിന് വല്ലാത്ത ഭാരം. എന്തോ വലിയൊരപരാധം ചെയ്തപോലെ. കാലുകൾ മെല്ലെ ഇടറുന്നതുപോലെ എന്തോ ഒരു വലിയ കുറ്റബോധം വേട്ടയാടുന്നതുപോലെ.... ❑



# RESURRECTION



**CIYA PAUL**
2014 Admn.
B.Tech Food. Engg.

*May the world of truth*
*Bring grace and happiness*
*May our good inspire others*
*May our lives give constant*
*Praise to God.*

*May He come truly into*
*Our minds and hearts*
*May we leave all darkness*
*Behind for the pure light*

*May we grow in the wisdom*
*Of miraculous strength*
*May the seed of unity be*
*Nourished by love for others*
*May the soul guide our hearts*

*May all be faithful even*
*At times of pain and trouble*
*May all begin to receive forgiveness*
*And please our creator*

*After all, may our hearts, be tuned*
*to a greater desire -*
HEAVEN

❑

# ഇലകൾ പൊഴിയുമ്പോൾ...



**ARYA K.T.**
2013 Admn.
B.Tech Agrl. Engg.

അയ്യോ..... പറ്റിച്ചല്ലോടാ കുട്ടാ നീ... എടീ ലക്ഷ്മീ... ഇവനാകെ നനച്ചു. കുട്ടിയെ താഴെയിറക്കി അയാൾ അടുക്കളയിലേക്ക് വിളിച്ചു കൂവി.....

അല്ലെങ്കിലും നിങ്ങൾക്ക് കൊഞ്ചിക്കല് കുറച്ച് കൂടുതലാ...


അടുക്കളയിൽ എന്തോ പണിത്തിരക്കിലായിരുന്നു ലക്ഷ്മി. ഒരു തുണിയുമായി വന്ന് അവൾ കുട്ടിയെ എടുത്തു. താഴെ കളിച്ചുകൊണ്ടിരുന്ന കുഞ്ഞാ, അതിനെ തോളത്ത് വലിച്ച് കേറ്റേണ്ട വല്ല ആവശ്യവുമുണ്ടോ? പണി തടസ്സപ്പെടുത്തിയതിന്റെ നീരസം മുഴുവൻ അവൾ പ്രകടിപ്പിച്ചു. അയാൾ ഒരു ചെറുചിരിയുമായി ബനിയൻ മാറ്റിയിട്ടു. എന്നിട്ട് തോർത്തുമെടുത്ത് കുളക്കടവിലേക്ക് ചെന്നു. എത്ര നടന്നിട്ടും കുളക്കടവെത്തുന്നില്ല. മുന്നിലാകെ ഒരു തരം പുകമാത്രം. തിരിഞ്ഞുനോക്കി വീടെവിടെ? ഭാര്യയും കുഞ്ഞും....? ഒന്നും കാണാനില്ല. ചുറ്റും ഭീതിപ്പെടുത്തുന്ന കട്ടപിടിച്ച പുകയുയരുന്നു. ആരോ നടന്ന് വരുന്നുണ്ട്. പുകച്ചുരുളിന് ജീവൻ വെച്ചതാണോ? ആരാണ് തന്നെ തട്ടിവിളിക്കുന്നത്. അയാൾ മെല്ലെ കണ്ണുതുറന്നു. വാച്ച്മാൻ ശിവനാണ്. ആ മെല്ലിച്ചു നീണ്ട കോലം കണ്ടപ്പോൾ അയാൾക്ക് പേടിയാണ് തോന്നിയത്. ശിവൻ ചിരിക്കുകയാണ് ആ ചിരി അയാളുടെ മുഖം ഒന്നുകൂടി വികൃതമാക്കി. എന്താ കൃഷ്ണേട്ടാ എന്തൊരു റക്കാ ഇത്. തുണിയൊക്കെ പിന്നെയും നനച്ചല്ലേ. ശരിയാണ് തുണിയും മേലുമൊക്കെ നനഞ്ഞിരിക്കും. ഈയ്യിടെയായി ഒന്നും തന്നെ തന്റെ നിയന്ത്രണത്തിലില്ല. ഉറക്കത്തിൽ അറിയാതെ മൂത്രമൊഴിച്ചു പോകുന്നു.

ഇവിടെ വന്നിട്ട് മൂന്നു വർഷമാവുകയാണ്. വന്നതാണോ? കൊണ്ടുതള്ളുകയായിരുന്നില്ലേ... ആരെയും കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. മരുമകളുടെ ഭാഷയിൽ പറഞ്ഞാൽ ഞാനൊരു ഭാരമാണ്. അല്ലെങ്കിലും ഈ വയസ്സുകാലത്ത് താൻ അവരോടൊപ്പം പോവുകയോ? ഇല്ല, തന്റെ ലക്ഷ്മി കിടക്കുന്ന മണ്ണാണിത്. താനും ഒടുങ്ങേണ്ടത് ഇവിടെ തന്നെയാണ്. അവൾ ഭാഗ്യമുള്ളവളാണ്. ഒന്നും അറിയേണ്ടി വന്നില്ല. നേരത്തേ പോയി. ആകെയുള്ള മകൻ അമേരിക്കയിലാണ്. അമ്മ മരിച്ചപ്പോൾപോലും അവൻ വന്നില്ല. പിന്നീട് വന്നത് അവന്റെ ഭാര്യയെ കൂടെ കൊണ്ടുപോകാനാണ്, തന്നെ ഇവിടെ കൊണ്ടു വന്നു തള്ളാനും പുറത്ത് രാത്രി കനം വെച്ചു വരികയാണ്. കണ്ണടച്ചു തുറന്നെങ്കിലും ഉറക്കം വരുന്നില്ല. മനസു നിറയെ വൈകുന്നേരം കണ്ട സ്വപ്നമാണ്. കുറെയായി പകലുറങ്ങാറേയില്ല. കണ്ണടക്കുമ്പോഴേക്കും ഓർമ്മകൾ രൂപം വെച്ചു തുടങ്ങും. തന്റെ നെഞ്ചിൽ ഒരു കുഞ്ഞുകിടന്നു കളിക്കുകയാണ്.

മേല് നനയുന്നുണ്ടോ... അവൻ മൂത്രമൊഴിക്കുകയാണോ...

നിങ്ങളതിനെ കൊഞ്ചിച്ചു വഷളാക്കും. ആരോ ശകാരിക്കുകയാണ്. അയാൾ മെല്ലെ എഴുന്നേറ്റു. പുറത്ത് നല്ല കാറ്റു വീശുന്നുണ്ട്. ജനല് തുറന്ന് നോക്കി. താഴെ കുന്നിൽ ചെരിവിൽ അങ്ങിങ്ങായി ചെറിയ പ്രകാശം കാണാം. വീടുകളെല്ലാം ഉറക്കമായിരിക്കുന്നു. ദൂരെ നിന്ന് ചൂളം വിളി കേൾക്കാം. കുന്നിന്റെ പിറകുവശത്ത് റെയിൽ പാതയാണ്. ഏതോ ട്രെയിൻ വരുന്നുണ്ട്. അയാൾ ദൂരേക്കു നോക്കി ജനാലക്കൽ തന്നെ നിന്നു. ഒരു കിതപ്പോടെ ട്രെയിൻ കടന്നു പോയി. അടുത്ത ബെഡ്ഡിൽ കിടന്നിരുന്ന രാമൻ നായർ ഒന്നു ഞരങ്ങി, തിരിഞ്ഞു കിടന്നു. നല്ല ഉറക്കത്തിലാണ് അയാൾ. അപൂർവ്വമായേ ഉറങ്ങാറുള്ളൂ. മെല്ലെ വാതിൽ തുറന്ന് പുറത്തിറങ്ങി. നല്ല തെളിഞ്ഞ ആകാശം, നിറയെ നക്ഷത്രങ്ങൾ. കുട്ടിക്കാലത്ത് മുത്തശ്ശി പറഞ്ഞുതന്ന കഥയാണ് അയാൾക്ക് ഓർമ്മ വന്നത്. മരിച്ചു പോയാൽ രാത്രിയിൽ നക്ഷത്രമായി ഉദിച്ചുവരുമത്രെ... എന്നിട്ട് തന്റെ താഴെ പ്രിയപ്പെട്ടവരെ നോക്കി കണ്ണു ചിമ്മികൊണ്ടിരിക്കും.

അങ്ങിനെയെങ്കിൽ അതിലേതോ ഒന്ന് തന്റെ ലക്ഷ്മിയാണ്. അവൾ തന്നെ നോക്കി കണ്ണു ചിമ്മുന്നുണ്ടോ...? അയാൾ പിന്നെ അവിടെ അധികം നിന്നില്ല. ഏതോ ഒരു ഉൾവിളിയുടെ പിൻബലത്തിൽ അയാൾ ഇരുളിലേക്ക് നടന്നു. റെയിൽ പാളത്തിൽ കയറി അയാൾ ഒന്നു തിരിഞ്ഞു നോക്കി. തനിക്ക് മൂന്നുവർഷം അഭയം നൽകിയ സ്ഥലമാണിത്. കാരുണ്യാഭവൻ നീലയിൽ വെളുപ്പുകൊണ്ടെഴുതിയ അക്ഷരങ്ങൾ ഇരുളിലും തെളിഞ്ഞു കാണാം പിന്നെ അയാൾ തിരിഞ്ഞ് ദൂരെ ഇരുളിൽ അലിഞ്ഞു ചേർന്നു. ഒരു നെടുവീർപ്പോടെ വീണ്ടുമൊരു ട്രെയിൻ കൂടി കടന്നുപോയി. അപ്പോൾ ആകാശത്ത് പുതിയൊരു നക്ഷത്രംകൂടി പിറവി കൊള്ളുകയായിരുന്നു. ❑





**ANSILA K.A.**
2013 Admn.
B.Tech Agrl. Engg.

# A CONVERSATION WITH HEART

Heart : OK my dear. I am beating for the last 12 times now.

You : (Tears in your eyes) Hmmm!

Heart : You know, you should have quit your job that day, when you had the chance. You always wanted to become an entrepreneur. It was your dream. I was telling you from deep inside to do that. But you doubted.

You : But my parents and friends advised me to....

Heart : (Interrupting angrily) Look around you, you moron! Do you see anyone beside you now? Do you see any people whom you always chose me over?

You : (Crying loud) I am sorry! I should have trusted you. I wasted my life doing the things I never loved.

Heart : If you would have listened to me, you would have been a fine entrepreneur today. You would have given away millions of money towards the education of poor kids which you always wanted to.

You : (Still crying)You are right. I am sorry! I could have changed so many lives. Give me one more chance.... only one chance. I know I have the potential to do it still. I beg you... please!!

Heart : I was with you every second of your life. Right from your mother's womb till now. I know how much potential you have. Because I am the one inside you. Who would have known you better than me? I cant shout like other people. I speak very subtly. Every single time when I told you something, you heard, but chose to ignore, because you wanted to be good to everyone else around. You obeyed them. You believed them about you can do and cannot.

(You are still crying out of frustation)

Heart : You could have been so much more. You could have achieved such great heights.

You : I promise, I will do it! I won't give a damn about what others say.
I swear. But please give me one more chance.... please!!!

Heart : It's over dear. You had one chance and you wasted it... I'm sorry!

You : No... please... No!!

It's over.....

# STUDENTS UNION



**Dr. HAJILAL M.S.**
Patron



**Dr. ABDUL HAKKIM V.M.**
Associate Patron



**MIRSHAD M.**
President



**JASBEER K.T.**
General secretary



**SIBIN C BABY**
Vice president



**ANSILA K.A.**
Associate secretary



**ADARSH S.S.**
Arts Club Secretary



**JUGNU HAMEED**
Student Editor

## UUC



**AJAY JAYAKUMAR**



**STENY SIMON**



**SONAL BAIJU**

## CLASS REPRESENTATIVES



**YOUNUS A.**
M.Tech.



**ATHUL CHANDRAN**
Agrl Engg. 2011



**RAHUL K.**
Food Engg. 2011



**ASWATHI M.S.**
Agrl Engg. 2012



**ANJALI K.U.**
Food Engg. 2012



**ARYA K.T.**
Agrl Engg. 2013



**KRISHNA PRABHA**
Food Engg. 2013



**GEETHU M.**
Agrl Engg. 2014



**FARIS K.**
Food Engg.2014

# Union Club Members

## ARTS CLUB



Dr. ASHA JOSEPH
Advisor



ADARSH S.S.
Secretary

## SPORTS CLUB



JOSEPHINA PAUL
Advisor



SRAVAN RAJ
Secretary

## QUIZ CLUB



Er.SREEJA R.
Advisor



ARJUN P.
Secretary

## WOMENS FORUM



Er. SINDHU BHASKAR
Advisor



ABEENA M.A.
Secretary

## N.S.S.



Dr. SUDHEER K.P.



SHABARI SREENIVAS



JAYALAKSHMI R.




# GROW LIGHTS



**Sibin C Baby**
2012 Admn.
B.Tech Agrl. Engg.

പുതിയ കൃഷിരീതികൾ നമ്മുടെ നാട്ടിൽ സുലഭമായ് വളർന്ന് വരുന്നുണ്ട്. അതിൽ ഏറ്റവും മുൻപിട്ട് നിൽക്കുന്നതും വ്യത്യസ്തവുമായ കൃഷിരീതിയാണ്. 'ഗ്രോ ലൈറ്റ്' ഗ്രീൻ ഹൗസുകളും റെയിൻ ഷെൽട്ടറുകളും നമ്മൾ വളരെ മുതൽമുടക്കി കൃഷി ചെയ്യുന്നു. അതിൽ ജലവിതരണം നടത്താൻ ഡ്രിപ്പ്ളേഴ്സും ഫോഗേഴ്സും ഉപയോഗിക്കുമ്പോൾ വളരെയധികം സ്ഥലം ആവശ്യമായി വരുന്നു. ലോകം സാങ്കേതികമായി വളർന്നുവരുന്ന ഈ സാഹചര്യത്തിൽ, മനുഷ്യൻ മണ്ണിലുള്ള വാസം മതിയാക്കി ആകാശത്ത് 'കൂട്' വെച്ച് പാർക്കുമ്പോൾ ഗ്രീൻ ഹൗസോ റെയിൻ ഷെൽട്ടറോ അവർക്ക് ചിന്തിക്കാൻപോലും കഴിയുന്നില്ല. ഈ സാഹചര്യത്തിലാണ് മട്ടുപ്പാവിലെ കൃഷി വിപുലമായി സ്ഥാനം പിടിച്ചത്.

അതിനോടൊപ്പംതന്നെ ഹൈഡ്രോപോണിക്സ് അക്വാപോണിക്സ്, എയ്റോപോണിക്സ് എന്ന നൂതന കൃഷിരീതികളും പ്രചാരണത്തിൽ എത്തി. ചില സിനിമ പ്രവർത്തകർ പോലും ഈ കൃഷിരീതികൾ അവലംബിക്കുകയും ഇത് വളരെ വ്യാപകമായി ജനഹൃദയങ്ങളിൽ സ്ഥാനം പിടിക്കുകയും ചെയ്തു. എന്നാൽ ഇവയിൽ വളരെ നൂതനവും വ്യത്യസ്തവുമായ ഒരു പുതിയതരം കൃഷിരീതിയാണ് 'ഗ്രോ ലൈറ്റ്' ഉപയോഗിച്ചിട്ടുള്ള വെർട്ടിക്കൽ ഫാമിങ്.

നമ്മൾ ചെടികളെയെല്ലാം പച്ചയായ് കാണുന്നത് സൂര്യപ്രകാശത്തിലുള്ള പച്ചനിറത്തെ മാത്രം സ്വീകരിക്കാതെ അവ പ്രതിഫലിപ്പിക്കുന്നതുകൊണ്ടാണല്ലോ. അതായത് പച്ച, നീല, ചുവപ്പ് എന്നീ പ്രാഥമിക നിറങ്ങളിൽ പച്ചനിറം മാത്രം പുറംതള്ളപ്പെടുന്നു. ആയതിനാൽ ചുവപ്പ്, നീല എന്നീ നിറങ്ങളിലുള്ള വെളിച്ചം ചെടികളുടെ ഫോട്ടോ പീരിയോഡിസം അനുസരിച്ച് ചെടിയുടെ പ്രതലത്തിലേക്ക് പതിപ്പിക്കുമ്പോൾ ഇവയ്ക്ക് വളരെയധികം ഉൽപ്പാദനക്ഷമത ഉണ്ടാകും. ഈ ഗ്രോ ലൈറ്റ്സ് പല കൃഷിരീതികളിലും വെളിച്ചം കുറവുള്ള സ്ഥലങ്ങളിൽ കൃഷി ചെയ്യുന്നവർക്കും വളരെയധികം ഉപകാരപ്രദമാണ്. ❑

# IT'S COMPLICATED, BUT STILL...



**Nitha N.**
2012 Admn. B.Tech
Food. Engg.

I lay down thinking about things
Those old memories
The moments that spark in each pic
And that happiness which was around me
The vast world that was there for me
Its gone with sands of time
Everything has faded
Its worth took away by time

I wish I had a time turner
To fix things out
To make people understand
To lay upon them, in a clear sense
I wish I was back up there
But this aint a dream
There is no restart

Sometimes things logges my mind
Pushes me with pain and anger
Going through this, for which
I wasn't prepared
Everythings messed up
Somethings, sometimes don't make sense

I thought for once, everythings trouble,
There's no good out there
It's all complicated.
But that's not it

There are ones by your side
Who knows you by each inch
One's who will never let you down
One's who let you believe
Points out whats right and wrong
They hold your back, when you had no hands
To lay open

The world that was bought down to a few
I have them
I don't and will never regret upon it
Past do bothers me
But its all about the present
About ones who are there for me

I don't wanna confuse up all again
Just wanna believe that everything
Happens for a reason
And that, this is not the end
I must catch up with time,
To make good happen,
To not let anybody down
To dream and create a miracle.

❑



# കൂട്ടുകാർക്കായ്...



**Harsha V.**
2013 Admn.
B.Tech Agrl. Engg.

**ആ**കാശത്തിന്റെ നീലിമയിലും, സാഗരത്തിന്റെ ആഴങ്ങളിലും ചാറ്റൽമഴയുടെ കുളിർമ്മയിലും കെ.സി.എ.ഇ.ടി. യുടെ ഓരോ കോണിലും സൗഹൃദത്തിന്റെ ഹൃദയമിടിപ്പുകൾ ഞാനറിയുന്നു...!

അറിയാതെയെത്തുന്ന കൂട്ടുകാർ... പൊട്ടിച്ചിരിയും അട്ടഹാസങ്ങളുമുയരുന്ന ക്ലാസ് മുറികൾ, ഇടക്കെവിടെയോ അധികമാരും കേൾക്കാതെ പോവുന്ന തേങ്ങലുകൾ... എല്ലാത്തിനും സാക്ഷിയായി മാറാല പിടിച്ച ഈ കെട്ടിടങ്ങൾ...!

സൗഹൃദങ്ങൾ കൈകോർക്കുന്നു... പ്രണയങ്ങൾ പൂവിടുന്നു, ഈ കലാലയത്തിലെ ഓരോ പുലർക്കാലവും വർണ്ണമനോഹരമാണ്. അനേകായിരം പേർ ചവിട്ടിക്കയറിയ കോണിപ്പടികളിലൂടെ കൂട്ടുകാരുടെ കൈപിടിച്ച്... പറഞ്ഞാലും പറഞ്ഞാലു തീരാത്ത വിശേഷങ്ങളുമായി കടന്നുപോകുമ്പോൾ മനസ്സിൽ ഒരായിരം പൂക്കാലം വിരിയും... വരാന്തകളിലൂടെ കളിതമാശകൾ പറഞ്ഞു നടന്നു നീങ്ങുമ്പോൾ മനസ്സിൽ സൗഹൃദത്തിന്റെ സുഗന്ധം നിറയും... ഏകാന്തമായ മനസ്സുകൾ വാചാലമാകും.

കേളപ്പജിയുടെ ഓർമ്മകൾ തളംകെട്ടിക്കിടക്കുന്ന പൂന്തോട്ടവും കൊച്ചു കൊച്ചു പിണക്കങ്ങൾ ഇണക്കങ്ങളായി മാറുന്ന പാർക്കും... പ്രണയം മണക്കുന്ന ക്യാന്റീൻ ഇടവഴിയും... സ്നേഹബന്ധങ്ങൾ ദൃഢമാക്കിത്തീർത്ത ലൈബ്രറി കോർണറും... എല്ലാം കെ.സി.എ.ഇ.ടി.ക്ക് പറയാനുള്ള നിറം മങ്ങാത്ത ഓർമ്മകൾ മാത്രം.

നീറുന്ന മനസ്സിലേക്ക് ആശ്വാസത്തിന്റെ കുളിർക്കാറ്റ് കടന്നുവന്ന.....,ഇരുൾ നിറഞ്ഞ നിമിഷങ്ങളിൽ സ്നേഹത്തിന്റെ തൂവെളിച്ചം പകർന്നുതന്ന നല്ല സുഹൃത്തുക്കളെ ഈ മണിച്ചെപ്പിൽ കാത്തുവെക്കാത്തവരായി ആരാണ് ഉണ്ടാവുക?

കാലങ്ങൾ ഒരുപാട് കഴിയുമ്പോൾ, ഒരു നല്ല മുത്തുമാല കോർത്തെടുക്കുവാനായി നമുക്കും നല്ല സൗഹൃദങ്ങൾ ഉണ്ടാക്കാം. ഒരിക്കലും മായാത്ത ഒരു നല്ല ഓർമ്മകൾക്കായ്...



Younus A.
2013 Admn.
M.Tech

# ക്യാമ്പസുകൾ ആഘോഷമുഖരിതമാകുമ്പോൾ...

ക്യാമ്പസ്സ്, വിജ്ഞാന വിനിമയത്തിന്റെ കേവല നാമമല്ല. വിനാശത്തിന്റെ വിപ്ലവതീരങ്ങൾക്ക് തീറെഴുതികൊടുത്ത നനഞ്ഞ മണ്ണല്ല. വിവരസാങ്കേതിക വിദ്യകൊണ്ട് വികാര പ്രകടനം ഒരുക്കിയ കോൺക്രീറ്റ് ചതുരങ്ങളല്ല. വ്യാജഗർഭം അടിവയറ്റിലൊളിപ്പിച്ച് ഉത്തരവാദിത്വങ്ങളിൽ നിന്നും കുതറിച്ചാടുന്നവരുടെ ഒളിസങ്കേതമല്ല. വിവസ്ത്രയാക്കപ്പെട്ട സംസ്ക്കാരങ്ങൾക്ക് വിരുന്നൊരുക്കാനുള്ള വിനോദ വേദിയല്ല. അല്ലാ... ഇതൊന്നുമല്ല ക്യാമ്പസ്സ്. ക്യാമ്പസ്സ് തിരിച്ചറിവുകളുടെ മഹാലോകമാണ്. അതെ, ക്യാമ്പസ്സുകളാണ് തലമുറകൾക്ക് അറിവു പകർന്നത്... സൗഹൃദങ്ങളുടെ ആഴം പഠിപ്പിച്ചത്.... സഹിഷ്ണുതയുടെ അക്ഷരമോതിയത്... സഹവർത്തിത്വത്തിന്റെ ഉണർത്തുപാട്ടു പാടിയത്...

പക്ഷേ, ഇന്നത്തെ ക്യാമ്പസ്സ് തുണിയുരിഞ്ഞു നിൽക്കുന്നു, സമൂഹത്തിനു മുന്നിൽ, മാധ്യമങ്ങൾക്കു മുന്നിൽ, മുഖംപൊത്തി കരയുന്ന രക്ഷിതാക്കളുടെ ശാപവാക്കുകൾക്കു നടുവിൽ. എന്താണ് നമുക്ക് സംഭവിക്കുന്നത്? നമ്മളിൽ ചിലർ നമ്മുടെ സഹോദരിയുടെ ഉദരത്തിനു മീതെ ആഘോഷത്തിന്റെ രഥചക്രം ഉരുട്ടുകയായിരുന്നു.

നമ്മളെപോലെ സ്വപ്നങ്ങൾ ഉണ്ടായിരുന്നവൾ... പ്രതീക്ഷകളുടെ പുസ്തകങ്ങൾക്കു മുന്നിൽ ഉറക്കമൊഴിച്ചവൾ... കൊലയാളി ജീപ്പുമായി മരണത്തിലേക്ക് ടയർ ഉരുട്ടി നമ്മിലെ ചിലർ ചെകുത്താന്മാരായിരിക്കുന്നു. അഭ്രപാളിയിലെ നായകന്റെ ഒറ്റ കുപ്പായത്തിലെ എണ്ണക്കറുപ്പ് ഹൃദയങ്ങളിലേക്ക് ഏറ്റുവാങ്ങാൻ മാത്രം അവർ ശണഠീകരിക്കപ്പെട്ടിരിക്കുന്നു. വെള്ളിത്തിരയിലെ ക്യാമ്പസ്സ് പേക്കൂത്തുകൾ കണ്ണടച്ച് അനുകരിക്കാൻ മാത്രം അവരുടെ ചിന്തകൾ പണയപ്പെട്ടിരിക്കുന്നു. സംഗീതത്തിന്റെ ശബ്ദഘോഷങ്ങൾ അവരെ ബധിരരാക്കിയിരിക്കുന്നു.

അതെ, സിരകളിലോടുന്ന ലഹരി അവരുടെ ഓർമ്മകളെ കാർന്നു തിന്നിരിക്കുന്നു. അരുത്, അനുവദിക്കരുത് നമ്മൾ. ക്യാമ്പസ്സുകൾക്ക് ചരമഗീതം പാടാൻ നാം അനുവദിക്കരുത്, അവയ്ക്ക് കൂട്ടു നിൽക്കരുത്. നമ്മളാണ് അവരെ ഓർമ്മപ്പെടുത്തേണ്ടത്. സൗരഭ്യമാർന്ന ക്യാമ്പസ്സ് നിറം മങ്ങാതെ സൂക്ഷിക്കാൻ നാം ഓരോരുത്തരും ബാധ്യസ്ഥരാണ്. നന്മയുടെ, സമാധാനത്തിന്റെ, വിജ്ഞാനത്തിന്റെ, ഒപ്പം തിരിച്ചറിവിന്റെയും കേന്ദ്രമാവട്ടെ ഓരോ ക്യാമ്പസ്സും.

❑



**Athira Thankachan**
2013 Admn.
B.Tech Agrl. Engg.

# ഒരു മടക്കയാത്രയ്ക്കിടയിൽ...

"**ഞാ**ൻ കാണാൻ ആഗ്രഹിക്കുന്ന കാശ്മീർ പട്ടണത്തിന്റെ സ്മരണയ്ക്കായി, ആയിരങ്ങളുടെ കണ്ണീരും രക്തവും പുരണ്ട കാശ്മീർ മണ്ണിനായി, അനാഥമാക്കപ്പെട്ട കാശ്മീരിന്റെ മക്കൾക്കായ്... 'ഒരു മടക്കയാത്രയ്ക്കിടയിൽ' ഞാൻ സമർപ്പിക്കുന്നു.

അയാൾ പിന്നോട്ട് സഞ്ചരിക്കുന്ന വൃക്ഷങ്ങളെയും നോക്കി ട്രെയിനിന്റെ ജനൽ പാളിയിലൂടെ വിദൂരതയിലേക്ക് കണ്ണുംനട്ട് ഇരിക്കുകയാണ്. അയാളുടെ ശരീരം മാത്രമാണ് അവിടെയുള്ളത്. അയാൾ വിസ്മയലോകത്തെക്കുറിച്ച് ചിന്തിച്ചിരിക്കുകയാണ്. ആ നല്ല നിമിഷങ്ങളെയും അവളെയും ഓർക്കുമ്പോൾ അയാളുടെ മനസ്സും ശരീരവും കോരിത്തരിക്കുന്നുണ്ട്.

സൂര്യൻ ഭൂമിയുടെ ഉച്ചസ്ഥായിൽ എത്തിനിൽക്കുന്നു. എന്നിട്ടും മിഴിനീർതുള്ളിപോലെ ചിന്നിച്ചിതറി വീണുകൊണ്ടിരിക്കുകയാണ് മഞ്ഞുതുള്ളികൾ. മഞ്ഞിൽ പൊതിഞ്ഞ കാശ്മീരിൽ വഴിയോരങ്ങളിലേക്ക് ഒരു സവാരിക്കിറങ്ങിയതാണ് അയാൾ. "അരേ ഭയ്യാ രുക്കിയേ...'

പിന്നിൽനിന്ന് വിളികേട്ട് അയാൾ നിന്നു. തിരിഞ്ഞുനോക്കിയപ്പോൾ കണ്ടത് ഒരു കൊച്ചുകുട്ടി.

അയാൾ തന്നെ വിളിക്കാൻ ഉപയോഗിച്ച ഭാഷയും വസ്ത്രധാരണയും കാണുമ്പോൾ അവളൊരു കാശ്മീരി പെൺകുട്ടിയാണ് എന്നയാൾ മനസ്സിലാക്കി. അവളുടെ മിഴികൾ മിഴിനീർപ്പൂകൊണ്ട് ആവരണം ചെയ്തിട്ടുണ്ട്. അയാൾ അവളുടെ അരികിലേക്ക് നടന്നു. കണ്ണീരിന്റെ കാര്യം തിരക്കി. അവൾ തേങ്ങി 'പാനി' എന്ന രണ്ടക്ഷരം മൊഴിഞ്ഞു. അയാൾ അവളെ തന്റെ ഭവനത്തിലേക്ക് ക്ഷണിച്ചു. അവൾ അയാളോടൊപ്പം അയാളുടെ ഭവനത്തിലേക്ക് നടന്നു. അവൾക്ക് ഭക്ഷണവും വെള്ളവും കൊടുത്തു. അയാൾ അവളോടു ചോദിച്ചു. തുമാരാ ബാപ്കാ നാം?

അവൾ അതിനുത്തരം നൽകിയത് മിഴിനീർ പൊഴിക്കുന്ന കണ്ണുകളിലൂടെയാണ്. കണ്ണുകൾ തുടച്ച് അവൾ തന്റെ കദനകഥകൾ അയാൾക്കുമുന്നിൽ വിസ്തരിച്ചു. അമ്മയേയും അച്ഛനേയും ഒരാഴ്ചമുമ്പ് നടന്ന ഭീകരാക്രമണത്തിൽ അവൾക്ക് നഷ്ടപ്പെട്ടു. വീടില്ല, വഴിയോരത്ത് സ്ഫോടനത്തിന് ഇരയായവരെ പാർപ്പിച്ചിരിക്കുന്ന സ്ഥലത്താണ് അവൾ അന്തിയുറങ്ങുന്നത്. അയാൾ അവളുടെ തിളക്കമാർന്ന മിഴികളിലേക്ക് ഉറ്റ് നോക്കിക്കൊണ്ടിരുന്നു. ആ മായാരൂപം അവളിലൂടെ അയാൾ വീണ്ടും കണ്ടു.

അയാളുടെ ചുണ്ടുകൾ പതിയെ മന്ത്രിച്ചു.

'ചിന്നുമോൾ'...

അതെ പ്രായം, അതേ രൂപം, തന്റെ ചിന്നുവാണോ എന്നയാൾ സംശയിച്ചു. അവളെ നഷ്ടപ്പെട്ടിട്ട് 4 വർഷം കഴിഞ്ഞിരിക്കുന്നു. മായാതെ മങ്ങാതെ ആ മുഖം ഹൃദയത്തിന്റെ കോണിൽനിന്ന് മനസ്സിനെ നൊമ്പരപ്പെടുത്തിക്കൊണ്ടിരുന്നു.

അവൾ യാത്രചോദിച്ച് പോവാൻ ഭാവിച്ചു. അയാൾ തന്റെ അവിസ്മരണീയമായ ആ ലോകത്തുനിന്ന് തെന്നിമാറി. വീണ്ടും വരാൻ അവളോട് ആവശ്യപ്പെട്ടു. പിന്നീടുള്ള ദിവസങ്ങളിൽ അവൾ അയാളുടെ ജീവിതത്തിന്റെ ഭാഗമായി. എന്നും അവൾ അയാൾക്കരികിൽ ഓടിയെത്തും. തന്റെ മകളെപോലെ അയാൾ ആ കാശ്മീരി പെൺകുട്ടിയെ സ്നേഹിച്ചു. ചിന്നുവിന്റെ ഓർമ്മകൾക്ക് അവളിലൂടെ ജീവൻനൽകി. ചിന്നുവിന് 3 വയസ്സുള്ളപ്പോൾ പനി ബാധിച്ചു കിടപ്പായി. ആ പനി അവളുടെ ജീവനും കൊണ്ട് ദൂരെ മറഞ്ഞു. അയാളുടെ മിഴിനിറഞ്ഞു. ചിന്നുവിന്റെ അമ്മ തന്റെ ഭാര്യ, അയാൾ കണ്ണുകൾ അടച്ചു.

സർ, ടിക്കറ്റ് പ്ലീസ്...

അയാൾ ഞെട്ടി കണ്ണുകൾ തുറന്നു ദീർഘമായി ഒരു നിശ്വാസം പുറപ്പെടുവിച്ചുകൊണ്ട് ടിക്കറ്റ് കാണിച്ചു. ട്രെയിൻ പാലക്കാട് റെയിൽവേ സ്റ്റേഷനിലെത്തിയപ്പോൾ ധൃതിയിൽ ബാഗുമായി ട്രെയിനിൽനിന്നിറങ്ങി. അയാൾ ടാക്സി വിളിച്ച് വീട്ടിലേക്ക് തിരിച്ചു.

അയാളെയും പ്രതീക്ഷിച്ച് പൂമുഖത്ത് നിൽക്കുന്ന ഭാര്യ, അവളുടെ കണ്ണുകളുടെ തിളക്കം മങ്ങിയിരുന്നു. അധരങ്ങൾ വാടിയ പനിനീർപ്പൂക്കൾ പോലെയായിരിക്കുന്നു. ചിന്നു പോയതോടെ അവളുടെ തിളക്കവും സന്തോഷവും മങ്ങി. അയാൾ അവളെ കണ്ടപാടെ തന്നെ ആ കാശ്മീരി പെൺകുട്ടിയെക്കുറിച്ച് പറയാൻ മറന്നില്ല. ആ സ്ത്രീയുടെ ചുണ്ടുകൾ അറിയാതെ ചോദിച്ചു പോയി അവളെ ഇങ്ങോട്ട് കൂട്ടാമോ? നമ്മുടെ ചിന്നുവിനെപോലെ വളർത്താം നമുക്കവളെ. അയാൾ ഒന്ന് നെടുവീർപ്പിട്ടുകൊണ്ട് മൂളി.

മൂന്ന് മാസങ്ങൾക്ക് ശേഷം അയാൾ കാശ്മീരിലേക്ക് മടക്കയാത്രയ്ക്കുള്ള ട്രെയിൻ കയറി. അയാളുടെ മനസ്സ് ആ ബാലികയിലേക്ക് ഒഴുകി. അവളെ തന്റെ ഭാര്യയ്ക്ക് കൊടുക്കാനുള്ള സമ്മാനമായി കണ്ടു. അടുത്ത മടക്കയാത്രയിൽ അവളും തന്റെ കൂടെ. അയാൾ ആ മനോഹര നിമിഷങ്ങൾ സ്വപ്നം കണ്ടിരുന്നു. പെട്ടെന്ന് ട്രെയിൻ ഒന്ന് ഞെരങ്ങിനിന്നു.

എന്തുപറ്റി, അയാൾ അടുത്തിരുന്ന യാത്രക്കാരോട് കാര്യം തിരക്കി. കാശ്മീരിലെത്താൻ വെറും അരമണിക്കൂർ മാത്രമാണ് ശേഷിക്കുന്ന ദൂരം. സൂര്യൻ ഉദിച്ച് തുടങ്ങിയിരിക്കുന്നു. ആ ന്യൂസ്പേപ്പർ വിൽപ്പനക്കാരനിൽനിന്ന് അറിഞ്ഞ ന്യൂസ് യാത്രക്കാരൻ അയാൾക്ക് വെച്ചുനീട്ടി. അയാൾ എന്തെന്നറിയാതെ യാത്രക്കാരനെ നോക്കി. പിന്നെ അയാൾക്ക് നൽകപ്പെട്ട ചോദ്യത്തിനുത്തരമായ ന്യൂസ് പേപ്പറിലേക്കും നോക്കി. അയാളുടെ മിഴികൾ ഈറനണിഞ്ഞുപോയി. ആ മുഖം അതിലാണ് അയാളുടെ ദൃഷ്ടി ആദ്യ നോട്ടത്തിൽതന്നെ പതിഞ്ഞത്. താൻ സ്വപ്നം കണ്ട മടക്കയാത്ര, അയാൾ കണ്ണുകൾ അടച്ചു. അയാളുടെ കവിൾതടങ്ങളിൽ മിഴിനീർച്ചാലൊഴുകി. കാശ്മീരിൽ സ്ഫോടനപരമ്പര, ആയിരത്തിലധികം പേർ കൊല്ലപ്പെട്ടു. അതായിരുന്നു ഹെഡ് ലൈൻ. ഒപ്പം ചിത്രീകരണവും. അതിൽ ആ നിഷ്കളങ്കമായ പനിനീർപ്പൂവിന്റെ മുഖവും ഉണ്ടായിരുന്നു. തന്റെ യാത്ര... താൻ കണ്ട സ്വപ്നതുല്യമായ മടക്കയാത്ര... അതിനിതാ പരിസമാപനം കുറിച്ചിരിക്കുന്നു.

അയാളുടെ കണ്ണുനീർ ചാലിട്ടൊഴുകിക്കൊണ്ടിരുന്നു. ദൂരെ സൂര്യൻ ചക്രവാളത്തിൽ ഒന്നും കണ്ടില്ല എന്ന മട്ടിൽ ജ്വലിച്ചുകൊണ്ടിരുന്നു.


❑

*With Best Compliments From :*

A CENTRE OF EXCELLENCE IN
**ORTHO - NEURO REHABILITATION**

Ayurgreen
HAPPINESS IN HEALTHCARE
Ayurgreen Ayurveda Hospitals (Pvt) Ltd. Edapal, Kavilpadi, Malappuram, Kerala 679 582, India +91 494 3 055 555 www.ayurgreenhospitals.com





**Adarsh. S.S.**
2013 Admn.
B.Tech Agrl. Engg.

# ദയാവധം

മുറിയിലെ ഭീകരമായ ഏകാന്തത അന്നവൾ തിരിച്ചറിഞ്ഞു. മറ്റൊരിക്കലും അവൾ തിരിച്ചറിയാതെ പോയ മടുപ്പിക്കുന്ന ഏകാന്തത. നിമിഷങ്ങൾ കഴിയുന്തോറും അവൾ ആ നടുക്കത്തെ, ആ ഏകാന്തതയെ പ്രണയിക്കാൻ തുടങ്ങിയിരുന്നു. മുറിക്കകത്തെ ഭീകരത നിറഞ്ഞ ഏകാന്തതയിലേക്ക് പുറത്തെ തുറന്ന വിശാലതയിൽ നിന്നും ജനലഴിയിലൂടെ ഊർന്നു വന്ന നിലാവിനെ അവൾ അന്നറിഞ്ഞില്ല മനസ്സ് വെമ്പുകയായിരുന്നു. നാളെയുടെ പ്രതീക്ഷകളും ഇന്നലെയുടെ വേദനകളും ഇടകലർന്ന ഒരുതരം വെമ്പൽ. ഇന്നിതുവരെ കണ്ടിട്ടില്ലാത്ത പലതും ആ നിമിഷങ്ങളിൽ അവൾ സ്വപ്നം കണ്ടു. കാലം പഠിപ്പിച്ചതും അനുഭവങ്ങളിലൂടെ ആർജ്ജിച്ചതും ജീവിതം ഉപദേശിച്ചതുമെല്ലാം ശൂന്യമായി മാറിയ ഒരുതരം ഭ്രാന്തമായ അന്തരീക്ഷം. നാളെയെന്നത് തികച്ചും വികലവും വ്യർത്ഥവുമാണെന്ന് തോന്നിതുടങ്ങിയിരുന്നു. ജീവിതത്തിന് നിറം പകർന്നവരെയും അതിൽ തേനും വയമ്പും ചാലിച്ചവരെയും കൂടെ നിന്നു വഴി കാട്ടിയവരേയും അവൾ ആ നിമിഷങ്ങളിൽ മറന്നു പോയിരിക്കണം. അല്ലെങ്കിൽ അവൾ മറന്നതായി സ്വയം നടിച്ചിരിക്കണം. പകരം മുന്നിൽ കണ്ടത് മറക്കാൻ കൊതിച്ചതും ഓർക്കാൻ മടിച്ചതുമായ ഓർമ്മകൾ തന്നെയായിരിക്കും. ആ ഓർമ്മകൾ മരവിച്ചിരുന്ന കൈകാലുകളിലേയ്ക്ക് പ്രവഹിച്ചതും അവളറിയാതെ തന്നെ ശരീരം ചലിച്ചു. കാലം തനിക്കായ് വിരിച്ച പരവതാനിയിലൂടെ അവൾ മെല്ലെ നടക്കുകയായിരുന്നു. നാലു ചുവരുകളാൽ സ്വയം ബന്ധിച്ച ആ മുറിയിൽ മരവിച്ച മനസ്സുമായി അവളങ്ങനെ പലനിമിഷം നടന്നിരിക്കണം. പടിഞ്ഞാറു സൂര്യൻ മറഞ്ഞതും കുളിരുമായി ചന്ദ്രൻ വന്നതും അവൾ ശ്രദ്ധിച്ചില്ല. പകരം

നിലാവെളിച്ചം അരിച്ചിറങ്ങുന്ന ജനലഴികളെ അവയിൽ നിന്നും അകറ്റി അവൾ ജനവാതിൽ കൊട്ടിയടച്ചു. ആ വെളിച്ചത്തെ കാണാതെ നടിക്കുകയായിരുന്നു അവൾ.

മുറിയുടെ ഒത്ത നടുക്കിട്ടിരുന്ന കസേരയിൽ അവൾ കയറിനിന്നു. കുറച്ചു നിമിഷം താഴേക്കു നോക്കി നിന്നു. ജീവിതത്തിന്റെ ഉയർച്ചക്കും താഴ്ചക്കുമിടയിലെ അർത്ഥശൂന്യമായ ആ ഇടവേള അവൾ ആഗ്രഹിച്ചു, വളരെക്കാലമായ്. മുകളിലേക്കും താഴേയ്ക്കും അവൾ മാറി മാറി നോക്കി. ജീവിതത്തിന്റേയും മരണത്തിന്റേയും പ്രതിരൂപങ്ങൾ പോലെ അവ അവളെ തുറിച്ചുനോക്കി. ആ നോട്ടത്തിന്റെ അർത്ഥം അവൾ പൂർണ്ണമായി മനസ്സിലാക്കിയപ്പോഴേക്കും അവളുടെ കണ്ണിൽ നിന്നും കണ്ണീർത്തുള്ളികൾ നിലത്തേക്ക് പതിച്ചിരുന്നു. കണ്ണുകളടച്ച് തന്റെ ജീവിതത്തിന്റെ അർത്ഥം ഓർത്തെടുക്കാൻ ശ്രമിച്ചു. പക്ഷേ കഴിഞ്ഞില്ല. പകരം കണ്ടത് താൻ കാണാൻ മറന്ന സ്വപ്നങ്ങളുടെ ജീവനറ്റ ശരീരങ്ങൾ മാത്രം. അർത്ഥമില്ലാത്ത ജീവിതം പോലെ ആ ജീവിതം ബാക്കിവെച്ച ഉത്തരം കിട്ടാത്ത അനേകായിരം ചോദ്യ ചിഹ്നങ്ങളെ അവൾ കണ്ടില്ലെന്നു നടിച്ചു. അതിനുത്തരങ്ങൾ തേടുക എന്നത് അനശ്വരമായ ഏതോ വികാരവും. പുറത്തെ നിലാവിനെ മറച്ചുകൊണ്ട് കാർമേഘം ഇരുണ്ടു കൂടി.

കാലം തനിക്കൊരുക്കി വെച്ച ഇരുമ്പഴികൾക്കിടയിലൂടെ അവൾ തന്റെ പ്രാണനെ ഒരു നിമിഷം എത്തിനോക്കി. എന്നാൽ അപ്പോഴേക്കും അവളെയും ജീവിതത്തെയും ബന്ധിപ്പിച്ചിരുന്ന കസേര അവൾ സ്വയം തട്ടിമാറ്റി, അത് നിശബ്ദം നിലം പതിച്ചു. പ്രതീക്ഷകളുടെയും ആകാംക്ഷകളുടെയും ചങ്ങലക്കണ്ണികൾ അവളുടെ കഴുത്തിൽ മുറുകിത്തുടങ്ങി. അവളെ അത് ചുറ്റിപ്പിണഞ്ഞു. കഴുത്തിൽ വരിഞ്ഞു മുറുകി. കാലുകൾ പിടഞ്ഞു. അവ ജീവിതത്തിലേക്ക് എത്തുവാൻ കൊതിച്ചു. കൈകൾ അവളുടെ ഉടലിനോട് ചേർന്നു. ശരീരം മുഴുവനായ് ഒന്നു കുതറി. തന്റെ ജീവിതത്തിലെ അവസാനത്തെ പിരിമുറുക്കം അവൾ ഒരു പക്ഷേ ആശ്വസിച്ചിരിക്കാം, കാരണം അവൾ ശാശ്വതമായ പൂർണ്ണതയിലേക്കുള്ള യാത്രയിലായിരുന്നു. ശരീരത്തിലെ ചലനം മെല്ലെയായി. അവസാനമായി കാലുകൾ ഒന്നു മെല്ലെ കുതറി. അവളുടെ അവസാനത്തെ കണ്ണുനീർ നിലംപതിച്ചു. ശരീരം നിശ്ചലമായി. വലിയ നിശബ്ദത. അപ്പോഴും അവളുടെ കാലുകൾ ജീവിതത്തിലേക്ക് നോക്കുന്നുണ്ടായിരുന്നു. അവളുടെ കണ്ണുകൾ മുന്നിലുള്ളതിലെല്ലാം തുറിച്ചു നോക്കിക്കൊണ്ടിരുന്നു. പുറത്ത് ശക്തമായ മഴ പെയ്ത് തുടങ്ങിയിരുന്നു. എന്നാൽ ആ മഴ അവൾ അറിഞ്ഞിരുന്നില്ല.

ജീവിതത്തിലെ ശരിയും തെറ്റുകളുമെല്ലാം ആ നിമിഷത്തിൽ അലിഞ്ഞുപോയി. തന്റെ തീരുമാനങ്ങൾ തെറ്റെന്നു വാദിക്കാൻ അവകാശം ആർക്കുമില്ല എന്ന് അവൾ തന്റെ കണ്ണുകളാൽ പറയുന്നുണ്ടായിരുന്നു. കാലങ്ങളും കാരണങ്ങളും കാഴ്ചപ്പാടുകളും അവളുടെ മുന്നിൽ കത്തിവേഷം കെട്ടിയാടിയപ്പോൾ നമ്മൾ വെറും കാഴ്ചക്കാർ മാത്രമായിരുന്നു. പിന്നെ അതു ചികഞ്ഞ് നിരൂപണം നടത്താൻ ആർക്കാണധികാരം. ജീവിതമെന്നത് പൂർണ്ണതയിലെത്തുമ്പോഴാണ് അതിനർത്ഥമുണ്ടാകുന്നത്. പൂർണ്ണമായ ജീവിതം ഏവരുടേയും സ്വപ്നവും. ആ സ്വപ്നം സ്വയം ഉപേക്ഷിക്കുക എന്നത് ആത്മഹത്യയും. അവൾ ഒരു പക്ഷേ തന്റെ മരണത്തെ ശാശ്വതമായ പൂർണ്ണതയായി കണ്ടിരിക്കാം. ആ പൂർണ്ണത സ്വയം വരിക്കുക എന്നത് അതിഭീകരമായ തീരുമാനവും.

എന്നാൽ ഒന്നു മാത്രം സത്യം, സമൂഹത്തിലെ കത്തിവേഷങ്ങൾക്കിരയായ എണ്ണപ്പെട്ടതും എണ്ണപ്പെടാത്തതുമായ ഒരു പറ്റം ജന്മങ്ങളിൽ അവളും ഇന്നൊരാളായിരിക്കുന്നു. യാത്രപറയാതെ വിടവാങ്ങിയ സ്വന്തം കൂട്ടുകാരി, സഹോദരി, പ്രണയിനി അങ്ങനെ ആരൊക്കെയോ ആയിരുന്നു അവൾ.

ജീവിതം എന്നത് മരണത്തേക്കാൾ ഭയാനകമായ അവസ്ഥയാകുമ്പോഴാണ് മരണമെന്നത് ഒരനുഗ്രഹമായി മാറുന്നത്. ശരിക്കും ശാശ്വതമായ പൂർണ്ണത. അതിനെ അവൾ സ്വയം വരിക്കുകയായിരുന്നു. സ്വയം വിധിയെഴുതിയ ദയാവധം.

❑

*With Best Compliments From :*

**K.R.BAKES**

*Baked with love. Since 1969*

**Opp. KCAET, Tavanur**

Phone No. 9995922229
9947454958



# സ്നേഹപക്ഷി




**Drishya C.**
2014 Admn.
B.Tech Food. Engg.




**ജാ**നകി തന്റെ വീടിന്റെ ജനാലയിലൂടെ പുറത്തേക്കു നോക്കി. പുറത്ത് കോരിച്ചൊരിയുന്ന മഴ. അത് തന്റെ വീടിനെയും ഒലിച്ചുകൊണ്ട് പോകുന്നപോലെയാണ് പെയ്യുന്നത്. അമ്മ ഇനിയും എത്തിയിട്ടില്ല. അമ്മ തന്നെ വളർത്താനും പഠിപ്പിക്കാനും വേണ്ടിയാണ് പാടത്ത് പണിക്കുപോകുന്നത്.

അവൾ വീണ്ടും ജനാലയിലൂടെ പുറത്തേക്ക് നോക്കി. നേരം ഇരുട്ടിത്തുടങ്ങിയിരിക്കുന്നു. അവൾ ഭയന്നുവിറച്ചു. അമ്മയ്ക്ക് എന്തെങ്കിലും അപകടം പറ്റിക്കാണുമോ? അവൾ ഓടിച്ചെന്ന് അമ്മ തനിക്ക് സമ്മാനമായിത്തന്ന വാച്ചിലേക്ക് നോക്കി. തന്റെ അമ്മയുടെ അദ്ധ്വാനത്തിന്റെ ഫലം. അതിലേക്ക് നോക്കിനിൽക്കെ അമ്മയുടെ കണ്ണീരുണങ്ങിയ മുഖം അതിൽ തെളിഞ്ഞു വന്നു. അവളുടെ ഓർമ്മയിലേക്ക് ആ ദിവസം ഓടി വന്നു.

പത്താം ക്ലാസ്സ് പരീക്ഷയിൽ തന്റെ സ്ക്കൂളിൽ നിന്നും ഒന്നാം റാങ്ക് നേടിയ കുട്ടിയായിരുന്നു താൻ. സ്ക്കൂൾ അദ്ധ്യാപകരും സഹപാഠികളും അഭിനന്ദനങ്ങളുമായെത്തി. അന്ന് അമ്മയുടെ മുഖത്തുണ്ടായ സന്തോഷം എനിക്ക് മറക്കാനാവില്ല. അച്ഛൻ മരിച്ചതിൽ പിന്നെ അമ്മ അന്നാണ് ഹൃദയം തുറന്ന് ചിരിച്ചത്. കാണെ കാണെ അവളുടെ കണ്ണുനീർ വീണ് ആ കാഴ്ച മറച്ചുകളഞ്ഞു. അവൾ വീണ്ടും വാച്ചിലേക്ക് നോക്കി. നേരം വൈകുന്നു. അമ്മയെ എവിടെ പോയി അന്വേഷിക്കും? ആരോടു ചോദിക്കും? അവൾ വാതിൽ തുറന്ന് പുറത്തേക്കിറങ്ങി. ഇരുട്ടിന്റെ മറപറ്റി ആരോ ഒരാൾ വരമ്പിലൂടെ നടന്നുവരുന്നത് അവൾ കണ്ടു. അത് അമ്മതന്നെ. അവൾ മഴ വകവയ്ക്കാതെ മുറ്റത്തേക്കിറങ്ങി. ഓടിച്ചെന്ന് അമ്മയെ കെട്ടിപ്പിടിച്ചു. "അമ്മ എന്നെ ഒറ്റയ്ക്കാക്കി എവിടെ പോയതാ? ഞാനാകെ പേടിച്ചുപോയി. അമ്മ അവളെയുംകൊണ്ട് അകത്തേക്ക് പോയി. "അമ്മ ആകെ നനഞ്ഞിരിക്കുന്നുവല്ലോ?." "ഞാൻ ടൗണിൽ പോയതാ"- അമ്മ പറഞ്ഞു. "മഴയായതുകൊണ്ട് ബസ്സുകിട്ടാൻ വൈകി. നാളെ നിന്റെ പിറന്നാൾ അല്ലെ. നിനക്ക് ഒരു സ്വർണ്ണമാല വാങ്ങണമെന്നുണ്ടായിരുന്നു. അതു സാധിച്ചു.

അവൾ അമ്മ തന്ന പൊതിയിലേയ്ക്ക് നോക്കി. ചില്ലറത്തുട്ടുകൾ കൂട്ടിവെച്ചു വീണ്ടും അമ്മ തനിക്ക് തന്ന സമ്മാനം... അവളുടെ കണ്ണുകൾ നിറഞ്ഞു. അമ്മ അവളെ ചേർത്തണച്ചു. അമ്മയുടെ കണ്ണുകളിലേക്ക് നോക്കിയപ്പോൾ അവിടെനിന്നും വീണ്ടും സ്നേഹത്തിന്റെ നീർമുത്തുകൾ പൊഴിഞ്ഞുകൊണ്ടിരുന്നു. ❑

# PRIVILEGE TO DREAM



**Anila P.**
2014 Admn.
B.Tech Agrl. Engg.

*My wings are ready to fly*
*From the safest place of the world*
*Fly away from my mother*
*To my dreams, far far away.*

*But a lot of dreams are around me.*
*A lot of ways around me*
*The ways leading to dreams of some*
*Not of me, but of someone else*

*I want to fly to my dreams.*
*Through the forests with lot of flowers,*
*Lot of stars, having lot of Joy, Joy only.*

*But circumstances, I took the other way,*
*Flight through the grave.*
*with a lot of delirish view*
*with a lot of horror*
*with a lot of pain.*

*Dreams are the privilege of courage,*
*Courage only...*
*Courage to decide*
*Courage to resist*
*Courage to face obstacles*
*Courage to dream*

ആർട്സ് ഫെസ്റ്റ് കണ്ടും കൊണ്ടും കൊടുത്തും നേടിയ അനുഭവമുള്ള ഞാൻ ഇത്ര ചെറിയ ക്യാംപസിൽ എന്ത് നടക്കും എന്ന് അതിശയിച്ചു. എന്നാൽ അതുവരെ കണ്ടതല്ല കെ.സി.എ.ഇ.ടി. എന്ന് അപ്പോഴറിഞ്ഞു. മൂന്ന് രാവുകളും പകലുകളും കെ.സി.എ.ഇ.ടി. ഒന്നാകെ എല്ലാം മറന്ന് ഇഴുകിച്ചേർന്ന ആ ദിവസങ്ങൾ. പിന്നീടൊരിക്കലും ആർട്സ് അത്ര ആസ്വദിച്ചിട്ടില്ല. അതുവരെ അകലെയായി രുന്ന സീനിയേഴ്സ് അന്ന് അടുത്തെത്തി. ഇന്ന് തിരിഞ്ഞു നോക്കുമ്പോൾ കെ.സി.എ.ഇ.ടിയിലെ സ്റ്റേജുകൾ തന്ന ആത്മവിശ്വാസവും സ്വാതന്ത്ര്യവും മറ്റൊരിടത്തും കിട്ടിയിട്ടില്ല ഇനി കിട്ടുകയുമില്ല എന്ന് തോന്നുന്നു.

പിന്നെ തിരക്കേറിയ ക്ലാസ്സുകളുടെ ദിനങ്ങൾ. രാവുകൾ പകലാക്കി വരച്ചു തീർത്തു ഡ്രോയിംഗ് ഷീറ്റുകൽ, വെയിലും മഴയും ഇരുട്ടും ഒന്നും വക വയ്ക്കാതെ മുന്നേറിയ സർവ്വേയിംഗ് ആന്റ് ലെവലിംഗ് പ്രാക്റ്റിക്കൽ ക്ലാസ്സുകൾ. എല്ലാം ഇന്നോർക്കുമ്പോൾ രസമുള്ളതാണ്. പക്ഷേ അന്ന് ആത്മാർത്ഥമായി ആഗ്രഹിച്ചിട്ടുണ്ട് ദൈവമേ, ശത്രുക്കൾക്കുപോലും ഈ ഗതി വരുത്തരുതേ എന്ന്.

ഇതിനിടയിൽ വിട്ടു പോയൊരു പ്രധാനസംഗതിയുണ്ട്. ഫ്രഷേഴ്സ് ഡേ. കെ.സി.എ.ഇ.ടിയുടെ താളുകളിൽ ഞങ്ങളെ എഴുതിച്ചേർത്ത ആ ദിനം വാക്കുകളിൽ ഒതുങ്ങുന്നതല്ല. ഇടയ്ക്ക് ഒന്നു രണ്ടുപേർ കൊഴിഞ്ഞുപോയി. പുതുതായി ചിലർ വന്നു. അങ്ങനെ ഞങ്ങൾ 60 പേർ. നിറമുള്ളതും നിറമില്ലാത്തതുമായ കുറേ ഓർമ്മകൾ. ഇതിനിടയിൽ പലപ്പോഴും മനസ്സു മടുത്തുപോയ ചില നിമിഷങ്ങൾകൂടി കടന്നു പോയിട്ടുണ്ട്. ഇവിടെ എനിയ്ക്കു പറ്റിയ ഒരു അബദ്ധമാണോ എന്ന് കൂടി ചിന്തിപ്പിച്ച ചില സന്ദർഭങ്ങൾ. പക്ഷേ ഇന്നോർക്കുമ്പോൾ അതെല്ലാം മുന്നോട്ടുള്ള ജീവിതം കരുപ്പിടിപ്പിക്കാൻ വേണ്ട പ്രാപ്തി തരുന്നു എന്ന് തോന്നുന്നു.

കഴിഞ്ഞു പോയ മൂന്ന് വർഷങ്ങൾ ഒരുപാട് ആഘോഷങ്ങളുടേതുകൂടിയായിരുന്നു. ആളും ബഹളവും ഒന്നും തീരെ ഇഷ്ടമല്ലാത്ത ബന്ധുക്കളുടെ പോലും വിവാഹങ്ങൾക്കും ആഘോഷങ്ങൾക്കും പങ്കെടുക്കാൻ താൽപര്യമില്ലാതിരുന്ന ഞാൻ മനസ്സു നിറഞ്ഞു പങ്കെടുത്ത ബാച്ച് മേറ്റ്സിന്റെ കല്ല്യാണങ്ങൾ, ഇവിടുത്തെ ഓണവും, പുതുവർഷാഘോഷവുമെല്ലാം. ഇതിനൊന്നും പകരംവയ്ക്കാൻ മറ്റൊന്നിനുമാകില്ല. ഇവിടുത്തെ ആദ്യത്തെ സ്വാതന്ത്ര്യ ദിനാഘോഷത്തിൽ ശിവസ്വാമി സാറിന്റെ നെടുനീളൻ പ്രസംഗം കേട്ട് പേടിച്ച് പിന്നീടുള്ള സ്വാതന്ത്ര്യദിനം റിപബ്ലിക് ദിനം ഇതിൽ നിന്നെല്ലാം മുങ്ങുന്ന പതിവ് തമാശയാണ്. സ്വാതന്ത്ര്യം കിട്ടേണ്ടിയിരുന്നില്ല എന്നാണ് അന്ന് ഞങ്ങൾ പരസ്പരം പറഞ്ഞത്.

ക്ലാസ്സുകളിൽ മണിക്കൂറുകളോളം ബോറടിച്ചിരിക്കുന്നതും അതിനിടയിലെ തമാശകളും എല്ലാം ജീവിതത്തിൽ ഇനിയൊരിക്കലും ഉണ്ടാകാൻ പോകുന്നില്ല. പിന്നെ ആദ്യവർഷം മുതൽ അവസാന വർഷം വരെ പഠിപ്പിക്കാൻ വന്ന കുറെയേറെ അതിഥിതാരങ്ങൾ! അവരുടെ ക്ലാസ്സുകളിൽ ഒപ്പിച്ചിരുന്ന കുസൃതികൾ. പിന്നെ ചേച്ചിയെന്നും ചേട്ടനെന്നും വിളിച്ചു നടന്നവർ പെട്ടെന്നൊരു ദിനം ടീച്ചർമാരായി മുന്നിൽ നിൽക്കുമ്പോഴുണ്ടാകുന്ന പേരറിയാത്തൊരു വികാരം അതായിരുന്നു ഇവിടുത്തെ ഏറ്റവും കഷ്ടപ്പാടുള്ള പാഠം. ഇനിയും ഓർമ്മയിൽ നിൽക്കുമെന്ന് തോന്നുന്ന ഒരു കാര്യം 6-ാം സെമസ്റ്ററിലെ ഞങ്ങളുടെ സിസ്റ്റംസ് എഞ്ചിനീയറിംഗ് ഇലക്റ്റീവ് ക്ലാസ്സും പരീക്ഷയും ആ കോഴ്സ് എടുത്ത ശിവജി സാറുമാണ്. വ്യത്യസ്തനായ ശിവജി സാറിനെ തിരിച്ചറിയാൻ ഞങ്ങൾ വൈകിപ്പോയി! അതുപോലെ തന്നെ സാറിന്റെ കൊയ്ത്ത് - മെതി പ്രാക്ടിക്കൽ മറക്കാനാകാത്ത മറ്റൊരനുഭവമാണ്. ജീവിതത്തിൽ ഇന്നുവരെ കിട്ടാത്തതും ഇനിയുണ്ടാകാൻ സാധ്യതയില്ലാത്തതുമായ ഒന്നായിരുന്നു അത്. പാടത്ത് വിളഞ്ഞ കതിരിനുമേൽ മഴ വീഴുമ്പോഴുള്ള കർഷകന്റെ ആശങ്ക അതുവരെ പറഞ്ഞു കേട്ടും വായിച്ചറിഞ്ഞുമുള്ള ഒന്നായിരുന്നെങ്കിൽ അന്നത്തെ ആ ക്ലാസ്സ് മുതൽ ഞങ്ങൾക്കത് ജീവിതാനുഭവമാണ്.

പുസ്തകങ്ങൾക്കപ്പുറത്തേക്ക് വളരാനും അറിയാനും പഠിപ്പിച്ച കുറേ നല്ല അദ്ധ്യാപകരാണ് കെ.സി.എ.ഇ.ടി.യുടെ സമ്പത്ത്. അവരേക്കുറിച്ചു പറയുമ്പോൾ വേദന നിറയുന്നൊരോർമ്മയാണ് ലെവൻ സാർ. സൗമ്യനും ശാന്തശീലനുമായി സദാ ഒരു പുഞ്ചിരിയോടെ നടന്നു പോകുന്ന ആ വലിയ മനുഷ്യൻ ഒരത്ഭുതമായിരുന്നു. ഏതു സാഹചര്യത്തെയും അപാരമായ ക്ഷമയോടെ കൈകാര്യം ചെയ്തിരുന്ന ആ വ്യക്തിത്വം ക്യാംപസ് വിട്ടു പോയപ്പോൾ തന്നെ വിഷമമുണ്ടായിരുന്നു. പക്ഷേ എന്നെന്നേക്കുമായി നമ്മളെ വിട്ടു പിരിഞ്ഞു പോയി എന്ന സത്യത്തെ അംഗീകരിക്കാൻ മനസ്സു മടിക്കുന്നു. ഒരാൾക്കെങ്കിലും ജീവൻ തിരികെ നൽകാൻ സാധിച്ചിരുന്നെങ്കിൽ തീർച്ചയായും അത് അദ്ദേഹത്തിന് നൽകാനാണ് ഞാൻ ആഗ്രഹിക്കുന്നത്. പലപ്പോഴും ഞാൻ പോലും ശ്രദ്ധിക്കാത്ത ചില കാര്യങ്ങൾ പറഞ്ഞും പ്രോത്സാഹിപ്പിച്ചും വിസ്മയിപ്പിച്ചിട്ടുണ്ട് സാർ. ഇടയ്ക്ക് മുടങ്ങിപ്പോയ എഴുത്തും വായനാശീലവും എല്ലാം തിരികെപ്പിടിയ്ക്കാൻ പ്രചോദിപ്പിച്ചതും അദ്ദേഹമായിരുന്നു.

ഓർമ്മകൾ എഴുതിയാൽ പേജുകൾ തികയാതെവരും, എഴുതാൻ വാക്കുകളും. എങ്കിലും കടന്നുപോയ വർഷങ്ങൾ, അവ കഴിഞ്ഞു എന്ന് തോന്നുന്നില്ല. അതുപോലെ തന്നെ ഇവിടം തന്നെ പകരം വയ്ക്കാൻ മറ്റൊന്നില്ലാത്ത ചില മധുരങ്ങൾ, കൊച്ചു നൊമ്പരങ്ങൾ. എല്ലാത്തിനും മേലെ കെ.സി.എ.ഇ.ടി. എന്ന കുടുംബം. നാലു വർഷം പഠനം പൂർത്തിയാക്കി പടിയിറങ്ങി പോകുമ്പോൾ അവശേഷിപ്പിച്ചു പോകുന്ന, തിരികെ ഒരിക്കൽ കൂടി വരണമെന്നു തോന്നിപ്പിക്കുന്ന എന്തോ ഒരാത്മബന്ധം, പ്രിയപ്പെട്ട ചിലത്, കൂട്ടുകാർ, അദ്ധ്യാപകർ ഇതൊക്കെയാണ് ഞാൻ നേടിയത്. പകരം നൽകാൻ മറ്റൊന്നും കയ്യിലില്ല. കവി പാടിയതുപോലെ ഓർമ്മിക്കുവാൻ ഞാൻ നിനക്കെന്തു നൽകണം, ഓർമ്മിക്കണം എന്ന വാക്കു മാത്രം, അതെ ആ ഓർമ്മകൾ മാത്രമാണ് അവശേഷിക്കുന്നത്. ❑

ആർട്സ് ഫെസ്റ്റ് കണ്ടും കൊണ്ടും കൊടുത്തും നേടിയ അനുഭവമുള്ള ഞാൻ ഇത്ര ചെറിയ ക്യാംപസിൽ എന്ത് നടക്കും എന്ന് അതിശയിച്ചു. എന്നാൽ അതുവരെ കണ്ടതല്ല കെ.സി.എ.ഇ.ടി. എന്ന് അപ്പോഴറിഞ്ഞു. മൂന്ന് രാവുകളും പകലുകളും കെ.സി.എ.ഇ.ടി. ഒന്നാകെ എല്ലാം മറന്ന് ഇഴുകിച്ചേർന്ന ആ ദിവസങ്ങൾ. പിന്നീടൊരിക്കലും ആർട്സ് അത്ര ആസ്വദിച്ചിട്ടില്ല. അതുവരെ അകലെയായിരുന്ന സീനിയേഴ്സ് അന്ന് അടുത്തെത്തി. ഇന്ന് തിരിഞ്ഞു നോക്കുമ്പോൾ കെ.സി.എ.ഇ.ടി.യിലെ സ്റ്റേജുകൾ തന്ന ആത്മവിശ്വാസവും സ്വാതന്ത്ര്യവും മറ്റൊരിടത്തും കിട്ടിയിട്ടില്ല ഇനി കിട്ടുകയുമില്ല എന്ന് തോന്നുന്നു.

പിന്നെ തിരക്കേറിയ ക്ലാസ്സുകളുടെ ദിനങ്ങൾ. രാവുകൾ പകലാക്കി വരച്ചു തീർത്തു ഡ്രോയിംഗ് ഷീറ്റുകൾ, വെയിലും മഴയും ഇരുട്ടും ഒന്നും വക വയ്ക്കാതെ മുന്നേറിയ സർവ്വേയിംഗ് ആന്റ് ലെവലിംഗ് പ്രാക്റ്റിക്കൽ ക്ലാസ്സുകൾ. എല്ലാം ഇന്നോർക്കുമ്പോൾ രസമുള്ളതാണ്. പക്ഷേ അന്ന് ആത്മാർത്ഥമായി ആഗ്രഹിച്ചിട്ടുണ്ട് ദൈവമേ, ശത്രുക്കൾക്കുപോലും ഈ ഗതി വരുത്തരുതേ എന്ന്.

ഇതിനിടയിൽ വിട്ടു പോയൊരു പ്രധാനസംഗതിയുണ്ട്. ഫ്രഷേഴ്സ് ഡേ. കെ.സി.എ.ഇ.ടി.യുടെ താളുകളിൽ ഞങ്ങളെ എഴുതിച്ചേർത്ത ആ ദിനം വാക്കുകളിൽ ഒതുങ്ങുന്നതല്ല. ഇടയ്ക്ക് ഒന്നു രണ്ടുപേർ കൊഴിഞ്ഞുപോയി. പുതുതായി ചിലർ വന്നു. അങ്ങനെ ഞങ്ങൾ 60 പേർ. നിറമുള്ളതും നിറമില്ലാത്തതുമായ കുറേ ഓർമ്മകൾ. ഇതിനിടയിൽ പലപ്പോഴും മനസ്സു മടുത്തുപോയ ചില നിമിഷങ്ങൾകൂടി കടന്നു പോയിട്ടുണ്ട്. ഇവിടെ എനിയ്ക്കു പറ്റിയ ഒരു അബദ്ധമാണോ എന്ന് കൂടി ചിന്തിപ്പിച്ച ചില സന്ദർഭങ്ങൾ. പക്ഷേ ഇന്നോർക്കുമ്പോൾ അതെല്ലാം മുന്നോട്ടുള്ള ജീവിതം കരുപ്പിടിപ്പിക്കാൻ വേണ്ട പ്രാപ്തി തരുന്നു എന്ന് തോന്നുന്നു.

കഴിഞ്ഞു പോയ മൂന്ന് വർഷങ്ങൾ ഒരുപാട് ആഘോഷങ്ങളുടേതുകൂടിയായിരുന്നു. ആളും ബഹളവും ഒന്നും തീരെ ഇഷ്ടമല്ലാത്ത ബന്ധുക്കളുടെ പോലും വിവാഹങ്ങൾക്കും ആഘോഷങ്ങൾക്കും പങ്കെടുക്കാൻ താൽപര്യമില്ലാതിരുന്ന ഞാൻ മനസ്സു നിറഞ്ഞു പങ്കെടുത്ത ബാച്ച് മേറ്റ്സിന്റെ കല്ല്യാണങ്ങൾ, ഇവിടുത്തെ ഓണവും, പുതുവർഷാഘോഷവുമെല്ലാം. ഇതിനൊന്നും പകരംവയ്ക്കാൻ മറ്റൊന്നിനുമാകില്ല. ഇവിടുത്തെ ആദ്യത്തെ സ്വാതന്ത്ര്യദിനാഘോഷത്തിൽ ശിവസ്വാമി സാറിന്റെ നെടുനീളൻ പ്രസംഗം കേട്ട് പേടിച്ച് പിന്നീടുള്ള സ്വാതന്ത്ര്യദിനം റിപബ്ലിക് ദിനം ഇതിൽ നിന്നെല്ലാം മുങ്ങുന്ന പതിവ് തമാശയാണ്. സ്വാതന്ത്ര്യം കിട്ടേണ്ടിയിരുന്നില്ല എന്നാണ് അന്ന് ഞങ്ങൾ പരസ്പരം പറഞ്ഞത്.

ക്ലാസ്സുകളിൽ മണിക്കൂറുകളോളം ബോറടിച്ചിരിക്കുന്നതും അതിനിടയിലെ തമാശകളും എല്ലാം ജീവിതത്തിൽ ഇനിയൊരിക്കലും ഉണ്ടാകാൻ പോകുന്നില്ല. പിന്നെ ആദ്യ വർഷം മുതൽ അവസാന വർഷം വരെ പഠിപ്പിക്കാൻ വന്ന കുറെയേറെ അതിഥിതാരങ്ങൾ! അവരുടെ ക്ലാസ്സുകളിൽ ഒപ്പിച്ചിരുന്ന കുസൃതികൾ. പിന്നെ ചേച്ചിയെന്നും ചേട്ടനെന്നും വിളിച്ചു നടന്നവർ പെട്ടെന്നൊരു ദിനം ടീച്ചർമാരായി മുന്നിൽ നിൽക്കുമ്പോഴുണ്ടാകുന്ന പേരറിയാത്തൊരു വികാരം അതായിരുന്നു ഇവിടുത്തെ ഏറ്റവും കഷ്ടപ്പാടുള്ള പാഠം. ഇനിയും ഓർമ്മയിൽ നിൽക്കുമെന്ന് തോന്നുന്ന ഒരു കാര്യം 6-ാം സെമസ്റ്ററിലെ ഞങ്ങളുടെ സിസ്റ്റംസ് എഞ്ചിനീയറിംഗ് ഇലക്റ്റീവ് ക്ലാസ്സും പരീക്ഷയും ആ കോഴ്സ് എടുത്ത ശിവജി സാറുമാണ്. വ്യത്യസ്തനായ ശിവജി സാറിനെ തിരിച്ചറിയാൻ ഞങ്ങൾ വൈകിപ്പോയി! അതുപോലെ തന്നെ സാറിന്റെ കൊയ്ത്ത് - മെതി പ്രാക്ടിക്കൽ മറക്കാനാകാത്ത മറ്റൊരനുഭവമാണ്. ജീവിതത്തിൽ ഇന്നുവരെ കിട്ടാത്തതും ഇനിയുണ്ടാകാൻ സാധ്യതയില്ലാത്തതുമായ ഒന്നായിരുന്നു അത്. പാടത്ത് വിളഞ്ഞ കതിരിനുമേൽ മഴ വീഴുമ്പോഴുള്ള കർഷകന്റെ ആശങ്ക അതുവരെ പറഞ്ഞു കേട്ടും വായിച്ചറിഞ്ഞുമുള്ള ഒന്നായിരുന്നെങ്കിൽ അന്നത്തെ ആ ക്ലാസ്സ് മുതൽ ഞങ്ങൾക്കത് ജീവിതാനുഭവമാണ്.

പുസ്തകങ്ങൾക്കപ്പുറത്തേക്ക് വളരാനും അറിയാനും പഠിപ്പിച്ച കുറേ നല്ല അദ്ധ്യാപകരാണ് കെ.സി.എ.ഇ.ടി.യുടെ സമ്പത്ത്. അവരേക്കുറിച്ചു പറയുമ്പോൾ വേദന നിറയുന്നൊരോർമ്മയാണ് ലെവൻ സാർ. സൗമ്യനും ശാന്തശീലനുമായി സദാ ഒരു പുഞ്ചിരിയോടെ നടന്നുപോകുന്ന ആ വലിയ മനുഷ്യൻ ഒരത്ഭുതമായിരുന്നു. ഏതു സാഹചര്യത്തെയും അപാരമായ ക്ഷമയോടെ കൈകാര്യം ചെയ്തിരുന്ന ആ വ്യക്തിത്വം ക്യാംപസ് വിട്ടു പോയപ്പോൾ തന്നെ വിഷമമുണ്ടായിരുന്നു. പക്ഷേ എന്നെന്നേക്കുമായി നമ്മളെ വിട്ടു പിരിഞ്ഞു പോയി എന്ന സത്യത്തെ അംഗീകരിക്കാൻ മനസ്സു മടിക്കുന്നു. ഒരാൾക്കെങ്കിലും ജീവൻ തിരികെ നൽകാൻ സാധിച്ചിരുന്നെങ്കിൽ തീർച്ചയായും അത് അദ്ദേഹത്തിന് നൽകാനാണ് ഞാൻ ആഗ്രഹിക്കുന്നത്. പലപ്പോഴും ഞാൻ പോലും ശ്രദ്ധിക്കാത്ത ചില കാര്യങ്ങൾ പറഞ്ഞും പ്രോത്സാഹിപ്പിച്ചും വിസ്മയിപ്പിച്ചിട്ടുണ്ട് സാർ. ഇടയ്ക്ക് മുടങ്ങിപ്പോയ എഴുത്തും വായനാശീലവും എല്ലാം തിരികെപ്പിടിയ്ക്കാൻ പ്രചോദിപ്പിച്ചതും അദ്ദേഹമായിരുന്നു.

ഓർമ്മകൾ എഴുതിയാൽ പേജുകൾ തികയാതെവരും, എഴുതാൻ വാക്കുകളും. എങ്കിലും കടന്നുപോയ വർഷങ്ങൾ, അവ കഴിഞ്ഞു എന്ന് തോന്നുന്നില്ല. അതുപോലെ തന്നെ ഇവിടം തന്നെ പകരം വയ്ക്കാൻ മറ്റൊന്നില്ലാത്ത ചില മധുരങ്ങൾ, കൊച്ചു നൊമ്പരങ്ങൾ. എല്ലാത്തിനും മേലെ കെ.സി.എ.ഇ.ടി. എന്ന കുടുംബം. നാലു വർഷം പഠനം പൂർത്തിയാക്കി പടിയിറങ്ങി പോകുമ്പോൾ അവശേഷിപ്പിച്ചു പോകുന്ന, തിരികെ ഒരിക്കൽ കൂടി വരണമെന്നു തോന്നിപ്പിക്കുന്ന എന്തോ ഒരാത്മബന്ധം, പ്രിയപ്പെട്ട ചിലത്, കൂട്ടുകാർ, അദ്ധ്യാപകർ ഇതൊക്കെയാണ് ഞാൻ നേടിയത്. പകരം നൽകാൻ മറ്റൊന്നും കയ്യിലില്ല. കവി പാടിയതുപോലെ ഓർമ്മിക്കുവാൻ ഞാൻ നിനക്കെന്തു നൽകണം, ഓർമ്മിക്കണം എന്ന വാക്കു മാത്രം, അതെ ആ ഓർമ്മകൾ മാത്രമാണ് അവശേഷിക്കുന്നത്. ❑



# ശോഹത്യ



**Megha A. S.**
2014 Admn.
B.Tech Agrl. Engg.

അക്കൊല്ലത്തെ ക്രിസ്തുമസ് ദീപാലങ്കാരങ്ങളും ആഘോഷങ്ങളും ആഴ്ചകൾക്കു മുമ്പേ തുടങ്ങി. അച്ഛന്റെ ഓഫീസിനടിയിലുള്ള കടയിൽ നിന്നും വാങ്ങിയ നീല കലർന്ന വെള്ള നിറമുള്ള സ്റ്റാറിനകത്ത് ബൾബിട്ട് സങ്കല്പ ത്തിലെ ഉണ്ണിയേശുവിന്റെ പിറവിയുടെ സൂചന നക്ഷത്രം പോലെ തോന്നിയതു മുതൽ ക്രിസ്തുമസ് ആഘോഷ ങ്ങൾക്കു തുടക്കമായി. ഉത്സാഹപൂർവ്വം പഠിപ്പും, പരീക്ഷയും, സ്ക്കൂൾ പൂട്ടലും ആഘോഷിച്ചു കടന്നുപോയത് പുതു വത്സരത്തെ വരവേൽക്കാനായിരുന്നു. പുതുവത്സരത്ത ലേന്ന് മരം കോച്ചുന്ന തണുപ്പൻ പ്രഭാതത്തിൽ പതിവു പോലെ വീട്ടിലെ സാധാരണ ജോലികൾ കഴിച്ചു അച്ഛൻ ഓഫീസിൽ പോയി. എന്റെ പ്രാതലും വിശ്രമവും കഴിഞ്ഞ്, ഉച്ചയോടെ എന്തോ ഒരു ആപത്തു സംഭവിച്ച കരച്ചിൽ അയൽവീടുകളിൽ നിന്ന് വടക്കേലെ വിമലമ്മായീടെ വീട്ടി ലേക്ക് ആളുകൾ ഓടുന്നുണ്ടായിരുന്നു. ഞാൻ മുമ്പു കാണാത്തവിധം എല്ലാവരും വിഷമത്തിലും ഉത്കണ്ഠയി ലുമായിരുന്നു എന്ന് മാത്രം മനസ്സിലായി. ഞാനും ഉണ്ണിയും വടക്കേ വേലിയരികത്തു നിന്ന് നോക്കി - തീയും പുകയും കണ്ടു, കൂടാതെ പച്ച ഹോസ് പൈപ്പിട്ട് വെള്ളം അടിക്കുന്നുണ്ടായിരുന്നു. കുറച്ച് കഴിഞ്ഞ് അമ്മ തിരിച്ചു വന്ന് കരഞ്ഞുകൊണ്ട് പറഞ്ഞു വിമലമ്മായിയും അച്ചാ ഛനും മരിച്ചുവെന്ന്. ഞാൻ അമ്മയെ നോക്കി - സ്വയം തീയിട്ടാണ് ആത്മഹത്യ ചെയ്തത് അമ്മ പറഞ്ഞു. അസ ഹനീയമായ വിഷമത്തോടെയും സങ്കടത്തോടെയും ഞാൻ ചോദിച്ചു - എന്തിനാ...

വിമല അമ്മായിക്ക് അതൊന്നും അറിയില്ലല്ലോ. അച്ചാഛനാണ് അതു ചെയ്തത്. അപ്പോഴേക്കും ആരോ അറിയിച്ചതനുസരിച്ച് അച്ഛനും എത്തി. ഞങ്ങളോട് അകത്തിരിക്കാൻ പറഞ്ഞ് അങ്ങോട്ടു പോയി. അപ്പോഴേക്കും അവിടെ പോലീസ് വണ്ടികളും ആംബുലൻസും വിവരം അറിഞ്ഞെത്തിയ നാട്ടുകാരെയും കൊണ്ട് പ്രദേശം നിറഞ്ഞിരുന്നു.

പിന്നെ രണ്ടു മണിക്കൂറിലധികം കഴിഞ്ഞാണ് അച്ഛൻ തിരിച്ചെത്തിയത്. ആംബുലൻസിൽ കയറ്റി പോസ്റ്റുമാർട്ടത്തിനായി രണ്ടു പേരേയും കൊണ്ടുപോയി എന്നും പറഞ്ഞു. അച്ഛൻ കൂട്ടത്തിൽ പറഞ്ഞു ഒന്ന് ആത്മഹത്യ, മറ്റേത് കൊലയല്ലേ? ദയാഹത്യ! പിന്നെ ഒന്നും പറഞ്ഞില്ല.



ഞാനോർത്തു, അവിടെയുള്ള അമ്മാമ്മ, വിമലമ്മായിയുടെ അമ്മ മരിച്ചതിനുശേഷം 78-ാം വയസ്സിൽ അച്ചാഛൻ കണ്ടെത്തിയ 33 വയസ്സുള്ള ശാരീരിക പരിമിതികളുള്ള വധുവാണ്. അവർക്കു വീട്ടിലെ കാര്യങ്ങൾക്കു പുറത്തു പോകേണ്ടതുള്ളപ്പോൾ അയൽ വാസികളായി വേറെ പലരും ഉണ്ടെങ്കിലും ഞങ്ങളോടൊപ്പം നിർത്തുകയാണ് പതിവ്. അച്ഛൻ വാങ്ങിയ നായക്കുട്ടിയെ ഗോർബി എന്നു പേരിട്ടാണ് വിളിച്ചത്. ഗോർബി യജമാനന്റെ കുട്ടികൾ എന്ന നിലയ്ക്ക് ഞങ്ങളെ (എന്നെയും ഉണ്ണിയേയും) ആരും തൊടാനോ ഇടപഴകാനോ അനുവദിച്ചിരുന്നില്ല. പക്ഷേ വിമലമ്മായിക്ക് ഞങ്ങളുമായി എങ്ങനെ വേണമെങ്കിലും ഇടപെടാം. അവന് നിരപരാധിയായ അമ്മായിയെ അറിയാം. വിശ്വാസവുമാണ്. ഗോർബച്ചോവിനെപോലെയല്ല അവൻ. മൂന്നു വയസ്സുള്ള കുട്ടികളെപോലെയാണ് അമ്മായി. ബുദ്ധിയും സംസാരശേഷിയുമില്ല. ചിരിച്ചുകൊണ്ടാണ് അവരുടെ രീതിയിൽ സംസാരിക്കുക. നല്ല തടിയും വെളുത്തനിറവും മുടി പറ്റവെട്ടി, അമ്പതുവയസോളം പ്രായവുമുണ്ടായിരുന്നു. കാഴ്ചയിൽ തന്നെ ബുദ്ധിക്കുറവാണ് എന്ന് തോന്നും വിധമുള്ള പ്രകൃതമായിരുന്നു. അവർക്കു കിട്ടുന്ന മിഠായി അടക്കം എന്തും വേറെ ആർക്കും കൊടുക്കാൻ വിമുഖത ഉണ്ടെങ്കിലും ഞങ്ങൾക്ക് തരുമായിരുന്നു.

അമ്മ പറഞ്ഞറിഞ്ഞ് വിമല അമ്മായിക്ക് രണ്ട് സഹോദരിമാരും രണ്ട് സഹോദരൻമാരും ഉണ്ടെന്നായിരുന്നു. അവരുടെ മക്കളുടെ ഭാവിയും സാമൂഹ്യജീവിതത്തിനു യോജിച്ചതല്ല എന്ന തോന്നലും വിമലമ്മായിയെ കൂടെ താമസിപ്പിക്കാറില്ല. സഹോദരൻമാരും അകലെ മാറി താമസിക്കുകയാണ്. അവരുടെ കുടുംബത്തിലെ സ്വകാര്യതയ്ക്കും സന്തോഷത്തിനും വേണ്ടി എന്നാണ് സംസാരം.

വാർദ്ധക്യമെന്ന കടൽ ഒറ്റക്ക് തുഴയേണ്ടിവരുന്ന മാതാപിതാക്കളുടെ കഥകൾ ഒരുപാടുണ്ടല്ലോ. വയറിനകത്തു ക്യാൻസർ ബാധിച്ച് സാന്ത്വന ചികിത്സ നടന്നുകൊണ്ടിരിക്കുന്ന അച്ചാഛന് ആരുമില്ല. ആർക്കും വേണ്ടാത്തവർ എന്ന തോന്നലിൽ നിന്നായിരിക്കാം അമ്മാമ്മയുടെ അസാനിധ്യത്തിൽ ജീവനൊടുക്കി ഇങ്ങനെ കൊല ചെയ്യാൻ തയ്യാറായത്.

മറ്റുള്ളവർക്ക് യാതൊന്നും പ്രതീക്ഷിക്കാനില്ലാത്തതും ബാധ്യതയും ആകുന്ന അവസ്ഥയിൽ വ്യക്തികൾ ഒറ്റപ്പെടുന്നു. അനാഥരാകുന്നു. പിറന്നു വീണാൽ പിടിച്ചു നിൽക്കാനും മുന്നോട്ടു പോകാനും കഴിയാത്തവർ മുന്നേ വീണുടഞ്ഞു പോകും എന്ന് അച്ഛൻ പറഞ്ഞത് ഓർമ്മ വന്നു. പക്ഷേ പുതിയ സാമൂഹ്യ ചുറ്റുപാടിൽ അങ്ങനെ സംഭവിക്കുമോ? അല്ലെങ്കിൽ വിമലമ്മായിയിൽ നിന്ന് ആർക്ക് എന്ത് പ്രതീക്ഷിക്കാൻ?. പിറവിയുടെ കെട്ടുപാടിൽ പോറ്റാനില്ലാതെ തള്ളിക്കളയാൻ മാതാപിതാക്കൾക്ക് സാധിക്കില്ല എന്നതുകൊണ്ട് മാത്രം ഇത്രത്തോളം ജീവിച്ചു. പക്ഷേ, ഇത്തരം മക്കളുടെ ഭാവി സുരക്ഷിതമാക്കാൻ കഴിയാത്ത അവസ്ഥയിൽ ആശയറ്റ സാഹചര്യത്തിൽ ദയാഹത്യ അനിവാര്യമായിരിക്കാമോ?


വ്യക്തികൾക്കെന്നപോലെ സാമൂഹ്യ ഭരണ ക്രമത്തിലും സ്വാർത്ഥതയും സ്വകാര്യതയും ഉള്ളതുകൊണ്ട്, ജനനത്തോടെ വ്യക്തികൾക്ക് കിട്ടേണ്ട അവകാശങ്ങൾ കിട്ടാതെ മണ്ണടിയുന്ന ഇത്തരക്കാർക്ക് അനുശോചനയോഗങ്ങളോ പുഷ്പചക്രങ്ങളോ മരണാനന്തര ക്രിയകളോ ലഭിക്കാറില്ലല്ലോ, ലഭിക്കുകയും ഇല്ലല്ലോ എത്ര കാലം കഴിഞ്ഞാലും! അതോ എന്റെ അമ്മൂമ്മ പറഞ്ഞ പുനർജന്മം അത് അമ്മായിക്ക് കിട്ടുമോ? പൂർണ്ണതയുടെ മനുഷ്യനായി - ചെങ്കൊടിയും ചെങ്കോലുമായ് അവകാശങ്ങൾ നേടാൻ!

അന്നത്തെ പോക്കുവെയിൽ വാങ്ങാൻ... ❑



# മാഗ്ഗി

## ഒരു ഇൻസ്റ്റന്റ് നൊസ്റ്റാൾജിയ



**Nandhu Lal A.M.**
2013 Admn.
B.Tech Food. Engg.

ഫോർക്കിൽ നിന്നും പ്ലേറ്റിലേക്ക് വീണുപോയ നൂഡിൽ വള്ളിപോലെ വളഞ്ഞു പുളഞ്ഞ ലഡാക്ക് പാത. ഹിമാലയത്തിന്റെ വെൺ വിശുദ്ധിക്കുമേലെ ഒരല്പം എരിവുപുരട്ടി അതങ്ങനെ ഇഴഞ്ഞുപോവുകയാണ്. ലോകത്തിലെ വണ്ടിയോടിക്കാൻ കഴിയുന്നതിൽ വെച്ച് ഏറ്റവും ഉയരത്തിലുള്ള ആ പാതയുടെ പേര് ഖർദുങ് ലാ പാസ്. ലോകമെങ്ങുമുള്ള സാഹസിക ബൈക്ക് സഞ്ചാരികളുടെ സ്വപ്ന പാതയായ ഇവിടെയാണ് ലോകത്തിലെ ഏറ്റവും ഉയരെയുള്ള കഫ്റ്റീരിയയും. അത്യുന്നതങ്ങളിലെ ആ ഊട്ടുശാലയിൽ വിളമ്പുന്ന വിശിഷ്ട വിഭവം ഇതാണ്; മാഗ്ഗി നൂഡിൽസ്. ഇന്ത്യയിൽ എല്ലായിടത്തും ലഭിക്കുമെങ്കിലും മാഗ്ഗി ഏറ്റവും ആസ്വദിച്ചു കഴിക്കാനാവുന്ന ഇടം ഖർദുങ് ലാപാസിലെ റിഞ്ചൻ കഫ്റ്റീരിയയാണെന്ന് പ്രമുഖ സഞ്ചാരമെഴുത്തുകാർ വാഴ്ത്തുന്നു. അതുവഴി കടന്നു പോകുന്ന സഞ്ചാരികൾക്ക് റിഞ്ചൻ കഫ്റ്റീരിയയിൽ നിന്ന് സർപ്രൈസ് സ്നാക്ക് ആയി മാഗ്ഗി കഴിക്കുക മാത്രമല്ല, അതിന്റെ ചരിത്രവും കൂടെ കൊണ്ടു പോകാം. കഫേക്ക് മുന്നിൽ വെച്ച വലിയ ബോർഡിൽ **THE MAGGI STORY** എന്ന പേരിൽ മാഗ്ഗി നൂഡിൽസിന്റെ കെട്ടുപിണയാത്ത ചരിത്രം എഴുതിവെച്ചിട്ടുണ്ട്. എത്ര ഉന്നതമായ ബ്രാൻഡിങ്! പർവ്വതങ്ങളുമായി പണ്ടുതൊട്ടേ മാഗ്ഗിക്ക് ഇഴപിരിയാത്ത ബന്ധമുണ്ട്.

സ്വിറ്റ്സർലാന്റിലാണ് മാഗ്ഗിയുടെ ജനനം. ഭക്ഷണത്തിന് രുചി കൂട്ടാനായി ജൂലിയസ് മാഗ്ഗി എന്ന സ്വീഡിഷ് പൗരൻ 1863 -ൽ ഇന്നത്തെ പാക്കറ്റ് മാഗ്ഗിയുടെ പൂർവ്വാശ്രമത്തിനു തറക്കല്ലിട്ടു. 1882-ൽ മാഗ്ഗി എന്ന ബ്രാൻഡും അതിനു കീഴിൽ രുചികരമായ നിരവധി സ്നാക്കുകളും പാകപ്പെടുത്താൻ ജൂലിയസ് മാഗ്ഗിക്കു കഴിഞ്ഞു. സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തിൽ നിന്നും ഹിമവാന്റെ മക്കൾ സ്വതന്ത്രരായ 1947 -ൽ Nestle എന്ന വമ്പൻ സ്വിസ് ബ്രാൻഡിന്റെ അജയ്യമായ സാമ്രാജ്യത്തിലേക്ക് മാഗ്ഗി സ്വയം ലയിച്ചു ചേർന്നു. പിന്നീട് 1982-ൽ നെസ്‌ലേ മാഗ്ഗിയെ ഇന്ത്യയിൽ എത്തിച്ചു. Two minutes noodles എന്ന മനോഹരമായ വിശേഷണവുമായായിരുന്നു ആ വരവ്. മെട്രോ നഗരങ്ങൾ ഒഴിച്ചു നിർത്തിയാൽ നൂഡിൽസ് എന്നോ ഇൻസ്റ്റന്റ് ഫുഡ് എന്നോ കേട്ടറിവുപോലുമില്ലാതിരുന്ന ഇന്ത്യൻ മിഡിൽ ക്ലാസ്-അപ്പർ മിഡിൽക്ലാസ് കുടുംബങ്ങൾ മാഗ്ഗിയെ തുറന്ന മനസ്സോടെ, അതിലേറെ തുറന്ന വായോടെ സ്വീകരിച്ചു.


Maggi Mom - അതായിരുന്നു ഇന്ത്യ പിടിക്കാൻ മാഗ്ഗി മെനഞ്ഞ കോൺസെപ്റ്റ്. അതായത് മാഗ്ഗിയമ്മ! ജോലിയുള്ള ഈ മോഡേൺ മമ്മിയ്ക്ക് സമയം തീരെയില്ല. എന്നാൽ, മക്കൾക്ക് നല്ല ഭക്ഷണം കൊടുക്കുകയും വേണം. ഈ സങ്കല്പത്തിൽ മാഗ്ഗി പിടിച്ചു കയറി. 'Taste hi healthy bhi' എന്ന എല്ലാം തികഞ്ഞ ക്യാപ്ഷ്നും Fast to cook, good to eat' എന്ന ടാഗ് ലൈനും കൂടിയായപ്പോൾ മാഗ്ഗി ഇന്ത്യൻ വിപണി പിടിച്ചടക്കി. ഗോതമ്പിനും അരിക്കും ശേഷം ഇന്ത്യ കണ്ട Staple Food എന്നാണ് ഒരു വിദഗ്ദ്ധൻ മാഗ്ഗി നൂഡിൽസിനെ വിശേഷിപ്പിച്ചത്. പിന്നീട് ഇന്ത്യയിലെ നാനാദിക്കുകളിലും ഏകാധിപത്യമുറപ്പിച്ച നൂഡിൽസ് ബ്രാൻഡായി മാഗ്ഗി വളർന്നു. 30 വർഷം കൊണ്ട് രാജ്യത്തെ ഇൻസ്റ്റന്റ് നൂഡിൽസ് വിപണിയുടെ 90 ശതമാനത്തിലേറെയും മാഗ്ഗി കയ്യടക്കി. അപ്പോൾ അതാ വരുന്നു ഇന്ത്യ കണ്ട മധുര മനോഹരമായ മറ്റൊരു പരസ്യവാചകം., 'In the last 30 years we asked for just 2 minutes of your time'. 'കഴിഞ്ഞ 30 വർഷത്തിനിടെ ഞങ്ങൾ ആവശ്യപ്പെട്ടത് നിങ്ങളുടെ രണ്ടേ രണ്ടു മിനിറ്റു മാത്രം .2014 -ൽ ഇന്ത്യയിലെ ഏറ്റവും വിശ്വസ്തമായ Food brand ആയി മാഗ്ഗി തിരഞ്ഞെടുക്കപ്പെട്ടു. ഇന്ത്യയിലെ ഏറ്റവും ശക്തമായ ബ്രാൻഡ് ആയും ഇന്ന് മാഗ്ഗി വിശേഷിപ്പിക്കപ്പെടുന്നു.

ഇതേ മാഗ്ഗിയിലാണ് ഇതേ വരെ ഒരിന്ത്യക്കാരനും കണ്ടുപിടിക്കാത്ത രഹസ്യചേരുവ ഈയിടെ കണ്ടെത്തിയത്. ലക്ക്നൗവിൽ നടന്ന പരിശോധനയിൽ അനുവദനീയ അളവിനേക്കാൾ ഏഴിരട്ടി ലെഡും മാരകമായ അളവിൽ എം. എസ്. ജി. (മോണോ സോഡിയം ഗ്ലൂട്ടമേറ്റ് അഥവാ അജിനാമോട്ടോ) യും മാഗ്ഗിയിൽ ഉണ്ടെന്നു തെളിഞ്ഞു. തുടർന്ന് മാഗ്ഗി രാജ്യമെങ്ങും നിരോധിക്കാൻ Lucknow Food Safety and Drug Administration (FSDA), ഡൽഹിയിലെ Food Safety and Standards Authority of India (FSSAI) യോടാവശ്യപ്പെട്ടു. മാഗ്ഗി നിരോധിക്കാൻ പോകുന്നുവെന്നും ഏതാനും നിമിഷങ്ങൾക്കകം നിരേധിക്കുമെന്നും വാർത്തകൾ ഇപ്പോഴും വന്നു കൊണ്ടേയിരിക്കുന്നു. MSG എന്ന അജിനാമോട്ടോയുടെ കുറേകാലത്തെ ഉപയോഗം നമ്മുടെ നാഡീവ്യവസ്ഥയെ തകരാറിലാക്കും. ഭക്ഷണത്തിലെ ലെഡ്ഡിന്റെ അംശം കീഴ്പ്പെടുത്തുന്നത് തലച്ചോറിനെയും നാഡീവ്യൂഹത്തെയുമാണ്. ഈ രണ്ട് സ്ലോ പോയിസണുകളും ഏറ്റവുമധികം ബാധിക്കുന്നതാകട്ടെ, കുട്ടികളെയും! ഇത്രയും ഹാനീകരമായ കെമിക്കലുകൾ അടങ്ങിയ മാഗ്ഗി നൂഡിൽസാണോ കഴിഞ്ഞ 33 വർഷവും ഇന്ത്യക്കാർ ആസ്വദിച്ചു കഴിച്ചത് എന്ന് ആലോചിക്കുമ്പോൾ ഒരേ സമയം അത്ഭുതവും ഭയവും തോന്നുന്നു.

നാം നിത്യേന കഴിക്കുന്ന അരി, പച്ചക്കറി, പാൽ, പഴം തുടങ്ങിയവ വരെ മനസ്സിൽ വിഷമൊളിപ്പിച്ചാണ് നമ്മെ സ്നേഹിക്കുന്നതെന്ന് ഇപ്പോൾ സങ്കടത്തോടെ തിരിച്ചറിയുന്നു. മാഗ്ഗിയെ കുറിച്ചുള്ള മനോഹരമായ ഒരു ലേഖനം ഈയിടെ വായിച്ചു. ഇന്ത്യയെങ്ങുമുള്ള എന്റെ പല സമപ്രായക്കാർക്കും മാഗ്ഗി അവരുടെ നൊസ്റ്റാൾജിയ യുടെ ഭാഗമാണെന്ന് അതിലൂടെ അറിയാൻ കഴിഞ്ഞു. അതാണിപ്പോൾ എന്നെ ഏറെ വിഷമിപ്പിക്കുന്നതും. അതെ, ഞാനുൾപ്പെടുന്ന ഇന്ത്യൻ തലമുറയുടെ നൊസ്റ്റാൾജിയയിൽ വരെ ഇന്ന് മായം കലർന്നു തുടങ്ങിയിരിക്കുന്നു.




# Students Union Activities




Samhita '15
STUDENTS' UNION

# STUDENTS BUDJET



ആനയോളം ചെലവും ഉറുമ്പിനോളം വരവും

## ചെലവ്

പ്രധാനം college fees തന്നെ വർഷം 18000 രൂപ.

Hostel fee - 23689/year.

ഒന്നു വീട്ടിൽ പോയി വരാൻ വേണം 200 രൂപ എല്ലാ week ലും വീട് പിടിക്കും. Friends നോടൊപ്പമുള്ള അടിച്ചുപൊളിയിൽ As U like ലും KR ലും വിഴുങ്ങുന്നത് 2675 രൂപ 50 പൈസ. കഷ്ടകാലത്തിന് പനിയെങ്ങാനും വന്നാൽ Re - examination ന് വേണം 900/ Subject.

Sem കൾ തോറും 80 ഉം 10 ഉം Records + കിലോക്കണക്കിന് A4 sheet നും പോക്കറ്റിൽ നിന്ന് കാലിയാവുന്നത് ഏകദേശം 876 രൂപ 50 പൈസ. ആകെ മൊത്തം ചെലവ് 55731 രൂപ.

## വരവ്

Parents, Parents, Parents

ദൈവം സഹായിച്ച് ഇതുവരെ Scholarship ഒന്നും കിട്ടിയില്ല.

ആകെ മൊത്തം ഏക വരവ് "Parents"

**ഒരു വർഷത്തെ ചിലവിന്റെ ഒരു ഏകദേശരൂപം നോക്കിയാൽ കാണുന്നത്.**



**Drishya C**
2014 Admn.
B.Tech Food. Engg.



**Athira P.**
2014 Admn.
B.Tech Agrl. Engg.





Chinnu S.R.
2014. Admn.
B.TechAgrl. Engg

## ചിലവ്

Bresh, paste, soap (Primary needs) -1200
Dress - 2500
Study materials - 1000
Travel - 2000
Academic fees - 20000

## വരവ്

വീട്ടിൽ നിന്നും മാസം 5000 വച്ച് കിട്ടുന്നുണ്ട്.
Pocket money - 1000, Academic fee - 20000

വരവ് 65000
ചിലവ് 53400
1100 രൂപ ബാക്കി

അതു ഞാൻ എന്റെ കുടുക്കയിൽ സൂക്ഷിച്ചോളാം.

**വിദ്യാധനം സർവ്വദനാൽ പ്രധാനം**



Fasis K.
2014 Admn.
B.Tech Food Engg.

## ചിലവ്

Mess bill - 24000/-
Tution fee - 30000/-
സിനിമ കാണാൻ പോകുന്നവകയിൽ - 200/month
As u like - 10/per day
യാത്രാചെലവ് - 200/per week
Union/hospital - 500/month

## വരവ്

മെസ്സ് ബില്ലിലെ കൃത്രിമത്വം വഴി 500/per month
വീട്ടിൽ നിന്ന് വരുമ്പോൾ - 150
എല്ലാത്തിനും പുറമേ, വിദ്യാഭ്യാസം, ശാരീരിക മാനസിക ആരോഗ്യം

**വിലമതിക്കാനാവാത്ത സുഹൃത്ബന്ധങ്ങൾ**



**"Loan ഉള്ളപ്പോൾ no tension**
**Situation smooth**
**but supply അടിച്ചാൽ പണികിട്ടും"**



**Suparna Devu S.**
2014 Admn.
B.Tech Food Engg.

## ചിലവ്

Hostel fee 3000 per month
University fees 30000 per semester
Misc 500
Film 200
Travel 600

## വരവ്

Loan - 30000
വീട്ടിൽ നിന്ന് പോക്കറ്റ് മണി 5000

വീട് വിട്ട് ഹോസ്റ്റൽ ജീവിതം തുടങ്ങിയാൽ എത്ര വലിയ പണക്കാരനും പിച്ചക്കാരനാകും. ഇത് ഓർത്തു വെയ്ക്കുന്ന ചില വരവുചിലവുകൾ മാത്രം



**Geethu M**
2014 Admn.
B.Tech Agrl. Engg.

## വരവ്

മാസത്തിലെ അടച്ചാൽ ബാക്കിയുള്ള ചില്ലറകൾ
ഇല്ലാത്ത ആവശ്യങ്ങൾ ഉണ്ടാക്കി വീട്ടുകാരെ പറ്റിച്ച് ATMൽ നിന്ന് അല്ലറ ചില്ലറ. ഭാഗ്യമുണ്ടങ്കിൽ വീട്ടിൽപോയാലിത്തിരി

## ചിലവ്

Phone recharge - main ചെലവ് (Talk time + Internet)


മടുപ്പിക്കുന്ന ഹോസ്റ്റൽ ഭക്ഷണം ഹോട്ടൽ ബിൽ കൂട്ടും.

ഒരു ദിവസത്തെ bakery items almost 50 രൂപ

ഒരു ആവശ്യവുമില്ലാത്ത നേരത്ത് കേറിവരുന്ന ഒടുക്കത്തെ വിശപ്പ് കാരണം special room bill ഉം ഗോവിന്ദ!

Notebooks, records, pen, pencil, A4 അങ്ങനെയെല്ലാം ഒരു 1000 രൂപ പോരാത്തതിന് നോട്ട് ബുക്ക് photostat എടുക്കാനായി ഒരു 500. Attendance ഇല്ലെങ്കിൽ അതിനൊരു medical certificate ഉണ്ടാക്കാൻ വേണം 150.

പണ്ടൊക്കെയാണെങ്കിൽ പോക്കറ്റ് മണി ഉണ്ടായിരുന്നു. വരവൊരിക്കലും ചിലവിനെ കടത്തിവെട്ടിയിട്ടില്ല. എന്നാലിന്ന് നയാപൈസയില്ല, കൈയിൽ നയാപൈസയില്ല.



**GOPIKA P.**
2014 Admn.
B.Tech Agrl. Engg.

# FRIENDSHIP

Our friendship is higher than the Everestr
oh, its too difficult for others to come nearest
Like the full moon in the night sky
Which none is able to buy
Friendship is like Taj Mahal
Forever like a thrilling Model
Everybody will wonder
How beautiful it is 'Everybody will think
How difficult it was to built.


# Sorry for you, Bhaarteeya Mahila



**Jayalakshmi R.**
2012 Admn.
B.Tech Agrl. Engg.

Jyothi.Nirbhaya. Or whoever you were.

Almost three years since you left us. Oh, just three years? Seems like it was ages ago, you know. Like in a different era. So much has changed from then on, indeed. Babies were born. Elderly died. People got employed; some fired. Some fell in love; some divorced. Merchandise were exported; some imported. Fuel prices rose. Rupee value fell. Some people graduated, some failed. Cars and bikes were released. 25 paise coins, withdrawn. Movies were made. Technology changed. Fests were hosted. Photographs, taken. Money was spent. Articles, published. Protests were organised. Skyscrapers, built up. Surgeries were done. Commodities, sold.



And guess what. What had to be changed, hasn't been. Not a bit. My family is on thorns until my sister gets home after work at 7 at night. They call me every 30 minutes even when I'm attending tuitions. I can't walk from my house to the bus stop without listening to dirty comments and being stared at. I can't drive my car without being blocked and honked upon by the so called 'expert' male drivers. I can't go to a public toilet for the scare of hidden cameras and hiding perverts. I can't go for a movie with my friends of the opposite gender, without being questioned by the 'moral police'. I can't travel in public transport without unnecessary, 'unintentional' touches from the unknown.

Hey, by the way, a bill was supposedly passed in the parliament to hang rapists. Or was it for women's security? Ha. Talk about lamenting over the spilt milk. What use in to punishing the rapists after the harm has been done? It doesn't matter to a lady whether the accused is hung to death or shot, after she's been physically & mentally terrified, tortured and torn apart. Ahahaha. What am I blabbering about.Chal re. This is India. Anyone can do anything hide ous and get away with it. Know why? Come on he was a minor !Juvenile ! Or sentimentally speaking, he's below the poverty line and has a family of nine or ten to raise! So about the victim.... Is that your question?? There's always an ultimate answer for that, didn't you know? "COMPENSATION". A job for her brother. Or a couple of lakhs for her family.A monument (or perhaps a law, for that matter) in her name. Oh wait, we did burn candles and flied lanterns in your memory when you passed away, okay. Mind it. Praise the authorities ! Vote for this very government for they've been kind enough to do all this for you ! Prevention is better than cure, even kids know. But those who should realise the meaning of it, seldom do. When the authorities should be enhancing public safety and ensuring freedom of women, they're busy watching porn in the parliament. Pathetic, isn't it?

What use of it. I know. Everyone knows. But no one bothers. No one cares as long as the victim is their sister, wife, daughter or mother. No one sees what they don't want to see.

Dear woman. I hope you're safe wherever you are, for no place can look safe but be as unsafe as India is. Rest in peace. ❑

# സ്ക്രീനേജ്



**Jasbeer. KT**
2013 Admin B.Tech
Agrl.Engg.

ഏതൊരു മഹത്തായ കണ്ടുപിടിത്തത്തിനും അതിന്റേതായ ചീത്തവശങ്ങളുണ്ടാകും എന്ന് തെളിയിക്കുകയാണ് ഇന്റർനെറ്റ്, സ്മാർട്ട്ഫോൺ, ടാബ്ലെറ്റ് തുങ്ങിയവ. ലോകം സഞ്ചരിക്കുന്നത് മാറ്റത്തിന്റെ വഴികളിലൂടെയാണ്. കേവലം 3-ാം ക്ലാസിൽ പഠിക്കുന്ന കൊച്ചുകുട്ടിയ്ക്ക് സ്വന്തമായി സ്മാർട്ട്ഫോൺ ഉള്ള കാലമാണിത്. ഈ പറയുന്നത് വിദേശരാജ്യങ്ങളിലല്ല, നമ്മുടെ സ്വന്തം നാടായ കേരളത്തിലാണ്. നീന എന്ന സിനിമയിൽ കാണിക്കുന്നത് പോലെ മദ്യത്തിനും മയക്ക്മരുന്നിനും അടിമപ്പെട്ടവരെ ചികിത്സിച്ചുമാറ്റാൻ ധാരാളം ഡി അഡിക്ഷൻ സെന്ററുകൾ കേരളത്തിലുടനീളം ഉണ്ട്. എന്നാൽ ഇന്ന് ഇന്റർനെറ്റ്-ഡി അഡിക്ഷൻ സെന്ററുകൾ ഉണ്ട്. പല വിദേശരാജ്യങ്ങളിലും ഇവ നിലവിലുണ്ട്. ഇന്റർനെറ്റ് കണക്ഷൻ ഉള്ള സ്മാർട്ട് ഫോണോ ടാബ്ലെറ്റോ രാവിലെ എഴുന്നേൽക്കുമ്പോൾ കയ്യെത്തുംദൂരത്ത് കിട്ടിയില്ലെങ്കിൽ പലരും ഇന്ന് അസ്വസ്ഥരാകുന്നു. ഉറങ്ങും മുമ്പ് അവസാനമായും, എഴുന്നേൽക്കുമ്പോൾ ആദ്യവും അവർ വല്ലാതെ സൈബർ ദാഹം പ്രകടിപ്പിക്കുന്നു. ഫെയ്സ് ബുക്ക്, വാട്സ്അപ്പ് ഇല്ലാത്ത ലോകം വെറും വട്ടപൂജ്യം ആണെന്ന ചിന്തയിലേക്ക് ഇക്കൂട്ടർ ചുരുങ്ങുന്നു.

ഇ-ലോകത്ത് നിന്ന് വിട്ട് നിൽക്കേണ്ടിവരികയോ തടസ്സം നേരിടുകയോ ചെയ്താൽ ദേഷ്യം, അസ്വസ്ഥത, വിരസത, നിരാശ തുടങ്ങിയവ പ്രകടിപ്പിക്കുന്നവരെയാണ് ഇന്റർനെറ്റ് അടിമത്വം ബാധിച്ചവർ എന്ന് വിശേഷിപ്പിക്കുന്നത്.

തന്റെ ജോലിയോ പഠനമോ നിർവഹിക്കാതെ വീട്ടുകാരുടെയും കൂട്ടുകാരെയും മറന്ന് സൈബർ ലോകത്ത് ജീവിക്കുന്ന നെറ്റ് അഡിക്റ്റുകൾ അതിന്റെ അമിത ഉപയോഗത്തെപ്പറ്റി മറ്റുള്ളവർ വിമർശിച്ചാലോ ബോധവാന്മാരാക്കാൻ ശ്രമിച്ചാലോ പുറമേ ന്യായീകരണവും പ്രതിരോധ സ്വഭാവവും കാണിക്കുമെന്നാണ് മനോരോഗ വിദഗ്ധർ അഭിപ്രായപ്പെടുന്നത്. മദ്യം, മയക്കുമരുന്ന് എന്നിവയ്ക്ക് അടിമപ്പെട്ടവരെപ്പോലെ ഇതിൽ നിന്ന് വിട്ട് നിൽക്കാൻ ഇവർക്ക് പ്രയാസമാണ്.

രാത്രിയിൽ കൂടുതൽ നേരം നെറ്റിൽ ചെലവഴിക്കുന്ന ഇവർക്ക് മാനസിക അസ്വസ്ഥത, ശരീരിക പ്രശ്നങ്ങൾ എന്നിവ ഉണ്ടാവാൻ സാധ്യതയുണ്ട്. കാണുന്നിടത്ത് നിന്നെല്ലാം സെൽഫി എടുക്കുക, എന്നിട്ട് അത് ഫേസ്ബുക്കിൽ പോസ്റ്റ് ചെയ്യുക. എവിടെപോയാലും സ്റ്റാറ്റസ് മാറ്റുക, നേരിട്ടുള്ള സുഹൃത്തുക്കളെക്കാൾ ഓൺലൈൻ സുഹൃത്തുകൾക്ക് പ്രാധാന്യം നൽകുക, കുടുംബങ്ങളും സുഹൃത്തുക്കളുമായി ബന്ധം കുറയ്ക്കുക, ഫോൺ പിടിച്ച് ഏതെങ്കിലും ഒരു മൂലയിൽ ചെന്ന് എപ്പോഴും ചാറ്റ് ചെയ്യുക, ഫോൺ നോക്കി ഇടയ്ക്കിടെ ചിരിക്കുക തുടങ്ങിയവയെല്ലാം നെറ്റ് അഡിക്റ്റുകളുടെ പൊതുവായ സ്വഭാവമാണ്. കേരളത്തിലെ ഒരു കൂട്ടം സൈക്കോളജിസ്റ്റുകൾ നടത്തിയ പഠനത്തിൽ, ഇന്റർനെറ്റിന് അടിമപ്പെട്ടവർക്ക് മാനസികാരോഗ്യം കുറഞ്ഞ് വരുന്നതായാണ് കണക്ക്.

യു.എസ്. മനോരോഗവിദഗ്ധരുടെ അഭിപ്രായത്തിൽ ഇപ്പോഴത്തേത് ടീനേജ് അല്ല, മറിച്ച് സ്ക്രീനേജ് ആണ്. യാഥാർഥ്യലോകത്തെ നേരിടാൻ മടിയ്ക്കുകയും, സാമാന്യയുക്തിയും ഔചിത്യബോധവും ഉത്തരവാദിത്വ ചിന്തയും ഇല്ലാതെ അദൃശ്യമായ മറ്റൊരുലോകത്ത് ജീവിക്കുകയും ചെയ്യുന്നവരാണ് നെറ്റ് അഡിക്റ്റുകളെന്ന് അവർ സാക്ഷ്യപ്പെടുത്തുന്നു. അമേരിക്കൻ ടീനേജിൽ എട്ടിൽ ഒരാൾ വീതം ഡി. അഡിക്ഷൻ സെന്ററുകളിൽ ചികിത്സയിലായിരിക്കുമെന്ന് അവർ അഭിപ്രായപ്പെടുന്നു. ഈ അവസ്ഥ കേരളത്തിൽ അതിദൂരത്ത് ഒന്നുമല്ല. ഇപ്പോഴത്തെ കണക്ക് അനുസരിച്ച് അടുത്ത 5 വർഷത്തിനുള്ളിൽ ഇതേ അവസ്ഥ കേരളത്തിലുണ്ടാകും. മെസേജ് അയച്ചിട്ട് റിപ്ലേ കിട്ടിയില്ലെങ്കിൽ ദേഷ്യം വരുക എന്നത് ഈ അസുഖത്തിന്റെ പ്രിലിമെനറി സ്റ്റേജ് ആണ്.

നമ്മുടെ ഗ്രാമത്തിലും വളരെ വൈകാതെ ചികിത്സാ ക്ലിനിക്കുകൾ തുടങ്ങേണ്ടി വരുമെന്നിടത്താണ് കാര്യങ്ങൾ. മനുഷ്യചരിത്രത്തിലെ തന്നെ ഹൃദ്യമായ സാങ്കേതിക കണ്ടുപിടിത്തമായ ഇന്റർനെറ്റ് ലോകത്തെ മുഴുവൻ ബന്ധിച്ചുനിർത്തുന്ന വിവരസാങ്കേതിക വിദ്യയുടെ രാജപാതയാണ്. അവ കാലത്തിനൊപ്പം വളർന്ന് വന്നതുമാണ്. അതിന്റെ സേവനവും കരുത്തും അവഗണിക്കാനോ സൈബർ ഇടങ്ങളെ നിരാകരിക്കാനോ നമുക്കാവില്ല. മറ്റെന്തിനെയും പോലെ ഇതിനെയും എങ്ങനെ ഫലപ്രദമായും ഗുണപരമായും പൂർണ്ണമായും ഉപയോഗിക്കാമെന്ന ചിന്തയും പാഠവുമാണ് വേണ്ടത്. ഇതിൽ നമ്മുടെ സ്ഥാനം എവിടെ എന്ന വിചിന്തനം ഒരുപക്ഷേ, നാളെ നമ്മുടെ ബന്ധങ്ങളെയും ഊർജ്ജിതമാക്കും... ❑

# Endearing Spots of KCAET













# Endearing Spots of KCAET
















# യാത്ര



**Rohitha P.R.**
2013 Admn.
B.Tech Food Engg.

കഴിഞ്ഞുപോയ രാപ്പകലുകൾക്ക്
എന്നോടെന്തോ പറയുവാനുണ്ടായിരുന്നു.
പക്ഷെ ഞാൻ കാത്തിരുന്നില്ല.
മുന്നോട്ടു കുതിക്കുന്നതിനിടയിൽ
അവയെ ഞാനോർത്തുപോലുമില്ല.
കാലം വരച്ചിട്ട വഴികളിലൂടെ
ഋതുക്കളുടെ ചക്രച്ചുറ്റുകളോടൊപ്പം
ഞാനും ഓടുകയായിരുന്നു.
അനശ്വരമായ മാറ്റങ്ങൾക്കായുള്ള പ്രയാണം.
പക്ഷെ, ഇന്നാ വഴിത്താരകളിലേക്കൊന്ന് നോക്കുമ്പോൾ
നഷ്ടങ്ങൾ മാത്രമായിരുന്നില്ലേ...
ഒരു ഇലക്കീറിലെന്നപോലെ മനസ്സിൽ കുറിച്ചിട്ട
സ്വപ്നങ്ങൾ എങ്ങോട്ടോ നടന്നകന്നില്ലേ
കഴിഞ്ഞ ദിനങ്ങൾ, കൺകോണിൽ
ഒരിറ്റു കണ്ണീരായ് പൊടിയുമ്പോഴും
ഞാൻ കാത്തിരിക്കുന്നു, പരിഭവമില്ലാതെ
ഒരു പുതിയ വെളിച്ചത്തിനായ്.

❑



# In memory of a beautiful YOU...



**Sharon L George**
2012 admn
B.Tech Agrl. Engg

I still remember,
The day we met,
Annabelle, call me Annei,
She said,very gently.

I was eight and she,
A pretty lass at ten
From stranger to sister,
Our bond grew.

An acquaintance of a lifetime,
It was, I never knew.
The day she came, home
To be next to mine.

Weekends I always waited for,
To play and be with her.
Her friendship, so charming,
Was hard to resist.

From childhood to teenage,
We got closer than ever.
Sailing the rough seas of emotions,
Was child's play with her beside me.

Leaving school to join college,
Was hard and painful.
A hostel was home to be
From my very own.

Apart from my parents and
Most of all, Annei
I would die,I thought,
Without seeing her for days

Distance did not hamper
My super glued bond with her.
Something else would,

Returning home,4 years later,bus,
I couldn't contain my excitement.
I hopped off my bus,
And scampered away to Annie's.

Her home, too familia to forget,
The sights and smells,
Of a beautiful life
Spent with someone beyond description.

At the front door,I was
Welcomed by a tired smile
Of Annie's mum,only to be
Jolted into a scary reality.

Come in,dear,come in,
She said in a feeble tone.
But I was too shaken,
To take a step forward.

A smile,dazzling with joy,
Eyes sparkling with life,
That face had been the brightest,
On the wall facing the front door.

Pneumonia,put my dear friend,
To rest in peace from,
The pains and travails
Of a challenging life upcoming.

A tight hug from her mum,
And I was forced to reminisce,
The routine goodbyes from her home
A peck on the check.

Stepping out of her nest once,
I turned back taking a glimpse
At that visage,so sharp,yet lovely
Which was blurring now.

I took a quick jaunt home,
In the memory of a loving pal
Who meant the world to me
And filled me with joy and pain all at once.

Goodbye,Annie,and hello,
You were too good for this world.
A tribute from a friend this is,
To the most beautiful you.

*With Best Compliments From :*



Mob. : 9544 729 511
9544 593 239
Shop : 0494 2608 438

AMBADI
BOOKS & STUDENTS CENTRE
One way Road, Near Bus Stand,
**KUTTIPPURAM,** Malappuram Dt.






**Akshaya K Pavithran**
2014 Admn.
B.Tech Agrl. Engg.

# CANARY BIRD



**Joseph Sunny**
2013 admn.
B.Tech Agrl. Engg



Miles.... & Miles.....& Miles....but we
joined with a small
distance... LOVE...
We fight... quarrel... combat...
Controversy... Strife... struggle and
Strif rivavly round row
Ruckness... but for the time
Being am there with succor hands
She puzzled... weired... she random
Curious, kooky like magical mysterious
How but we in
Miles... & Miles... &Miles... & alien
Wir joined per a minuscule
Way... LOVE...
Wir gibt Rubies... And Emerald
And Sapphire and Diamonds and
Rare and precious
Thou truancy I am anything
Next and next and next and days
Of sorrows. Let me follow leaving me
Pain and sorrows, such lives of sorrows
Don't given me the next day
Sans worries... Sans sorrows... Sans happiness...
Sans lust .... Sans zest .... Sans rage ....
Sans envy...Sans remorse... Sans exasperation...
Sans EVERYTHING... EVERYTHING !!!!!
Miles... & Miles... & Miles... & allein
Wir joined per minuscule
Way... LOVE...
Thy song... soul of joy like a canary bird
Singout, song as a feathered creature,will song
Beneath a sky they are flying
Miles... & Miles... & Miles... & allein
Wir joined per minuscule
Way... LOVE...
And that's FRIEDSHIP
Dedicated to special student of KCAET
Inspiration from a sweet dream ❑





**RINITHA P.**
2014 Admn.
B.Tech Food Engg.

# I BELONG TO YOU

Like a star fallen from the night sky
You came unknowingly to my life
Following and pursuing my shadow...
Beckoned me saying, " You are mine".
Even when desperate and deprived,
You made me alive...

But for once, when you were out of my wa
I realised, you were my only hold
Without you, joy was my dream
And without you, a brutal creature I becan
Once and for all, I realised, you masteres r
And that's you my dear PASSION
To whom I belong...

# KELAPPAJI GARDEN

**Created and Maintained by**
**IGNITORZ (29th Batch)**








*With Best Compliments From :*

Preethi

മലപ്പുറം ജില്ലയിൽ
ആദ്യമായ് നിങ്ങളെ
വിസ്മയിപ്പിച്ചു കൊണ്ട്
പ്രീതി ഔട്ട്ലെറ്റ്
ഗ്യാലക്സിയിൽ
ആരംഭിച്ചിരിക്കുന്നു...

സാധാരണക്കാരുടെ
ഷോപ്പിംഗ് വിസ്മയലോകം....
ഇനി നിങ്ങൾക്കും കുടുംബസമേതം
ഒരു വലിയ പർച്ചേസ് ചെയ്യാം
ചെറിയ പണം കൊണ്ട്....

GALAXY
HYPERMARKET
››› rush to shoping ‹‹‹

Highway Junction, KUTTIPPURAM
Ph: 8606 5000 48, 8086 946 222, 8086 946 444

- GROCERIES
- BEVERAGES
- BAKERY
- DAIRY PRODUCTS
- FROZEN FOODS
- STATIONARY
- CROCKERY
- HOME APPLIANCES
- COFFEE HOUSE
- FANCY GALLERY
- VEGETABLES
- ORGANIC

CAFE
CORNOR

IN GALAXY HYPERMARKET
HIGHWAY JUNCTION, KUTTIPPURAM
PH: 9633 150 852

TEA
COFFEE
JUICES
SNACKS



*With Best Compliments From :*

മാറുന്ന ലോകത്ത്
മറക്കാത്ത ഫാഷൻ കാഴ്ച്ചകളുമായി....

വസ്ത്ര സങ്കൽപ്പങ്ങളുടെ പരിപൂർണ്ണതയുമായ്..!

ZOYA
WEDDING CENTRE

Town Plaza Building, Chanthapadi
PONNANI
Ph: 9745760006, 9947222537







**MEERA T.**
2014 Admn.
B.Tech Agrl. Engg.

# SLEEP WELL

*The two important things in my life,*
*First is to lie down and sleep,*
*And the second to rise up and run.*

*Both are like two sides of a coin,*
*Now I hold in my hand....*
*Like the vowels in the alphabets,*
*Which I studied in my first grade.*
*Like the charger of my phone,*
*Without which my phone is inactive....!!!*

*So hold both in your grip tightly,*
*Do not lose them,*
*For both are necessary, for being healthy*
*And wise... Good Luck.*


# PENCIL DRAWING & PAINTING

I[st] Prize




**Akshaya K Pavith**
2014 Admn.
B.Tech Agrl. Engg







# POSTER MAKING & COLLAGE




**Akshaya K Pavithran**
2014 Admn.
B.Tech Agrl. Engg.

I$^{st}$ Prize






# CARTOON
Ist Prize



Jugnu Hameed
2013 Admn.
B.Tech Food. Engg.




*With Best Compliments From :*

SIX STAR
Bakery & Coolbar

**Tirur road**
Kottapadi
Malappuram
Ph:0483-2734196

**Near townhall**
Uphill
Malappuram
Ph:2733960

പാർട്ടി ഓഡറുകൾ സ്വീകരിക്കുന്നതാണ്









# വായന



**SUNIL CULAS**
Guest Lecturer

വായിക്കുന്ന സ്വഭാവമില്ലാത്ത കുട്ടികളാണ് യഥാർത്ഥത്തിൽ നമ്മുടെ രാജ്യത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിലെ ഏറ്റവും പ്രധാന പ്രശ്നം.

നാഷണൽ ബുക്ക് ട്രസ്റ്റ് ഓഫ് ഇന്ത്യ 2012 ൽ ഇന്ത്യൻ യുവാക്കളിൽ നടത്തിയ വായനാശീലത്തെക്കുറിച്ചുള്ള ഒരു ആധികാരിക പഠനത്തിന്റെ ഫലം അന്ന് മാനവവിഭവ ശേഷി വികസനവകുപ്പ് മന്ത്രി പല്ലം രാജു 2012 നവംബർ മാസത്തിൽ പുറത്തു വിട്ടിരുന്നു. ഈ പഠനത്തിൽ ചൂണ്ടിക്കാട്ടുന്ന കണക്കുകൾ പ്രകാരം ഇന്ത്യയിലെ 75 ശതമാനം അക്ഷരാഭ്യാസമുള്ള യുവജനങ്ങളും തങ്ങളുടെ പാഠപുസ്തകങ്ങൾ അല്ലാതെ മറ്റു പുസ്തകങ്ങളോ പ്രസിദ്ധീകരണങ്ങളോ വായിക്കാറില്ല എന്നുള്ളതാണ്.

വായന മരിക്കുന്നു എന്ന് പരിതപിക്കുമ്പോഴും വായനാശീലം വർദ്ധിപ്പിക്കാനുള്ള ക്രിയാത്മക നീക്കങ്ങൾ പരിമിതമായി തുടരുന്നു. ഉദാഹരണത്തിന് എത്ര കോളേജുകൾ അല്ലെങ്കിൽ സ്ക്കൂളുകൾ ഇനി സമ്മാനമായി ഗ്ലാസും ട്രോഫിയും വേണ്ട പുസ്തകങ്ങൾ മതി എന്നു തീരുമാനിക്കാൻ ആർജ്ജവം കാട്ടിയിട്ടുണ്ട്. എത്ര മാതാപിതാക്കൾ ജന്മദിനസമ്മാനമായി വസ്ത്രങ്ങളും വാഹനങ്ങളും നൽകുന്നതിന് പകരം പുസ്തകങ്ങൾ നൽകാൻ താല്പര്യം കാണിക്കാറുണ്ട്. എത്രപേർ ടെലിവിഷനു മുന്നിൽ ചടഞ്ഞു കൂടുന്നതിനേക്കാൾ ക്രിയാത്മകവും രസകരവുമാണ് വായന എന്ന് ജീവിത മാതൃകകളിലൂടെ മക്കൾക്ക് കാണിച്ചുകൊടുക്കാറുണ്ട്.

പ്രശസ്ത എഴുത്തുകാരൻ ആന്റൺ ചെക്കോവിന്റെ ഹൃദയസ്പർശിയായ രചനകളിലൊന്നാണ് പന്തയം എന്ന ചെറുകഥ. നിങ്ങളിൽ പലർക്കും ഈ കഥ സുപരിചിതമാണെന്ന് തോന്നുന്നു.

ഒരു ആഘോഷവേളയിൽ രണ്ടു പ്രധാനികൾ തമ്മിൽ ഒരു പന്തയം വെക്കുന്നതും അതിന്റെ പരിണിതഫലങ്ങളുമാണ് ഈ കഥയുടെ ഇതിവൃത്തം. ഒരാൾ ധനികനായ ഒരു ബാങ്കുടമ. രണ്ടാമത്തേയാൾ തൊഴിലിൽ പ്രശസ്തിയാർജ്ജിച്ചുകൊണ്ടിരിക്കുന്ന ഒരു വക്കീൽ. മരണശിക്ഷയോ ജീവപര്യന്തം തടവോ ഏതാണ് കൂടുതൽ കഠിനവും ഭീകരവും എന്ന വിഷയത്തെച്ചൊല്ലി ഉയർന്നുവന്ന ഒരു ചർച്ചയാണ് ബാങ്കുടമയും വക്കീലും തമ്മിലുള്ള പന്തയത്തിൽ കലാശിച്ചത്.

വധശിക്ഷയാണ് ഏറ്റവും കഠിനം. എത്ര ഏകാന്തമായ തടവാണെങ്കിലും ജീവൻ നിലനിർത്താനാണ് ഞാൻ ഇഷ്ടപ്പെടുക. വക്കീൽ പറഞ്ഞു. ഏകാന്തമായ തടവ് എന്നാൽ ഇഞ്ചിഞ്ചായമരണമാണ് അഞ്ചുവർഷം ഏകാന്തമായ തടവിൽക്കഴിയാൻ ധൈര്യമുള്ള ഒരാളെ എനിക്കു കാണിച്ചുതന്നാൽ അയാൾക്ക് 20 ലക്ഷം റൂബിൾ നൽകാൻ ഞാൻ തയ്യാറാണ്. ധനികനായ ബാങ്കുടമ വാദിച്ചു.

എന്തിന് അഞ്ചു വർഷമായി ചുരുക്കുന്നു നിങ്ങൾ പറഞ്ഞ പണം തരാൻ തയ്യാറെങ്കിൽ 15 വർഷം വേണമെങ്കിലും ഏകാന്തമായ കാരാഗ്രഹവാസത്തിന് ഞാൻ തയ്യാറാണ്. വക്കീൽ ബാങ്കുടമയെ വെല്ലുവിളിച്ചുകൊണ്ട് പറഞ്ഞു. ബാങ്കുടമയുടെയും വക്കീലിന്റെയും തർക്കം അവസാനിച്ചത് ഒരു പന്തയത്തിലാണ്. എഴുതിത്തയ്യാറാക്കി, സാക്ഷികളടക്കം ഒപ്പുവെച്ച 20 ലക്ഷം റൂബിളിന്റെ പന്തയത്തിൽ, പന്തയത്തിന്റെ നിബന്ധനകൾ പ്രകാരം വക്കീലിനെ ബാങ്കുടമ തന്റെ ഉടമസ്ഥതയിലുള്ള ഒരു വീട്ടിൽ ഏകാന്തതടവിൽ പാർപ്പിച്ച് കാവലേർപ്പെടുത്തും. 15 വർഷത്തേക്ക് പുറത്ത് ആരേയും കാണാനോ സംസാരിക്കാനോ ദിനപത്രങ്ങൾ വായിക്കാനോ പോലും തടവുകാരന് അവകാശമുണ്ടായിരിക്കുകയില്ല. ഭക്ഷണം കൊടുക്കാനുള്ള ഒരു ജനാല മാത്രമായിരിക്കും പുറംലോകം കാണാനുള്ള ഏക ആശ്രയം. വീഞ്ഞു കുടിക്കാം, പുകവലിക്കാം, സംഗീതോപകരണങ്ങളും പിന്നെ ആഗ്രഹിക്കുന്നത്ര പുസ്തകങ്ങളും ഇവ മാത്രമായിരിക്കും ഏകാന്ത തടവുകാരന് 15 വർഷം അവകാശമായി ഉണ്ടാവുക. 15 വർഷത്തിന് ഒരു മിനിട്ടെങ്കിലും മുൻപേ തടങ്കൽ ജീവിതം അവസാനിപ്പിക്കാൻ തടവുപുള്ളി തീരുമാനിച്ചാൽ അതു പന്തയത്തിലെ പരാജയമായി കണക്കാക്കും.

തമാശയിലാരംഭിച്ച ഒരു തർക്കം അങ്ങനെ ഒരു വാശിയേറിയ പന്തയമായി മാറി. 25 വയസ്സുകാരനായ വക്കീൽ 15 വർഷം ഏകാന്തതടവിൽ കഴിയുന്നതിൽ വിജയിച്ചാൽ അദ്ദേഹത്തിന് പ്രതിഫലമായി 20 ലക്ഷം റൂബിൾ ലഭിക്കും. പക്ഷേ അതിനുവേണ്ടി അയാൾ നഷ്ടപ്പെടുത്തേണ്ടി വരിക തന്റെ യൗവ്വനത്തിലെ ഏറ്റവും ക്രിയാത്മകമായ 15 വർഷങ്ങളും.

തന്റെ തടവിന്റെ ആദ്യവർഷം വക്കീൽ കഠിനമായ ഏകാന്തതയും വിഷാദവും അനുഭവിച്ചു. അയാളുടെ മുറിയിൽ നിന്ന് രാത്രിയിൽപോലും പിയാനോ വായിക്കുന്ന സ്വരം കേൾക്കാമായിരുന്നു. വീഞ്ഞും സിഗരറ്റും കിട്ടുമായിരുന്നെങ്കിലും അയാൾ ഒഴിവാക്കി. വീഞ്ഞിന്റെ ലഹരിയിൽ താൻ സ്വാതന്ത്ര്യം മോഹിച്ചാലോ എന്നയാൾ ഭയന്നു.

പതിയെപ്പതിയെ ആദ്യവർഷം ഏറെ സമയം അയാൾ രസകരമായ നോവലുകൾ വായിക്കാൻ മാറ്റിവെച്ചു. രണ്ടാമത്തെ വർഷമായപ്പോൾ ക്ലാസിക് ഗ്രന്ഥങ്ങളുടെ വായനയിലേക്ക് തിരിഞ്ഞു. അടുത്ത മൂന്ന് വർഷം ഈ വായന തുടർന്നു. ആറാം വർഷമായതോടെ അയാളുടെ വായനാവിഷയങ്ങൾ മാറി. തത്വശാസ്ത്ര ഗ്രന്ഥങ്ങളും ചരിത്ര പുസ്തകങ്ങളും ഒപ്പം ഭാഷാ പഠനവും. പല വിദേശഭാഷകളും സ്വയം പരിശീലിച്ച് അയാൾ സ്വായത്തമാക്കി. ദൈവശാസ്ത്രവും വിവിധ മതങ്ങളെക്കുറിച്ചുള്ള ചരിത്ര പഠന ഗ്രന്ഥങ്ങളുമായി അയാൾ ജയിലിൽ ഏകാന്തവാസം തുടർന്നു.

ഇതിനിടെ ജയിലിനു പുറത്ത് ബാങ്കുടമയുടെ ജീവിതം ഏറെ മാറിയിരുന്നു. പന്തയം വെക്കുന്നതിൽ അയാൾ കാണിച്ച എടുത്തുചാട്ട സ്വഭാവം സ്റ്റോക്ക് മാർക്കറ്റിലും അയാൾ കാട്ടി. ഫലം 15 വർഷം കൊണ്ട് പന്തയത്തിന്റെ കാലാവധി അവസാനിക്കുമ്പോഴേക്കും 20 ലക്ഷം റൂബിൾ പന്തയം വെച്ച ധനാഢ്യനിൽ നിന്ന് ഒരു സാധാര

ണക്കാരനായി അയാൾ മാറിയിരുന്നു. പന്തയം വെച്ച തുക തന്റെ കൈവശം ഇല്ലാത്തതിനാൽ തന്റെ തടവുപുള്ളിയെ കൊന്നുകളയാൻ അയാൾ തീരുമാനിച്ചു.


രാത്രി താഴിന്റെ സീൽപൊളിച്ച് തടവുപുള്ളിയുടെ മുറിയിലെത്തിയ ബാങ്കുടമയെ കാത്തിരുന്നത് മെലിഞ്ഞു എല്ലും തോലുമായി, താടിയും മുടിയും നീണ്ട് പ്രാകൃത രൂപത്തിലുള്ള ഒരു വ്യക്തി കസേരയിൽ ഇരുന്ന് ഉറങ്ങുന്ന കാഴ്ചയാണ്. ദുർബലനായ ഈ മനുഷ്യനെ കൊല്ലാൻ ഒട്ടും ആയാസപ്പെടേണ്ടി വരില്ല എന്നു മനസ്സിൽ കൂട്ടുമ്പോഴാണ് മേശപ്പുറത്ത് തന്റെ തടവുപുള്ളി എഴുതി വച്ചിരുന്ന ഒരു കത്ത് അയാളുടെ കണ്ണിൽപ്പെട്ടത്. അയാൾ അതെടുത്തു വായിച്ചു. ഇങ്ങനെയായിരുന്നു അതിന്റെ ഉള്ളടക്കം. നാളെ പന്ത്രണ്ടുമണിയോടെ എനിക്കു സ്വാതന്ത്ര്യവും 20 ലക്ഷം റൂബിളും ലഭിക്കും എന്റെ മനസാക്ഷിയെ മുൻനിർത്തി ഞാൻ തറപ്പിച്ചു പറയുന്നു എനിക്ക് പണത്തിന്റെയോ പ്രതാപത്തിന്റെയോ ഒന്നും ആവശ്യമില്ല. കഴിഞ്ഞ 15 വർഷം എന്റെ മനസ് പുസത്കങ്ങളിലൂടെ ലോകത്തെ പഠിക്കുകയായിരുന്നു. വായിച്ച പുസ്തകങ്ങളിലൂടെ ഈ ലോകം മുഴുവനും, കടലിനടിയിലും പർവ്വതങ്ങൾക്ക് മുകളിലും ദേവതമാർക്കും രാജാക്കൻമാർക്കുമൊപ്പവും ഞാൻ സഞ്ചരിക്കുകയായിരുന്നു. ഞാൻ സംവദിക്കുകയായിരുന്നു. ഈ 15 വർഷങ്ങൾക്കിടയിൽ ഞാൻ പോകാത്ത സ്ഥലങ്ങളില്ല. കാണാത്ത തരം ജീവിതങ്ങളില്ല. പുസ്തകങ്ങളിൽ നിന്ന് എനിക്ക് വേണ്ട അറിവ് സമ്പാദിക്കാൻ എനിക്കു സാധിച്ചു. ഇന്ന് ആ അറിവ് ജ്ഞാനമായി എന്നിലുണ്ട്. ലോകം മികച്ചത് എന്ന് കരുതുന്ന ഓരോ വസ്തുക്കളുടെയും നശ്വരതയെക്കുറിച്ച് എനിക്കിപ്പോൾ നല്ല ബോധ്യമുണ്ട്.

ഞാൻ നേടിക്കഴിഞ്ഞ ഈ തിരിച്ചറിവ് ബോധ്യമാകാൻ വേണ്ടി ബോധപൂർവ്വം ഞാൻ ഈ പന്തയം തോറ്റു തരികയാണ്. പന്തയത്തിന്റെ സമയം തീരാൻ മണിക്കൂറുകൾ ശേഷിക്കേ ഞാൻ ഇവിടെ നിന്ന് പുറത്തു കടക്കും. താങ്കൾക്ക് പന്തയം ജയിച്ചതായി കണക്കാക്കി 20 ലക്ഷം റൂബിൾ ലാഭിക്കാം.

ബാങ്കുടമ കത്തുവായിച്ചു സ്തബധനായിപ്പോയി. അയാൾ വക്കീലിനെ കൊല്ലാനുള്ള ശ്രമം ഉപേക്ഷിച്ചു. തന്നെപ്പറ്റി അയാൾക്ക് പുച്ഛം തോന്നി. കത്തിൽ പറഞ്ഞതുപോലെ കാര്യങ്ങൾ പരിണമിച്ചു കൊണ്ട് കഥ അവസാനിക്കുന്നു.

വായനയുടെ പ്രാധാന്യത്തെക്കുറിച്ചും അതിന്റെ മേന്മയെക്കുറിച്ചും വാക്കുകൾ കൊണ്ട് പറയുന്നതിനേക്കാൾ വ്യക്തമായി അല്ലെങ്കിൽ സ്പഷ്ടമായി ഈ കഥ നമ്മെ പഠിപ്പിക്കും. വായന ഒരു സംസ്ക്കാരമാണ്. ഒരു മഹാൻ ഇങ്ങനെ പറഞ്ഞുവെച്ചു. ഒരു സംസ്ക്കാരം നശിപ്പിക്കാൻ അവരുടെ ഗ്രന്ഥങ്ങൾ നശിപ്പിച്ച് കളയണമെന്നില്ല. ഒരു ജനതയെ പുസ്തകം വായിപ്പിക്കാതിരുന്നാൽ മതി.

പുസ്തകങ്ങൾ നിശബ്ദവും ശാശ്വതവുമായ സുഹൃത്തുക്കളാണ്. എപ്പോഴും സമീപിക്കാവുന്ന ബുദ്ധിമാൻമാരായ ഉപദേശകരാണ്. ഏറ്റവും ക്ഷമാശീലമുള്ള അധ്യാപകരും. അതു കത്തിച്ചു കളയുക എന്നതിനേക്കാൾ ക്രൂരമാണ് അവ വായിക്കാതിരിക്കുന്നത്. ❑



# An Emotional Slap



**BIJO LAWRENCE T**
Guest Lecturer

Sometimes all we need is an emotional slap to get us back on track. Almighty has blessed humans with a wonderful quality to forgive and forget. Sadly, the reality is most humans forget easily but they do not forgive. May be you had to deal every day with people who were foolish and lazy and untruthful and downright unpleasant, and you could certainly end up thinking that the world would be considerably improved if you gave them an emotional slap.

You have the right to be angry or even to insult. But later you have to forgive. Everyone is fighting their own battle to be free from their past, to live in the present, and create a meaningful future for themselves. You don't always have to judge everyone, have a kind heart. Life has never been easy. Nor is it meant to be. It is a matter of being joyous in the face of sorrow.

If you show your friends a piece of your work and ask them 'what do they think about it?', they would probably say it's nice because they do not want to hurt you. But instead of asking its right, ask them what is wrong. Then it's most likely that they will give a truthful criticism. Truth hurts, but in the long run it's better than a pat on the back. No one has that perfect life which begins with "once upon a time" and "Happily ever after". Life begins with "Welcome to the world of struggle" and ends with "You are fortunate to have survived the journey".

Most of us strive for extraordinary life. Such striving may seem admirable, but actually in due course we are forgetting to live our own life.The people who are sensitive in life may suffer much more than those who are insensitive; but if they understand and go beyond their suffering they will discover extraordinary things. Remember these words from a famous writer: There comes a time in life, when you walk away from all the drama and people who create it. Surround yourselves with people who make you laugh. Forget and forgive the bad and focus on the good. Love the people who treat you right and pray for ones who don't. Life is too short for anything but happy. Falling down is a part of life, getting back up is living.

Happy time, Good luck and Enjoooooooooy ☺☺☺. ❑




# മലർവാടി

മകരമാസത്തിൽ വിരിയും
തുഷാര ബിന്ദുവിൻ മകുടം ചൂടി
ആദിത്യകിരണ വർണ്ണങ്ങളാലെ
തഴുകിവരുന്നൊരു തെന്നലിൽ
ചെഞ്ചുണ്ടും ചെന്തളിരും
വിരിഞ്ഞുവരുന്നൊരുഷസ്സിൽ
കാണാമറയത്തൊരു സ്വപ്നത്തിൽ
കാത്തിരുന്നൊരു മലർവാടി
തെക്കുനിന്നൊഴുകി വന്നൊരു
കൊച്ചുതെന്നലിൻ തഴുകലിൽ
മനം കുളിരും വാത്സല്യത്തിൻ
കൈകളാലൊരു മൃദുസ്പർശം.....




**Suparna Devu S.**
2014 Admn.
B.Tech Food. Engg.



## ആയുർവേദത്തിന്റെ സാന്ത്വനസ്പർശം

Kottakkal
ayurveda

ആരോഗ്യസംരക്ഷണത്തിന് ലോകമിന്ന് ഉറ്റുനോക്കുന്നത് ആയുർവേദത്തിലേക്കാണ്. കഴിഞ്ഞ നൂറ്റാണ്ടിൽ ആയുർവേദത്തിന്റെ നവോത്ഥാനത്തിന് വഴിതെളിയിച്ചത് വൈദ്യരത്നം പി.എസ്. വാരിയർ ആണ്. 1902-ൽ അദ്ദേഹം സ്ഥാപിച്ച കോട്ടയ്ക്കൽ ആര്യവൈദ്യശാലയാണ് ലോകഭൂപടത്തിൽ ആയുർവേദത്തെ അടയാളപ്പെടുത്തിയത്.


Ayurvedic Hospital & Research Centre, Kottakkal (Tel. No. 0483 2808000)


Ayurvedic Hospital & Research Centre, Delhi (Tel. No. 011 22106500)


Ayurvedic Hospital & Research Centre, Trikkakkara (Kochi) (Tel. No. 0484 2554000)


Ayurvedic Hospital & Research Centre, Aluva (Tel. No. 0484 2838076)

ആയുർവേദത്തിന്റെ ആധികാരികമാർഗം

വൈദ്യരത്നം പി.എസ്. വാരിയരുടെ
ആര്യവൈദ്യശാല
ESTD 1902 കോട്ടയ്ക്കൽ-676 503



Tel: 0483-2808000, 2742216, Fax:2742572, 2742210
E-mail: mail@aryavaidyasala.com / info@aryavaidyasala.com

കോട്ടയ്ക്കലും ഡൽഹിയിലും ആലുവയിലും കൊച്ചിയിലും ആശുപത്രികൾ | കോട്ടയ്ക്കൽ ചാരിറ്റബിൾ ഹോസ്പിറ്റൽ | കോട്ടയ്ക്കലും കഞ്ചിക്കോട്ടും നഞ്ചൻകോട്ടും ഔഷധനിർമ്മാണഫാക്ടറികൾ | അഞ്ഞൂറിലധികം ശാസ്ത്രീയ ഔഷധങ്ങൾ | ഗവേഷണത്തിനും പ്രസിദ്ധീകരണത്തിനും പ്രത്യേകം വിഭാഗങ്ങൾ | ഔഷധത്തോട്ടങ്ങൾ | ഔഷധസസ്യഗവേഷണകേന്ദ്രം | ആയുർവേദപഠനസൗകര്യങ്ങൾ | 27 ശാഖകൾ, 1500-ൽപരം അംഗീകൃതവിതരണക്കാർ | പി.എസ്.വി. നാട്യസംഘം | മൊബൈൽ മെഡിക്കൽ യൂണിറ്റ് | വൈദ്യരത്നം പി.എസ്. വാരിയർ മ്യൂസിയം |

ഒരു നൂറ്റാണ്ടിന്റെ ആതുരസേവനപാരമ്പര്യം

# നിഴലും നിലാവും



**Dr. ABDUL HAKKIM V. M.**
Head Dept. of LWRCE

30 വർഷങ്ങൾക്കു മുമ്പ് ഒരു ജനുവരിയിൽ കേരളാ ഗാന്ധി കെ. കേളപ്പന്റെ മണ്ണിലേക്ക് കാലെടുത്തുവയ്ക്കുമ്പോൾ തവനൂർ നമ്മൾ ഇന്നു കാണുന്നതായിരുന്നില്ല. പതിറ്റാണ്ടുകളുടെ ചരിത്രവും പാരമ്പര്യവും അവകാശപ്പെടാനുള്ള ഫറൂഖ് കോളേജിലെ പ്രീഡിഗ്രി കാലത്തിനു ശേഷം ഒരു പരീക്ഷണശാലയിലേക്ക് എത്തിപ്പെടുകയായിരുന്നു. കേരളത്തിന്റെ ചരിത്രത്തിൽ ഒരു നാഴികക്കല്ലെന്ന് വിശേഷിപ്പിക്കാവുന്ന അഗ്രികൾച്ചറൽ എഞ്ചിനീയറിംഗ് ആദ്യ ബാച്ചിലെ ആദ്യ വിദ്യാർത്ഥിയായി ഇവിടെ എത്തിയത് ഇന്ന് തിരിഞ്ഞുനോക്കുമ്പോൾ ഒരു ഭാഗ്യമെന്നു തോന്നുന്നു. ഒരു പക്ഷേ ജീവിതത്തിലെ ഏറ്റവും വലിയ നേട്ടവും.

കേരളത്തിലെ ഒരു കലാലയത്തിനും അവകാശപ്പെടാനില്ലാത്ത ധാരാളം പ്രത്യേകതകളുണ്ട് നമ്മുടെ ക്യാംപസിന്. തവനൂർ റൂറൽ ഇൻസ്റ്റിറ്റ്യൂട്ട് പേരു മാറി കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചറൽ എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജിയായി, അന്നു വരെ കേരളത്തിന് അന്യമായിരുന്ന അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ് എന്ന പുതിയ കോഴ്സ് തുടങ്ങിയതു ചരിത്രം. 17 പെൺകുട്ടികളും 16 ആൺകുട്ടികളുമായി ആദ്യ ബാച്ച് വരുമ്പോഴും പുതിയ പേരിനേയും കോഴ്സിനേയും അംഗീകരിക്കാൻ നാടും നാട്ടുകാരും മടിച്ചിരുന്നു.

ഇന്നീ കാണുന്ന സൗകര്യങ്ങളൊന്നും ഇല്ലാതിരുന്ന ഒരു തവനൂരിനെ പുതിയ തലമുറക്ക് സങ്കൽപ്പിക്കാനാകുമോ എന്നു സംശയം. പൊന്തക്കാടുകൾ നിറഞ്ഞ ക്യാംപസിൽ പകൽ പോലും ഇറങ്ങി നടക്കാൻ പേടിക്കേണ്ടിയിരുന്നു. കൗമാരത്തിന്റെ കുസൃതികളും യൗവനത്തിന്റെ ചോരത്തിളപ്പും കോളേജ് ജീവിതത്തിന് നിറം പകർന്നപ്പോൾ കെ.സി.എ.ഇ.ടി. എന്ന കുടുംബം വളർന്നു വന്നു. മലയാളികളായ ബഹുഭൂരിപക്ഷത്തിനൊപ്പം ആസ്സാം, മണിപ്പൂർ തുടങ്ങിയ കിഴക്കൻ സംസ്ഥാനക്കാരും അന്യ രാജ്യങ്ങളിൽ നിന്നുവരെയുള്ള വിദ്യാർത്ഥി സമൂഹമായിരുന്നു ആദ്യകാല ക്യാംപസിന്റെ സ്പന്ദനങ്ങൾ.

ആദ്യകാലങ്ങളിൽ പരീക്ഷകളും മൂല്യ നിർണ്ണയ രീതികളുമെല്ലാം പൂർണ്ണമായും ഇന്റേണൽ രീതിയിലായിരുന്നു. ഇന്നത്തേതിനേക്കാളേറെ പഠന മികവ് അക്കാലങ്ങളിൽ കണ്ടിരുന്നു എന്ന് പറയണം. ലൈബ്രറിയെയും പുസ്തകങ്ങളെയും ഏറ്റവുമധികം ഉപയോഗപ്പെടുത്തിയിരുന്ന തലമുറയായിരുന്നു ഞങ്ങളുടേത് എന്ന് നിസ്സംശയം പറയാം. യു.ജി., പി.ജി. പ്രോജക്റ്റുകളും പഠനത്തിരക്കുകളും എല്ലാമുണ്ടായിരുന്നിട്ടും നിറമൊട്ടും മങ്ങാത്ത ആഘോഷങ്ങൾ ഇന്നും മറക്കാൻ സാധിച്ചിട്ടില്ല.

രാത്രികളിൽ കൂട്ടുകാരുമൊത്ത് വാടകക്കെടുത്ത ജീപ്പിൽ സിനിമ കാണാനും പുറത്ത് കറങ്ങാനുമുള്ള സ്വാതന്ത്ര്യം മെൻസ് ഹോസ്റ്റലിന്റെ കുത്തകയായിരുന്നു. കോളേജ് മുഴുവൻ ബസ് വിളിച്ച് പോയി ആഘോഷിച്ചിരുന്ന കല്യാണങ്ങൾ. അതെല്ലാം ഇന്ന് ചെറിയ ഗ്രൂപ്പുകളിലേക്കോ ബാച്ചിലേക്കോ ഒതുങ്ങിപ്പോയിരിക്കുന്നു.

ഇതിനൊപ്പം തന്നെ പറയേണ്ട മറ്റൊന്നുകൂടിയുണ്ട്. കലാ-കായിക രംഗങ്ങളിൽ ഇന്ന് ഈ മുപ്പതാം വർഷത്തിലേതിനേക്കാൾ മറുപടി മുന്നിട്ടു നിൽക്കുന്ന പ്രകടനങ്ങൾ നടത്താൻ ഒരുപടി മുന്നിട്ടു നിൽക്കുന്ന പ്രകടനങ്ങൾ നടത്താൻ കെ.സി.എ.ഇ.ടി.ക്ക് സാധിച്ചിരുന്നു. ഫിഷറീസ്, വെറ്ററിനറി ഫാക്കൽറ്റികൾ കൂടി ഉൾപ്പെട്ട പഴയ കേരള കാർഷിക സർവ്വകലാശാല കലോത്സവത്തിൽ 65-ഓളം വിദ്യാർത്ഥികൾ മാത്രമുള്ള കാലത്ത് നമ്മൾ നാലുവർഷത്തോളം തുടർച്ചയായി 4-ാം സ്ഥാനത്ത് നിന്നിരുന്നു. അതിൽ തന്നെ 3 വർഷം തുടർച്ചയായി കലാതിലകവും

നമ്മൾ തന്നെ നേടി. ഇന്നും ആവേശത്തിന് ഒട്ടും കുറവില്ലാതെ മത്സരങ്ങൾ അരങ്ങേറുമ്പോൾ പഴയ സുവർണ്ണ കാലത്തിലേക്ക് ഒരു തിരിച്ചു പോക്ക് മനസ്സു കൊണ്ട് ആഗ്രഹിക്കാറുണ്ട്. പക്ഷേ ഇന്നെന്തു കൊണ്ടോ ആ ക്യാംപസ് ലഹരി പുതുതലമുറക്ക് നഷ്ടം വന്നതായി തോന്നുന്നു.

ജോലിയിൽ കയറിയതിനു ശേഷം ഇവിടെ നിന്നുമാറി നിന്ന വിരലിലെണ്ണാവുന്ന കുറച്ചു വർഷങ്ങൾ മാറ്റി നിർത്തിയാൽ ബാക്കി മുഴുവൻ ജീവിച്ചത് ഈ മതിൽക്കെട്ടിനകത്തായിരുന്നു. ജീവിതത്തിൽ എന്നെന്നും സൂക്ഷിക്കാനുള്ള ഒരുപിടി ഓർമ്മകളും ഇവിടെ നിന്നു ലഭിച്ചവ തന്നെയാണ്. ജീവിതത്തിലെ നിഴലും നിലാവും എന്തെന്നറിഞ്ഞത്, വിശാലമായ ലോകത്തിലേക്ക് ഭയം കൂടാതെ ഇറങ്ങിപ്പുറപ്പെടാൻ പഠിപ്പിച്ചത്, എല്ലാം കെ.സി.എ.ഇ.ടി. എന്ന ചെറിയ വലിയ ലോകത്തിന്റെ സംഭാവനകളാണ്.

പലവഴി പിരിഞ്ഞു പോയെങ്കിലും ഇന്നും പരസ്പരം ഓർത്തിരിക്കുന്ന സമയം കിട്ടുമ്പോഴൊക്കെ ഒത്തുകൂടുന്ന ഒരു കൂട്ടം സൗഹൃദങ്ങൾ, ഈ ക്യാംപസ് തന്ന ഏറ്റവും വലിയ സമ്മാനം അതാണ്. ആ സൗഹൃദക്കൂട്ടിൽ നിന്ന് അകാലത്തിൽ അകന്നുപോയ പ്രിയ സുഹൃത്ത് ഡോ. ലെവൻ കെ.വി.യുടെ ഓർമ്മകൾ ഇന്നും ജീവൻ തുടിച്ച് നിൽക്കുന്നു. ആ വേർപാട് അംഗീകരിക്കാൻ മനസ്സ് ഏറെ സമയമെടുത്തു. ഒരുപക്ഷേ കെ.സി.എ.ഇ.ടി.യുടെ ഏറ്റവും വലിയ പുണ്യവും പകരം വയ്ക്കാനില്ലാത്ത നഷ്ടവും ആയിരിക്കും അദ്ദേഹം. നമ്മുടെ ക്യാംപസ് കണ്ട അതുല്യനായ വിദ്യാർത്ഥിയും അതിലേറെ മികച്ച് അദ്ധ്യാപകനുമായ പ്രിയ സുഹൃത്തിന്റെ സ്മരണകൾക്കു മുന്നിൽ ഒരുപിടി അശ്രുപുഷ്പങ്ങൾ സമർപ്പിക്കട്ടെ.

ജീവിതത്തിൽ മറ്റെന്തൊക്കെയോ ആകാമായിരുന്ന ലോകത്തിന്റെ വേറേതെങ്കിലും ഒരു കോണിലാകേണ്ടിയിരുന്ന ജീവിതം ഒരു അഗ്രികൾച്ചറൽ എഞ്ചിനീയറാവുക എന്ന നിയോഗത്തിലൂടെ തവനൂരിൽ എത്തിപ്പെടുകയായിരുന്നു. പഠനശേഷം ജോലിയിൽ പ്രവേശിച്ചപ്പോഴും തിരികെ ക്യാംപസിലേക്കെത്താനായിരുന്നു ആഗ്രഹം. അദ്ധ്യാപകനായി തിരിച്ചെത്തിയപ്പോൾ അത് സാധിച്ചു. അന്ന് മുതൽ ക്യാംപസിന്റെ ഓരോ പുതിയ ചുവടുവയ്പ്പിലും പങ്കാളിയാകാൻ സാധിച്ചു. ഇന്നും ലോകത്ത് എവിടെയായിരുന്നാലും തിരിച്ചെത്താൻ മനസ്സു കൊതിക്കുന്നതും ഇവിടേക്കു തന്നെ.

കഴിഞ്ഞ മുപ്പത് വർഷങ്ങൾ കടന്നു പോയത് ഏറെ വേഗത്തിലാണ് എന്ന് ചിലപ്പോഴൊക്കെ തോന്നാറുണ്ട്. പഴയ കെട്ടിടങ്ങൾ പലതും രൂപവും ഭാവവും മാറി പുതിയ അക്കാദമിക് ബ്ലോക്കുകളും ഹോസ്റ്റുലുകളും വന്നു. ഫുഡ് എഞ്ചിനീയറിംഗ് എന്നൊരു ബ്രാഞ്ച്കൂടി വന്നു. അദ്ധ്യാപകരും വിദ്യാർത്ഥികളും എണ്ണത്തിൽ അധികരിച്ചു. കാലത്തിന് അനിവാര്യമായ മാറ്റങ്ങൾ തവനൂരിനെയും മാറ്റി.

അതിനിടയിൽ മുന്നിലൂടെ കടന്നു പോയ പേരു കൊണ്ടും മുഖം കൊണ്ടും തിരിച്ചറിയാവുന്ന കുറേ പേർ. പലയിടത്തും നമ്മെ തിരിച്ചറിഞ്ഞ് പുഞ്ചിരിക്കുന്നവർ. സ്നേഹവും ബഹുമാനവും തരുന്ന കുറേയേറെ വിദ്യാർത്ഥികൾ. തിരിഞ്ഞു നോക്കുമ്പോൾ ഇവിടെ തന്ന സമ്പാദ്യം ഇവയൊക്കെയാണെന്ന് തോന്നുന്നു. ആ തിരിച്ചറിവാണ് കെ.സി.എ.ഇ.ടി. തരുന്ന ഊർജ്ജം.

31-ാം ബാച്ച് പടികടന്നു വന്നപ്പോൾ മനസ്സ് പഴയൊരു ജനുവരി 23 ലേക്ക് തിരിച്ചു പോയി. ഇന്നും ക്ലാസ്സുകളിൽ കുസൃതിക്കാരെ കാണുമ്പോൾ അറിയാതെ ഓർമ്മകൾ പിന്നോട്ടു പായും. അതുകൊണ്ടാകാം അദ്ധ്യാപകർക്ക് എന്നും ചെറുപ്പമാണെന്നു പറയുന്നത്. കാലമെത്ര മുന്നോട്ടു പോയാലും പുതിയത് എന്തെല്ലാം വന്നാലും ഒരിക്കലും മാറ്റം വരാത്ത കോട്ടങ്ങളൊന്നും തട്ടാത്ത ഒന്നുണ്ട്, കെ.സി.എ.ഇ.ടി. എന്ന കുടുംബത്തിലെ ബന്ധങ്ങൾ. ഇന്നും നവാഗതരോട് സീനിയേഴ്സ് പറയുന്നത് പലപ്പോഴും കൗതുകത്തോടെ കേൾക്കാറുണ്ട്, ഇവിടെ നമ്മൾ ഒരു കുടുംബമാണ്, കെ.സി.എ.ഇ.ടി. കുടുംബത്തിലേയ്ക്ക് സ്വാഗതം.

ഇന്നു കാലം വല്ലാതെ മാറി. ആഴ്ചയിലൊരിക്കൽ വന്നാലായി എന്ന മട്ടിലായിരുന്ന ഹോസ്റ്റലിലെ ലാന്റ് ഫോൺ ബെല്ലിനു വേണ്ടിയുള്ള കാത്തിരിപ്പുകളും കത്തുകളുമെല്ലാം അന്യം നിന്നു കഴിഞ്ഞു. ക്യാംപസിലെ മരച്ചുവടുകളും വരാന്തകളും എല്ലാം സാക്ഷിയായിരുന്ന പറഞ്ഞാലും തീരാത്ത വിശേഷം പറച്ചിലുകൾ ഒന്നോ രണ്ടോ മെസേജുകളിൽ ഒതുങ്ങിക്കൂടാൻ തിടുക്കപ്പെടുന്നു. വീട് ഒരു വിദൂര സ്വപ്നമല്ലാതായി മാറുമ്പോൾ ക്യാംപസുമായുള്ള ആത്മബന്ധത്തിന്റെ ആഴം കുറയുന്നു എന്നത് ഒരു സത്യമാണ്. ഇവിടെ നിന്ന് അകന്നു പോയവർ കൂടുതൽ അകലാനും ഇനിയൊരു തിരിച്ചു വരവിനുള്ള വിദൂര സാധ്യതകൾ പോലും ഇല്ലാതാക്കാൻ ആഗ്രഹിക്കുന്നതുപോലെയും തോന്നുന്നുണ്ട് ചിലപ്പോഴൊക്കെ. തലോടിയ കൈകൾ കൊണ്ട് തല്ലുന്ന മറ്റൊരു മുഖംകൂടി കെ.സി. എ.ഇ.ടി. കാണിക്കാറുണ്ട് എന്ന സത്യം കയ്പുനീരുപോലുള്ള ഓരോർമ്മ മാത്രം.

എന്തു തന്നെയായാലും ഇന്നും ഒരു മാറ്റവും വന്നിട്ടില്ലാത്ത ഒന്നുണ്ട്. അഗ്രികൾച്ചറൽ എഞ്ചിനീയറിംഗ് എന്ന ഫാക്കൽറ്റിയേയും കെ.സി.എ.ഇ.ടി. എന്ന കോളേജിനേയും അംഗീകരിക്കാൻ സർക്കാരിനും ജനങ്ങൾക്കുമുള്ള വിമുഖത. ഇനി വരേണ്ട അത്യാവശ്യമായ മാറ്റവും അതാണ്. ഇന്നത്തെ ലോകത്തിന് ഏറ്റവും അനിവാര്യമായ ഒന്നാണ് കാർഷിക സാങ്കേതിക വിദ്യകൾ എന്ന തിരിച്ചറിവ് സൃഷ്ടിച്ചെടുക്കാൻ നമുക്ക് സാധിച്ചാൽ മാത്രമേ അങ്ങനെയൊരു മാറ്റം സാധ്യമാകൂ. സ്വയം വിലകുറച്ചു കാണുന്ന ഒരു പ്രവണത നമ്മുടെയിടയിൽ കാണുന്നുണ്ട്. ചിന്താഗതികൾ മാറ്റുക എന്നതാണ് പ്രധാനം. അഗ്രികൾച്ചറൽ എഞ്ചിനീയർ ആണെന്നതിൽ അഭിമാനം കൊള്ളാൻ നമുക്ക് സാധിക്കണം. ❑



# ഉദയം



**Shibina K. V.**
2013 Admin.
B.Tech Agrl. Engg

അന്നു ഞാൻ ഉണർന്നു, വളരെ നേരത്തെ
ആരുമുണർന്നില്ല, പറവകളുണർന്നില്ല
ഞാൻ മാത്രമെന്തേ ഉണർന്നിരിപ്പൂ........
ഞാൻ ഇറങ്ങി എന്റെ പൂവാടിയിലേക്ക്
ഇല്ല, എൻ പൂവുകൾ ഒന്നും വിരിഞ്ഞില്ല
നിരാശയോടെ ഞാൻ മടങ്ങി
കാത്തിരുന്നു സൂര്യോദയത്തിനായ്
ഇല്ല, ഒട്ടും വന്നില്ല വെളിച്ചം
മുകളിലുള്ളതോ പൂർണ്ണചന്ദ്രൻ
പാൽരുഞ്ചിരി തൂകി നിൽക്കുന്ന പൂർണ്ണചന്ദ്രൻ
മെല്ലെ മെല്ലെ മങ്ങി അമ്പിളി
കേട്ടു ചിലമ്പുകൾ പക്ഷിതൻ സ്വരങ്ങളും
സൂര്യോദയത്തിന്റെ നാമ്പുകൾ മെല്ലെയീ
കൊച്ചു കുടിലിലും കയറിയിറങ്ങവേ.....
ആ കൊച്ചു ബാലന്റെ മനസ്സിലും
വന്നൂ ഒത്തിരി ഉദയങ്ങൾ
അവന്റയുള്ളിലും ഒത്തിരി മോഹങ്ങൾ
ഉണ്ട് അവലതെല്ലാം, അടക്കിപ്പിടിക്കുന്നു
സൂര്യനുദിച്ചു ആളുകളുണർന്നു
പക്ഷികൾ ചിലച്ചു അവനാ ഉമ്മറത്തിണ്ണയിൽ
ഇരുന്നു നിറഞ്ഞ മനസ്സുമായി
അവനുദയമാണ് എന്നുമിഷ്ടം
പക്ഷിയുടെ ചിലമ്പലും അരുവിയുടെ നാദവും
ഇഷ്ടമാണിന്നുമിതെല്ലാം പക്ഷേ
അവൻ വെറുക്കുന്നു രാത്രിയെ
ചീവിടുകളുടെ ചിലപ്പിന്റെ ശബ്ദം
പേടിയാണവനു രാത്രിയെ
ഒറ്റക്കാക്കുടിലിൽ തനിച്ചിരിക്കുമ്പോൾ
അവനു ഭയമാണ് എല്ലാത്തിനെയും
അവൻ കാത്തിരിക്കുന്നു പ്രഭാതത്തിനായ്.

# Icons of KCAET



2011 Admission B.Tech Agrl. Engg.



2011 Admission B.Tech Food Engg.



M.Tech & Ph.D

# Icons of KCAET



2014 Admission M.Tech



2012 Admission B.Tech Agrl. Engg.



2012 Admission Food Engg.

# Icons of KCAET



2013 Admission B.Tech Agrl. Engg.



2013 Admission B.Tech Food Engg.



2014 Admission Agrl. Engg.

# Icons of KCAET



2014 Admission B.Tech Food Engg.



2015 Admission B.Tech Argl. Engg.



2015 Admission Food Engg.



# COMPANION

**AMRUTHA K**
2013 Admn.
B.Tech Agrl. Engg.

Still I hold this end firmly and hope
Your grip tightens on the other end.
When the lighting flashed last,
I thought I saw your silhoutte.
Perhaps I dreamed,
The icy storm shricked like a mained beast,
And I felt you shivering as the rope vibrated
Soothing,
Consoling,
Guiding
May be the hallucination of a lonely traveller,
Perhaps a mere illusion.
Clasping the other end,
heading
Yet I hope you are there.





**Rinju Lukose**
2013 Admn.
B.Tech Agrl. Engg.

# മഴ...

ചാറ്റൽ മഴ പെയ്തുകൊണ്ടേയിരുന്നു. അവളുടെ ചുരുണ്ട മുടിയിൽ മഴത്തുള്ളികൾ വെള്ളാരം കല്ലു പോലെ ചേർന്നിരുന്നു. മഴത്തുള്ളികൾ ചെറിയ വെള്ളാരം കല്ലുകൾ! അവളെന്നും മഴയെ സ്നേഹിക്കുന്നു. ആർത്തുലച്ചു പെയ്യുന്ന ഇടവപ്പാതിയേയും ഡിസംബർ മാസത്തിന്റെ മഞ്ഞുകാലത്തേയും അവൾ സ്നേഹിക്കുന്നു. ഞങ്ങളുടെ സ്ക്കൂൾ യാത്രയിൽ കാണപ്പെടുന്ന നിഗൂഢത ഒളിപ്പിച്ചു വച്ച മലകളിൽ മഴത്തുള്ളികൾ ഊണമിടുന്നത് കേൾക്കാനും നൃത്തം ചവിട്ടുന്നത് കാണാനും അവൾ വല്ലാതെ ഇഷ്ടപ്പെടുന്നു. ഒരുപാടു നേരം അവൾ കാഴ്ചകൾ കണ്ടാസ്വദിച്ചിട്ടുണ്ട്. മഴ കണ്ട് നടക്കുമ്പോഴുള്ള സുഖം അനുഭവിച്ചറിയണമെന്ന് എപ്പോഴും അവൾ പറയുമായിരുന്നു.

ഈ അവൾ ആരാണ്? കാർത്തിക വിഷ്ണുനാഥ് എന്റെ പ്രിയപ്പെട്ട കളിക്കൂട്ടുകാരി. പരസ്പരം ഞങ്ങൾ പങ്കുവെക്കാത്ത സ്വപ്നങ്ങളില്ല ദു:ഖങ്ങളും സന്തോഷങ്ങളുമില്ല. അന്നും ഇന്നും അവളുടെ മനസ്സറിയുന്നത് എനിക്ക് മാത്രമാണ്. കാർത്തിക വളരെ നിഷ്കളങ്കയായിരുന്നു. കോടീശ്വരരായ അമ്മയുടെയും അച്ഛന്റെയും ഏക മകൾ. പക്ഷേ അവളുടെ ജീവിതം എന്നും അസ്വസ്ഥതകൾ നിറഞ്ഞതായിരുന്നു. അച്ഛന്റെയും അമ്മയുടെയും കലഹങ്ങൾക്കിടയിൽ പെട്ട് സമാധാനം നഷ്ടപ്പെട്ട ഒരു ജീവിതമായിരുന്നു അവളുടെയും. മാനുഷിക ബന്ധങ്ങൾക്ക് വില കൽപ്പിക്കാത്ത അവരെ അവൾ ഒരിക്കലും ഇഷ്ടപ്പെട്ടിരുന്നില്ല, അവർ അവളെയും. ഒരുപാടൊരുപാട് ഹൃദയനൊമ്പരങ്ങളുമായി അവൾ എന്നോടെല്ലാം പറഞ്ഞിരുന്നു.

ഒരിക്കൽ അവൾ പറഞ്ഞു ചിത്രാ... ഈ മഴയിൽ അലിഞ്ഞു ചേരാൻ ഞാൻ വല്ലാതെ ആഗ്രഹിക്കുന്നു. ഞാൻ ശാസനപൂർവ്വം അവളെ നോക്കി. അവളുടെ മനസ്സ് അസാധാരണമായിരുന്നു. അവൾ വല്ലാതെ ഇഷ്ടപ്പെട്ടിരുന്ന മലകൾ എല്ലാം ഇന്ന് വെറും കുന്നുകൾ മാത്രമാണ്. മഴയും ഇന്ന് ദുർബലമാണ്. കാർത്തികയുടെ സ്വരം നന്നായി ഇടറിയിരുന്നു. അവൾ തുടർന്നു. ഞാൻ ഒറ്റക്കായില്ലേ.... സ്നേഹിച്ചിട്ടില്ല, എന്നാലും എനിക്ക് ജന്മം തന്നവരല്ലേ. പക്ഷേ ചിത്രാ ഞാനവരെ ഇപ്പോൾ വല്ലാതെ സ്നേഹിക്കുന്നു. അവർ പിരിഞ്ഞു. ഇനി സ്നേഹത്തെക്കുറിച്ച് അവരും പഠിക്കും.

ശരിയാക്കാം അവൾ ഏതോ ചിന്തയിലേക്ക് ആഴ്ന്നിറങ്ങി. കവിളിലേക്ക് ഒഴുകിയിറങ്ങിയ കണ്ണുനീർ തുടക്കാൻ കൂട്ടാക്കാതെ അവൾ പറഞ്ഞു വിവാഹമോചനം എന്നത് ഇല്ലായിരുന്നുവെങ്കിൽ കാർത്തിക, പരസ്പരം പൊരുത്തമില്ലാത്ത ജീവിതത്തിനേക്കാൾ നല്ലത് പിരിയുന്നതല്ലേ? എന്തുകൊണ്ട് പൊരുത്തമില്ലാതെ വരുന്നു അവളുടെ ശബ്ദം ഉയർന്നു.

ലോകം വല്ലാതെ പുരോഗമിച്ചു പോയി കാർത്തിക പിറുപിറുത്തു. ഞാൻ മഴയിലേക്കു നോക്കി, അത് നൊമ്പരത്തോടെ ദുർബ്ബലമായി ചിരിച്ചു. ❑

# ക്യാമ്പസ് ലൈഫ്



**Anjana S.R.**
2013 Admn.
B.Tech Agrl. Engg.

ക്യാമ്പസ്- സമാധിയിൽ നിന്നെഴുന്നേറ്റ ഒരുകൂട്ടം ചിത്രശലഭങ്ങളുടെ പറുദീസ. ജീവിത സമ്മർദ്ദങ്ങളുടെ ഉരുൾപൊട്ടലുകളോ പരിഭവങ്ങളുടെ പെരുമഴയോ ഇവിടെയില്ല. ഇണക്കങ്ങളും പിണക്കങ്ങളും ഇടകലർന്ന സംഗമങ്ങളുടെയും പൊട്ടിച്ചിരികളുടെയും പ്രതിധ്വനി മാത്രമാണ് ഇവിടെ മുഴങ്ങുന്നത്.

വായന, പഠനം എന്നിവയെക്കാളും സിനിമയും, ഫാഷനും, രാഷ്ട്രീയവുമൊക്കെ യുവമനസ്സുകളിൽ സ്ഥാനം പിടിക്കുന്നു. കോളേജ് ആർട്ട്സും സ്പോർട്ട്സുമെല്ലാം ഒഴിച്ചുകൂടാൻ കഴിയാത്തതായി മാറുകയും ചെയ്യുന്നു. ജീവിതവീഥിയിൽ എന്നെങ്കിലുമൊരിക്കൽ തിരിഞ്ഞുനോക്കുമ്പോൾ നിറപ്പകിട്ടാർന്ന ദിനങ്ങൾ, അതെപ്പോഴും ക്യാമ്പസ് ദിനങ്ങൾ തന്നെയായിരിക്കും. ഭാവിയിൽ ഓർത്തുചിരിക്കാൻ ഒത്തിരി അനുഭവങ്ങൾ കോളേജ് ലൈഫ് നമുക്ക് സമ്മാനിക്കുന്നു.

## ഇത്ര മധുരിക്കുമോ...

സൗഹൃദം, പ്രണയം- രണ്ടും ജീവിതത്തിലെ സമാന്തരങ്ങളാണ്. അതുകൊണ്ടുതന്നെ ഇവയ്ക്ക് രണ്ടിനും അതിന്റേതായ സ്ഥാനം കൊടുക്കുന്നവർക്കു മാത്രമേ ജീവിതവിജയം വരിക്കാനാകൂ. കേവലം മൂന്നോ നാലോ വർഷം മാത്രം ദൈർഘ്യമുള്ള ഇത്തരം ബന്ധങ്ങൾക്കുള്ള പരിശുദ്ധി പലപ്പോഴും ജീവിതകാലം മുഴുവൻ നിലനിൽക്കുന്നു. ഫ്രണ്ട്ഷിപ്പ് ഡേ ആഘോഷങ്ങൾ അന്നേ ദിവസത്തേക്ക് മാത്രമുള്ളതാകരുത്. അന്നത്തെ ആഘോഷങ്ങൾക്ക് ജീവിതകാലം മുഴുവനും സന്തോഷം പകരാൻ കഴിയണം.

ജീവിതമൊരു സ്വപ്നമാണെങ്കിൽ നീ വിഷാദിക്കേണ്ട, നാളെ നമ്മൾ പിരിയും അത് തടയുവാൻ നമുക്കാവില്ല.
ഇന്നത്തെ വസന്തത്തിൽ പനിനീർപ്പൂക്കൾ നമുക്കോരോന്നായി- പറിച്ചെടുക്കാം
തോഴീ നമുക്ക് വീണക്കമ്പി മുറിക്കാം

എന്ന ചങ്ങമ്പുഴയുടെ വരികൾ പ്രണയം തുളുമ്പുന്നതാണ്. പ്രതീക്ഷ നിറഞ്ഞ കണ്ണുകളും ഒടുവിൽ പെട്ടെന്ന് മുന്നിൽ കാണുമ്പോൾ ഉൾനെഞ്ചിലുളവാകുന്ന ഒരു തീക്കനലുമെല്ലാം ക്യാമ്പസുകൾക്ക് മാത്രം അവകാശമുള്ളവയാണ്.

ഏവമെന്തിനു കണ്ടുമുട്ടിനാം
വേർപിരിയുവാൻ മാത്രമായ്
ഏവമെന്തിനിണങ്ങി നാം തമ്മിൽ
വേർപിരിയുവാൻ മാത്രമായ് .

മധുരിക്കുന്ന ഒരുപിടി ഓർമ്മകൾക്കൊപ്പം വിരഹത്തിന്റെ അനുഭവങ്ങളും ക്യാമ്പസിൽ നിറഞ്ഞു നിൽക്കുന്നു. പ്രണയം, അത് അനന്തമാണ്. പ്രണയിക്കുന്ന ഓരോ ഹൃദയത്തിലും അത് കുടികൊള്ളുന്നു.

## ഗുരു-ശിഷ്യർ

ഗു എന്നാൽ ഇരുട്ട് രു എന്നാൽ അകറ്റുന്നവൻ. ജീവിതത്തിലെ അന്ധകാരത്തെ അകറ്റാൻ സഹായിക്കുന്നവരാണ് നമ്മുടെ ഗുരുക്കൻമാർ.

ലോകത്തെ മുഴുവൻ്ഡ കടലാസ്സാക്കിയാലും
ഭൂമിയിലെ വൃക്ഷങ്ങളെ മുഴുവൻ പേനയാക്കിയാലും
ഗുരുവിന്റെ മേന്മകളെ വർണ്ണിക്കാനാവില്ല

ഇത് കബീർദാസിന്റെ വരികളാണ്. ഒരുപക്ഷേ ഭൂമിയിൽ ഏറ്റവും ശ്രേഷ്ടമായത് ഗുരു-ശിഷ്യ ബന്ധം തന്നെയായിരിക്കാം.

എന്നാൽ ക്യാമ്പസ്സുകളിലെ ഗുരു-ശിഷ്യ ബന്ധങ്ങൾ അത്രത്തോളം ആഴമുള്ളതായി തോന്നുന്നില്ല. നമ്മുടെ ഗുരുക്കൻമാരുമായി സൗഹൃദസംഭാഷണമൊക്കെ നടത്താനുള്ള അവസരങ്ങൾ നാം തന്നെ കാണേണ്ടതാണ്. ഭാവിയിൽ ഒന്ന് തിരിഞ്ഞുനോക്കുമ്പോൾ ക്ലാസ്സിൽ നിന്ന് ഗെറ്റ് ഔട്ട് അടിക്കുന്നവരുടെ മുഖങ്ങൾ മറ്റുള്ളവരെക്കാൾ ഓർമ്മയിൽ തെളിഞ്ഞുനിൽപ്പുണ്ടാകും.

## ഹോസ്റ്റൽ

ഹോസ്റ്റൽ ജീവിതം - അത് വാക്കുകൾക്കതീതമാണ് അത് ആസ്വദിച്ചറിയുകതന്നെ വേണം. അർദ്ധരാത്രി രണ്ടുമണി വരെ നീളുന്ന സൊറ പറച്ചിലും അട്ടഹാസങ്ങളും അത് കേട്ട് വരുന്ന മാട്രന്റെ കണ്ണുവെട്ടിച്ചുകൊണ്ടുള്ള ഓട്ടവും അതിനിടയിലെ അബദ്ധങ്ങളുമെല്ലാം സൗഹൃദങ്ങളുടെ ആഴം കൂട്ടുന്നു. രാത്രിയിലെ ചർച്ചകളിൽ അന്താരാഷ്ട്ര പ്രശ്നങ്ങൾ പോലും ഇടം പിടിക്കുന്നു. അതിനിടയിലുണ്ടാകുന്ന കൊച്ചു കൊച്ചു പിണക്കങ്ങളുമെല്ലാം പിന്നീട് മധുരിക്കുന്ന ഓർമ്മകളാകുന്നു. ഹോസ്റ്റൽ ജീവിതം നല്ല സൗഹൃദബന്ധങ്ങൾ സൃഷ്ടിക്കുന്നു.

അടുത്ത്നില്പോരനുജനെ നോക്കാനക്ഷികളില്ലാത്തോർക്കരൂപനീശ്വര നദൃശ്യനായാൽ അതിലെന്താശ്ചര്യം

എന്നാണ് മഹാകവി ഉള്ളൂർ തന്റെ പ്രേമസംഗീതത്തിൽ പറഞ്ഞിരിക്കുന്നത്. സാഹചര്യങ്ങളുമായി പൊരുത്തപ്പെടാനും സഹജീവികളെ സ്നേഹിക്കാനും കോളേജ് ലൈഫ് നമ്മെ പഠിപ്പിക്കുന്നു. ക്ഷമ, സഹനം, സഹായമനോഭാവം, ആത്മധൈര്യം എന്നീ മാനുഷികഗുണങ്ങളും ഏവരിലും നേടിയെടുക്കാനാവട്ടെ. ❑



# ഓർമ്മച്ചെപ്പ്

**Arathy Krishnan**
2012 Admn.
B.Tech Agrl. Engg.

എഴുതാനുഴറി എൻ പുസ്തകത്താളിൽ
അതെന്തെന്നു മാത്രമെനിക്കറിയില്ല.
അകതാരിൽ എവിടെയോ ഒളിമിന്നും ആ
വർണ്ണലോകം അതെനിക്കിന്നന്യമോ??

നാവുതിരിയാതെ കാന്താരിയായ് ഒരു
അപ്പൂപ്പൻതാടിതൻ പുറകേപറന്നതും
കാറ്റിലാലോലമാടുമാ ഊയലിൻ
പച്ചിലക്കൊമ്പേറിയ ചങ്ങാതിക്കൂട്ടം

വാനം കാണാതെൻ പുസ്തകം സൂക്ഷിച്ച
കുഞ്ഞുമയിൽപ്പീലിച്ചെണ്ടും
കിന്നാരം ചൊല്ലുവാനെൻ ജാലകം
തേടിയ മൈനക്കിളിയും പറന്നകന്നു

വെള്ളിക്കൊലുസുപോൽ മിന്നിത്തിളങ്ങിയ
കുന്നിൻ ചെരുവിലെ കുഞ്ഞരുവി
മണ്ണും മരവും പുതച്ചുനിൽക്കുന്ന
തണുവോലും മകരപ്പുലരിയും

ഭക്തിസാന്ദ്രമാം ഒരു സിന്ദൂരസന്ധ്യതൻ
ജപമന്ത്രധ്യാന ശംഖൊലികൾ
മുട്ടിയുരുമ്മാനും കൂടെക്കളിക്കാനും ഇണങ്ങാനും
പിണങ്ങാനും ഒപ്പമുണ്ടായൊരു വെള്ളക്കുറിഞ്ഞി

എല്ലാം ഹൃദയതന്ത്രികളിൽ ഒതുങ്ങി
നിൽക്കുന്ന മായാപ്രപഞ്ചമോ?
നഷ്ടമാകുമീ സ്വപ്നസത്യങ്ങൾ എനിക്കൊരു
ഓർമ്മച്ചെപ്പ് മാത്രമോ??

# NSS activities

























"Agriculture is the backbone of live hood security system of nearly 700 million people in the country and we need to build our food security on the foundation of home grown food."

M.S. SWAMINADHAN



"Food and medicine are not two different things; they are the front and back of one body. Chemically grown vegetables may be eaten for food, but they cannot be used as medicine."

MASANOBU FUKUOKA



"Trade increases the wealth and glory of a country; but its real strength and stamina are to be looked for among the cultivators of the land"

WILLIAM PITT

# ACHIEVEMENTS






**UNIVERSITY ATHLETICS CHAMPIONS**



***University Basket ball team members:***
**RAHUL P.K., BASIL M., AJAY JAYAKUMAR, AKHIL.K.G**



**UNIVERSITY TABLE TENNIS RUNNERS UP**



**University football team: JASBEER K.T, ARJUN PRAKASH K.V., SRAVAN RAJ, ANSHID K.**

# TOUR MOMENTS




















Essay Writing Malayalam I[st] Prize

# പരിസ്ഥിതി സംരക്ഷണവും കേരളത്തിന്റെ വികസനവും



**Abeena M.A.**
2012 Admn.
B.Tech Agrl. Engg.

മനുഷ്യനും പ്രകൃതിയും ഒന്നുചേർന്ന സന്തുലിതമായ സാഹചര്യങ്ങളിൽ മാത്രമാണ് ലോകത്തിന് നിലനിൽപ്പ് സാധ്യമാകുന്നത് എന്നത് കാലങ്ങൾക്ക് മുമ്പേ നാം കേൾക്കാൻ തുടങ്ങിയതും തെളിയിക്കപ്പെട്ടതുമായ സത്യമാണ്. ആധുനികതയിൽ നിന്ന് ആധുനികതയിലേക്ക് കുതിച്ചുപായുന്ന ഒരു ലോകത്തിലാണ് മനുഷ്യൻ ഇന്ന്. നവീനമായതെന്തും അതിന്റെ മാന്ത്രിക വലയത്തിലേക്ക് മനുഷ്യ സംസ്കൃതിയെ മുഴുവൻ വലിച്ചടുപ്പിച്ചുകൊണ്ടിരിക്കുന്നു. അനുനിമിഷം നടക്കുന്ന കോശവിഭജനംപോലെ നിമിഷാർദ്ധങ്ങളിൽ നവീന ആശയങ്ങളും പ്രതിഭാസങ്ങളും ഉടലെടുക്കുകയും അംഗീകരിക്കപ്പെടുകയും ജീവിതഗതിയുടെ ഭാഗമായിത്തീരുകയും ചെയ്യുന്നു.

വികസനം എന്ന് കേൾക്കുമ്പോൾ മനസ്സിലേക്കോടിയെത്തുന്നത് ഒരു നാടിന്റെ ഭൗതിക ജീവിത സാഹചര്യങ്ങളുടെ സമഗ്രമായ വളർച്ചയും പുരോഗതിയുമാണ്. മനുഷ്യന്റെ അടിസ്ഥാന ജീവിതാവശ്യങ്ങളായ ഭക്ഷണം, ആരോഗ്യം തുടങ്ങിയ രംഗങ്ങളിൽ നിന്നാരംഭിച്ച് വിദ്യാഭ്യാസം, ഗതാഗത സൗകര്യങ്ങൾ മറ്റ് വ്യാപാര - വാണിജ്യ ആവശ്യങ്ങൾക്കുതകുന്ന സൗകര്യങ്ങൾ വിനോദ-വിജ്ഞാന മേഖലകൾ ഇവയെല്ലാം ഉൾപ്പെടുന്ന വികസനമാണ് ഒരു നാടിന്റെ ആവശ്യം.

നമ്മുടെ ഇന്നത്തെ സാഹചര്യത്തിൽ ഓരോ നിമിഷവും ഏറെ ചർച്ചചെയ്യപ്പെടുന്ന വാക്കാണ് 'വികസനം'. കേരള സമൂഹം വിദ്യാഭ്യാസ, ആരോഗ്യ സംരക്ഷണ, ജീവിത സാഹചര്യ നിലവാരങ്ങളുടെ സൂചികാ പ്രകാരം ലോകത്തിലെ പ്രമുഖ വികസതിത രാജ്യങ്ങൾക്കൊപ്പം നിൽക്കാവുന്ന തലത്തിലേയ്ക്ക് വളർന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. എന്നാൽ, നമ്മുടെ രാഷ്ട്രം ഇന്നും വികസിത രാജ്യങ്ങളുടെ നിരയിലേക്ക് എത്തിപ്പെടാൻ സാധിക്കാത്ത അവസ്ഥയിൽ നിലനിൽക്കുന്നു. രാജ്യത്താകമാനം ഇന്ന് അലയടിച്ചുകൊണ്ടിരിക്കുന്ന വികസന തരംഗം ഈ ലക്ഷ്യത്തിലേയ്ക്കെത്തിച്ചേരാനുള്ള മുതൽക്കൂട്ടാകും എന്ന് പ്രത്യാശിക്കാം.

കേരളം ഈ സ്ഥാപനം കണ്ടതിൽവച്ചേറ്റവും വലിയ വികസന വിസ്ഫോടനത്തിന്റെ കാലഘട്ടത്തിലൂടെയാണ് കടന്നുപോകുന്നത്. അടിക്കടി വർദ്ധിച്ചുവരുന്ന ജനസംഖ്യയും വിദ്യാഭ്യാസ-ആരോഗ്യ നിലവാരങ്ങളിലെ വർദ്ധനയും മറ്റ് ഭൗതിക സാഹചര്യങ്ങളുടെ വികസനം അനിവാര്യമാക്കിത്തീർക്കുന്നു. വിദ്യാഭ്യാസ രംഗത്തിന്റെ അഭൂതപൂർവ്വമായ വികാസവും അതിന്റെ ഫലമായി നമുക്കു മുന്നിൽ തുറന്നുകിട്ടിയ അതിവിശാലമായ ലോകത്തിലേക്ക് എത്തിപ്പെടാനുള്ള കുതിച്ചുപായലും കേരളം ഇന്ന് കണ്ടുകൊണ്ടിരിക്കുന്നു.

നാട്ടിൽ എവിടെയെങ്കിലും ഒരു കെട്ടിടം പണി തുടങ്ങിയാൽ അതൊരു എഞ്ചിനീയറിങ്ങ് കോളേജാണ്, മെഡിക്കൽ കോളേജ് അല്ലെങ്കിൽ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിയാണ്, ഇന്റർനാഷണൽ സ്കൂളാണ് എന്ന് നിസ്സംശയം പറയാവുന്ന സാഹചര്യമാണ് ഇന്ന് നിലനിൽക്കുന്നത്. ഇത്തരത്തിൽ നാടൊട്ടുക്കും വിദ്യാഭ്യാസ സ്ഥാപനങ്ങളും, ടെക്നോ പാർക്കുകളും, ഐ.ടി. സിറ്റി, വ്യാപാര-വ്യവസായ ശാലകൾ ഇവയെല്ലാം ഉയരുന്നതിനെ നാം വികസനത്തിന്റെ കണ്ണിലൂടെ കാണുന്നു.

കേരളം ഇന്ന് കണ്ടുകൊണ്ടിരിക്കുന്ന ഏറ്റവും വലിയ പദ്ധതിയാണ് കൊച്ചിൻ മെട്രോ റെയിൽ. 'അറബിക്കടലിന്റെ റാണി'യെന്ന് ഓമനപ്പേരു വിളിക്കുന്ന നമ്മുടെ കൊച്ചിയുടെ നാളത്തെ പ്രഭാതങ്ങൾ കാതോർക്കുന്നത് മെട്രോ റെയിലിന്റെ ചൂളം വിളികളാണ്. കാലങ്ങളായി കേരളം കേട്ടുതുടങ്ങിയ തീരദേശ ഹൈവേ, ശബരി പാത ഇരട്ടിപ്പിക്കൽ തുടങ്ങിയവയെല്ലാം സമീപഭാവിയിൽ നടപ്പാക്കപ്പെടാൻ സാധ്യതയുള്ള പദ്ധതികളാണ്.

ഇന്ന് കേരളം ഏറ്റവും കൂടുതൽ ചർച്ച ചെയ്യുന്ന ചാനൽ ചർച്ചകളെ ചൂടുപിടിപ്പിക്കുന്ന 'വിവാദ' വിഷയ

മാണ് ആറന്മുള വിമാനത്താവളം. ജീവിത സൂചിക നില വാരങ്ങൾ കുതിച്ചുയരുന്ന ഈ കാലത്ത് ആകാശ സഞ്ചാരത്തിന് ആവശ്യകതയും പ്രിയവും ഏറിവരുന്നു എന്നതുകൊണ്ട് പുതിയൊരു വിമാനത്താവളം ആവശ്യമാണ് എന്ന വാദം ഒരു ഭാഗത്ത് ഉയരുമ്പോൾ പരിസ്ഥിതി ആഘാത പഠനത്തിന് അനുവാദം നൽകിയ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിനെതിരെ കലാപക്കൊടിയുയർത്തുന്നു മറു വിഭാഗം.

ഇന്ത്യയെ വികസനത്തിന്റെ പാതയിലൂടെ കൈപിടിച്ചുയർത്തുന്നതിന്റെ ഭാഗമായി 'മെയ്ക്ക് ഇൻ ഇന്ത്യ' തരംഗം ആഞ്ഞടിയ്ക്കുന്ന ഇന്നത്തെ കാലത്ത് കേരളം പോലെ നിക്ഷേപകരെ ഏറെ ആകർഷിക്കുന്ന ഒരു സംസ്ഥാനം വ്യവസായ സേവന മേഖലകളിൽ കൈവരിക്കാൻ പോകുന്ന വികസനത്തിന്റെ സാധ്യതകൾ അനന്തമായി നീളുന്നു.

ഏതു പുതിയ പദ്ധതിയും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിസ്ഥിതി ആഘാത പഠനത്തിനു ശേഷം മാത്രമേ അനുമതിയോടുകൂടി ആരംഭിക്കൂ എന്നൊരു ചട്ടം നിലനിൽക്കുന്നുണ്ട്. എന്നിരുന്നാൽതന്നെയും ഈ മാർഗ്ഗരേഖകൾ എത്രത്തോളം വിശ്വസനീയമാം വിധത്തിൽ ഉപയോഗപ്പെടുത്തുന്നു എന്നത് ചോദ്യം ചെയ്യപ്പെടേണ്ടതാണ്.

കേരളം പോലെ ഭൂപ്രകൃതിയിൽ ഏറെ പ്രത്യേകതകളുള്ള ഒരു സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം അതിന്റെ ലോലമായ ഭൂപ്രകൃതിയും, വിഭവങ്ങളും സൂക്ഷ്മമായി കൈകാര്യം ചെയ്യപ്പെടേണ്ട ഒന്നാണ്. കീഴ്ക്കാംതൂക്കായ മലനിരകളും, തീരപ്രദേശങ്ങളും, സമതല ഭൂപ്രദേശവും ഇടചേർന്ന ഭൂപ്രകൃതി വൈവിധ്യം നമ്മുടെ ഈ കൊച്ചു സംസ്ഥാനത്തിനുമാത്രം അവകാശപ്പെടാവുന്ന ഒന്നാണ്.

സമൃദ്ധമായി ലഭിക്കുന്ന മഴയും പ്രകൃതി കനിഞ്ഞരുളിയ ജലസ്രോതസ്സുകളും ഫലഭൂയിഷ്ടമായ മണ്ണും മറ്റ് ജന്തുജീവജാല സമ്പത്തുമെല്ലാം ഈ നാടിന് മാത്രം സ്വന്തമാണ്. അതിനേക്കാളുപരി വിദ്യാഭ്യാസ രംഗത്ത് ഏറെ വികസനം പ്രാപിച്ച മനുഷ്യ വിഭവശേഷി നമ്മുടെ കണക്കില്ലാത്ത മറ്റൊരു സമ്പത്താണ്.

വികസനത്തിന്റെ പേരിൽ നടക്കുന്ന വനംകൊള്ളയും, പ്രകൃതിവിഭവ ചൂഷണവും പ്രതികൂലമായി ബാധിക്കുന്നത് പ്രകൃതിയുടെ സന്തുലനത്തെയും മനുഷ്യനുൾപ്പെടുന്ന ജീവിവർഗ്ഗങ്ങളുടെ നിലനിൽപ്പിനേയുമാണ് എന്ന സത്യം വിസ്മരിച്ചുകൂടാ.

ഈയിടെ നടന്ന മലയാള മനോരമ ജല-കോൺഗ്രസ്സ് മുന്നോട്ടുവച്ച നിർദ്ദേശങ്ങളും ഈ സമ്മേളനം വെളിച്ചത്തു കൊണ്ടുവന്ന നമ്മുടെ ജല സാക്ഷരത, വിനിയോഗ, സംരക്ഷണ നടപടികളുടെ നേർച്ചിത്രങ്ങളും ഏവരുടേയും കണ്ണുതുറപ്പിക്കേണ്ടതാണ്. കേരളത്തെ മുഴുവൻ മുക്കിയിടാനുള്ളത്ര മഴ ഓരോ വർഷവും ലഭിക്കുന്ന നമ്മുടെ നാട് വേനൽക്കാലത്ത് ഒരു തുള്ളി വെള്ളത്തിനായി കേഴുന്നതും മഴക്കാലത്ത് വെള്ളപ്പൊക്കത്തിലും മണ്ണിടിച്ചിൽ ഉൾപ്പെടെയുള്ള ദുരന്തങ്ങളിൽപെട്ട് മരണക്കയത്തിലാഴുന്നതും നിത്യസംഭവമാവുകയാണ്.

വളരുന്ന ജനസംഖ്യയെ തീറ്റിപ്പോറ്റുന്നതിനാവശ്യമായ ഭക്ഷണം ഉണ്ടാക്കാൻ കാർഷിക മേഖലയെ ശക്തിപ്പെടുത്തുകയും വിഷമില്ലാത്ത ഭക്ഷണവും ശുദ്ധമായ കുടിവെള്ളവും മനുഷ്യർക്ക് ഉറപ്പാക്കുകയുമാണ് വികസനത്തിന്റെ ആദ്യപടി. ഇതിന് സംസ്ഥാനമൊട്ടാകെ നടപ്പാക്കേണ്ട ജലസംരക്ഷണ പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ ഇന്നു ഗവൺമെന്റിന് സമർപ്പിക്കപ്പെട്ടിട്ടുണ്ട്.

ഇതോടൊപ്പംതന്നെ പ്രകൃതിവിഭവങ്ങളെ അമിതമായി ചൂഷണം ചെയ്യാതെ ജനങ്ങളുടെ ജീവിത സാഹചര്യങ്ങൾ മികച്ചതാക്കുന്നതിനുള്ള വികസനങ്ങൾനടപ്പാക്കുക എന്നതാണ് കേരളത്തിന്റെ ഇന്നത്തെ സാഹചര്യത്തിൽ ആവശ്യം.

മണ്ണും, വെള്ളവും, വായുവും ഈ മൂന്നു ഘടകങ്ങളാണ് പ്രകൃതി എന്ന വൈവിധ്യപൂർണ്ണമായ സംവിധാനത്തിന്റെ നിലനിൽപ്പിന്നാധാരമായി വർത്തിക്കുന്നത്. ഇതുമൂന്നും വിഷവിമുക്തമായി നിലനിർത്തിക്കൊണ്ട്, പരിമിതമായി മാത്രം ചൂഷണം ചെയ്തുകൊണ്ട് വികസനം നടപ്പാക്കുന്നതിന് മികച്ച മാതൃകകൾ ലോക രാജ്യങ്ങൾക്കിടയിൽ ലഭ്യമാണ്. ഇവയെ ഉപയോഗപ്പെടുത്തുന്നതിനുള്ള മനസ്സാണ് നാം സൃഷ്ടിക്കേണ്ടത്.

വികസനം എന്നത് കേവലം മണിമന്ദിരങ്ങൾ കെട്ടിയുയർത്തലും, ടാറിട്ട റോഡുകളും, റെയിൽപ്പാളങ്ങളും, വ്യവസായ ശാലകളും കെട്ടിയുയർത്താനും പരിപാലിക്കുന്നതിനുള്ള പണം വാരിവിതറലായി ഒതുങ്ങിപ്പോകുന്നതാണ്. നമ്മുടെ കാടുകൾ കരിയുന്നതിനും, നാടുകൾ മൊട്ടക്കുന്നുകളും മരുഭൂമിയുമായി മാറുന്നതിനും, പുഴകൾ കണ്ണീർച്ചാലുകളും അഴുക്കു ചാലുകളുമായി മാറുന്നതിനും കാരണം.

ഇതിൽനിന്ന് വ്യത്യസ്തമായി മനുഷ്യന് ജീവനും സ്വത്തിനും സ്വാതന്ത്ര്യത്തിനും ഭീഷണിയില്ലാതെ ആരോഗ്യത്തോടെയും സന്തോഷത്തോടെയും അന്തസ്സോടെയും പ്രകൃതിയുമായി ഒന്നുചേർന്ന് ജീവിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങളാണ് വികസനം എന്ന കാഴ്ചപ്പാടിലേയ്ക്ക് ജനങ്ങളും ഭരണാധികാരികളും ഉണരുന്ന കാലത്ത് മാത്രമേ യഥാർത്ഥ മാവേലിനാട് സാക്ഷാത്ക്കരിക്കപ്പെടു എന്ന് മനസ്സിലാക്കണം. "ലോകാസമസ്താ സുഖിനോ ഭവന്തു" എന്നതാകട്ടെ നമ്മുടെ വികസനമന്ത്രം.

❑

Versification Malayalam Ist Prize

# ആത്മഗതം



**Anjali M.G.**
2014 Admn.
B.Tech Food Engg.

മനസാം ചുമർകെട്ടിനകത്ത്
നിശ്ചലമാം താമരപൊയ്കയിൽ
മുഖം നോക്കിനിൽക്കവേ എന്റെയാത്മാ-
വെന്നോടു മെല്ലെയാദ്യമായ് മന്ത്രിച്ചു
നീയാരാണ്.....?

അന്ധകാരത്തിൻ തടവറയിൽ
ഇന്നും നീയൊരു തടവുകാരി
ഒരേയൊരാഗ്രഹം ഇന്നും നിൻ മനസ്സിൽ
തങ്ങിനിൽക്കുന്നുവോ...?

എന്നിലെ നീയാം എന്നെ നീ
ലോകത്തിൻ മുന്നിൽ തുറന്നുകാട്ടൂ
നിന്നെ ബന്ധിക്കുമീ സമൂഹ നിയമമാം
കൽതുറുങ്കിനെ തച്ചുടച്ചീടൂ...

നാലുകെട്ടിനകത്തളത്തിൽ
നിയമമാം ഉലയിൽ
വെന്തുരുകിടും സ്വപ്നകുമ്പാരങ്ങളെ
അനുഭവത്തിൻ മൂശയിൽ വാർത്തെടുക്കൂ.

സ്ത്രീത്വത്തിൻ ദേവിബിംബമാം
സീതതൻ ഭുഃജശാഖയിൽ നിന്നുയരൂ
സകല ദുഃഖവും താങ്ങിടുമീ തണുത്തുറച്ച
ധരീത്രിഭാവത്തിൽനിന്നുണരൂ.
സർവ്വചരാചരവും വാഴ്ത്തുന്നൊരു
ശ്രീഭദ്രയായ് പറന്നുയരൂ.

സർവ്വലോകത്തും വിളയാടും
വാഗ്ദേവിയും സ്ത്രീ,
കരിപുരണ്ട അടുക്കളത്തിണ്ണയിൽ
സ്വയം ഹോമിക്കും നീയും സ്ത്രീ
നിന്നിലെ സ്ത്രീത്വത്തെ വീണ്ടെടുക്കൂ...

നിന്നിലെ നിൻ സ്വപ്നങ്ങളാം
ബന്ധനപറവയെ സ്വതന്ത്രയാക്കൂ
ചമക്കട്ടെ ഈ പറവ വീണ്ടും
ഒരു പുതിയ സീതായനം...

ആത്മാവിൻ മൊഴികളെൻ
കരുത്തായ് മാറുകിൽ
എൻ ആത്മാവ് ഞാനായ്ത്തീരുകിൽ
എൻ ആത്മഗതം ചമക്കട്ടെ
നാളെയൊരു സീതായനം....
സ്വാതന്ത്ര്യത്തിൻ സീതായനം....

I-tech

**YEM BEE MARKETING**

1/1185C, Parammal Tower, N.H. Junction Calicut Road,
**Kutipuram,** Malappuram Dt. - 679 571
Ph : 9995751188, 9995119211, 9995931533, 9895707005
E-mail : yembeemarketing@gmail.com

Short story Malayalam Ist Prize

# ഇടവേളയ്ക്കുശേഷം മഴ പെയ്യുകയാണ്



**Abeena M.A.**
2012 Admn.
B.Tech Agrl. Engg.

ദേവൻ സാറിന്റെ അറുബോറൻ ക്ലാസ്സ് കത്തിക്കയറിക്കൊണ്ടിരിക്കുന്നു. ശാലിനി പിൻ ബഞ്ചിലിരുന്ന് ജാലകത്തിനു വെളിയിലെ മഴയിലേയ്ക്ക് മിഴികൾ പായിച്ചു. ശ്ശോ... ക്ലാസ്സ് തീരാൻ ഇനിയും അര മണിക്കൂർകൂടിയുണ്ട്. രാവിലെ തുടങ്ങിയ മഴയാണ്. ക്ലാസ്സിൽ സമയത്തിനെത്താനുള്ള ധൃതി കാരണം ശരിക്കൊന്നാസ്വദിയ്ക്കാൻ പറ്റിയില്ല. അതിനുമുമ്പ് അമ്മ ഓട്ടോ വിളിച്ചുതന്നു. വീട്ടിൽ നിന്നിറങ്ങുന്നതിനുമുമ്പ് നൂറുവട്ടം ഉപദേശവും "നനഞ്ഞുകുളിച്ച് നടക്കരുത്." അപ്പോഴൊക്കെ അമ്മയോട് ദേഷ്യവും തോന്നി. ഈ അമ്മയെപ്പോഴും ഇങ്ങനെയാണ്. തനിയ്ക്കിഷ്ടമുള്ളതൊന്നും ചെയ്യാൻ സമ്മതിയ്ക്കില്ല. മഴ നനയാനും വെള്ളത്തിൽ കളിയ്ക്കാനും കൂട്ടുകാരോടൊപ്പം പിക്നിക്കിനു പോകാനും ഒന്നും. അതിനൊക്കെ പറയാൻ അമ്മയ്ക്കൊരു ന്യായവും ഉണ്ട്. "എനിയ്ക്ക് നീ മാത്രമേ ഉള്ളൂ." പിന്നെ പരിഭവവും പരാതിയും കണ്ണീരുമാകും. അതൊക്കെ കേൾക്കുമ്പോൾ തന്റെ കണ്ണും നിറയും. അന്നത്തെ ദിവസം പിന്നെ അമ്മയുടെയും മോളുടേയും മുഖം മൂടിക്കെട്ടിയ ആകാശമാകും. ഇപ്പോൾ പെയ്യും പെയ്യില്ല എന്നപോലെ.

ഒരു നൂറുതവണ കേട്ടുകഴിഞ്ഞ കഥയാണ് അമ്മയുടെ ജീവിതം. സമ്പന്നമായ ഇല്ലത്തെ തിരിമേനിയ്ക്കും തമ്പുരാട്ടിയ്ക്കും നേർച്ച നേർന്നും വഴിപാടു നടത്തിയും ജനിച്ച പൊന്നുമകൾ. ഐശ്വര്യത്തിന്റെ ദേവതയായി വളർന്നു വന്നവൾ. കൗമാരത്തിന്റെ കുസൃതികൾ യൗവ്വനത്തിന്റെ കനവുകളായി നിറം മാറി തുടങ്ങിയ കാലത്ത് നാട്ടിലെ സ്ക്കൂളിൽ പുതിയൊരു മാഷ് വന്നു. അച്ഛൻ തിരുമേനിയ്ക്ക് ആളെ ക്ഷ! ബോധിച്ചു. അയാൾ അങ്ങനെ ഇല്ലത്തെ പതിവുകാരനായി. നേരംപോകുവോളം വേദവും ശാസ്ത്രവുമായി അച്ഛന് നേരം കളയാൻ പറ്റിയ കൂട്ടായി ഹരി നമ്പൂതിരി. കൂട്ടത്തിൽ ലക്ഷ്മിയുടെ സംശയങ്ങൾ തീർക്കാൻ ട്യൂഷൻ മാഷ് എന്ന പദവിയും. വർണ്ണ സ്വപ്നങ്ങളുടെ ലോകത്ത് പാറിപ്പറന്ന ലക്ഷ്മിയുടെ പൂമ്പാറ്റച്ചിറകുകൾക്ക് പുതിയ കിനാവുകളുടെ നിറം നൽകിയ മാന്ത്രികനായി ഹരി മാറിയത് പെട്ടെന്നായിരുന്നു. പക്ഷേ, ആ സന്തോഷത്തിന്റെ അലകൾക്കപ്പുറം ജീവിത യാഥാർത്ഥ്യങ്ങളുടെ അടിയൊഴുക്കുകൾ ആ ചിറകുകൾ തല്ലിയൊടിച്ചു. കാവിലെ വേലയും പൂരവും കഴിഞ്ഞപ്പോൾ ദാവണിത്തുമ്പുകൊണ്ട് മൂടിവയ്ക്കാൻ പറ്റാത്ത ഒരു രഹസ്യമായി ആ ബന്ധം വളർന്നുപോയിരുന്നു. അന്നൊരു മഴയുള്ള സന്ധ്യയ്ക്ക് ലക്ഷ്മി പിൻവാതിലിലൂടെ ഇറങ്ങി പാടത്തെത്തുമ്പോഴേ കണ്ടു ഇടവഴിയിൽ ഹരിയുടെ നിഴലനക്കം. നടത്തത്തിനു വേഗം കൂട്ടി. മഴയ്ക്ക് ശക്തി കൂടുന്നു. ഇരുട്ട് കനം വയ്ക്കുന്നു. ഒരു മിന്നൽക്കീറ് ആകാശം തുളച്ച് കടന്നുവന്നു. ഇറുക്കിയടച്ച കണ്ണുകൾ തുറക്കുമ്പോൾ കണ്ടു ഇടവഴിയിലേയ്ക്ക് ഓടിയടുക്കുന്ന ചൂട്ടുകറ്റകളുടെ വെളിച്ചം. ആരൊക്കെയോ അടുത്തേയ്ക്കോടിയെത്തുന്ന ശബ്ദം ബഹളം. പിടിവലികൾക്കൊടുവിൽ ബോധം തെളിയുമ്പോൾ ഇരുട്ടുപിടിച്ച പത്തായപ്പുരയ്ക്കുള്ളിൽ പൂട്ടിയിട്ടിരിയ്ക്കുകയാണ്. പിന്നീട് കരഞ്ഞു തീർത്ത ദിനങ്ങൾ. മകൾ പിഴച്ചുപോയെന്ന സത്യം താങ്ങാനാകാതെ സാധു തിരുമേനി ഹൃദയം പൊട്ടി മരിച്ചു. ഇല്ലക്കെട്ടിനകത്തെവിടെയോ സ്വയം ശപിച്ച് വെളിച്ചത്തുവരാൻ മടിച്ച് അമ്മ. ബന്ധുജനങ്ങളുടേയും നാട്ടുകാരുടേയും പരിഹാസം. ഒടുവിൽ ഒരു തുലാവർഷക്കാലത്ത് ഇടിമുഴക്കങ്ങൾക്കുമീതേയ്ക്ക് ഒരു അലറിക്കരച്ചിലുമായി ശാലിനി പിറന്നുവീണു. അതേ രാത്രിയിൽ അമ്മ പോയി. ചിതയെരിഞ്ഞു തീരാൻ സമ്മതിയ്ക്കാതെ ആകാശം കരഞ്ഞുകൊണ്ടിരുന്ന ആ രാത്രിതന്നെ ഇല്ലം ഭാഗം ചെയ്ത് ബന്ധുക്കൾ പിരിഞ്ഞു. അന്നുതുടങ്ങിയ ആ മഴക്കാലം ഇന്നും തോർന്നിട്ടില്ല.


ടിം... ടിം... ഹാവൂ... സമാധാനമായി. ഇനി പതിനഞ്ചു മിനിറ്റ് ഇടവേളയാണ്. അതുകഴിഞ്ഞ്... ഹോ... ഇന്നാണ് പുതിയ ഇംഗ്ലീഷ് സാർ വരുന്നത്. കഴിഞ്ഞ ഒരാഴ്ചയായി അടിച്ചുപൊളിച്ച പീരീയഡായിരുന്നു. സുമിത്ര ടീച്ചർ സ്ഥലം മാറിപ്പോയ ഒഴിവിലേയ്ക്ക് പുതിയ ആൾ എത്തിയിട്ടുണ്ടെന്ന് ദേവൻ സാറാണ് പറഞ്ഞത്. ആൾ എങ്ങനെയാകുമോ എന്തോ? ആ... എന്തായാലും പതിനഞ്ചു മിനിറ്റ് തനിയ്ക്ക് മഴ കാണാമല്ലോ... സന്തോഷം... എന്തു രസമാണെന്നോ ഈ മഴ.... ചിലപ്പോഴൊക്കെ ചിന്നി ചിണുങ്ങി...... മറ്റു ചിലപ്പോൾ ആർത്തലച്ച്... എന്തായാലും ശാലിനിയ്ക്ക് മഴ ഏറെ ഇഷ്ടമാണ്. ടിം... ടിം... മണിയൊച്ച വീണ്ടും ആസ്വാദനത്തിന്റെ ചരടുമുറിച്ചു. അതാ വരുന്നു... പുതിയ സാർ. എവിടെയോ കണ്ടുമറന്ന മുഖം. നല്ല പരിചയം തോന്നുന്നു പക്ഷേ, എവിടെയാണെന്നോർമ്മയില്ല... ചിലപ്പോ... ചിലപ്പോ... തനിയ്ക്ക് തോന്നിയതാകുമോ... ആ... ആർക്കറിയാം.... മാഷ് പരിചയപ്പെടുത്താൻ തുടങ്ങി.... ഞാൻ നിങ്ങളുടെ പുതിയ ഇംഗ്ലീഷ് അദ്ധ്യാപകനാണ്. പേര് ഹരി... ഓർക്കാപ്പുറത്ത് ഇടിവെട്ടേറ്റതുപോലെ ശാലിനി ഞെട്ടി! ഹ... ഹരി...! അതേ.... അമ്മയുടെ ഡയറിത്താളുകൾക്കിടയിൽ കണ്ട ഫോട്ടോയിലെ അതേ മുഖം... 'ഹരി...' തന്റെ അച്ഛൻ ചുറ്റുമുള്ള കലപില ശബ്ദങ്ങളും മഴയുടെ ശബ്ദവുമെല്ലാം അവ്യക്തമാവുന്നു. കണ്ണുകളുടെ കാഴ്ച മറയുന്നു. കണ്ണുതുറക്കുമ്പോൾ നേരെ മുകളിൽ ഫാൻ കറങ്ങുന്നു. വിയർത്തു കുളിച്ചിട്ടുണ്ട്. ആശുപത്രിയിലാണെന്ന് മെല്ലെ തിരിച്ചറിഞ്ഞു. അരികിൽ അമ്മയുണ്ട്. മുഖത്ത് ഇന്നോളം കാണാത്ത ഒരു ഭാവം. കരഞ്ഞുകലങ്ങിയ കണ്ണുകളിൽ കണ്ടത് ഇത്രനാൾ കണ്ട കരിനിഴലിനു പകരം പുഞ്ചിരിയുടെ തിരിനാളങ്ങൾ. പെട്ടെന്ന് മുറിയിലേക്ക് രണ്ടുപേർ കടന്നുവന്നു. തന്റെ ഡോക്ടറങ്കിൾ, ബാലു. കുഞ്ഞുനാൾ മുതൽ അറിയാവുന്ന ആളാണ്. "ഒന്നുമില്ല... പെട്ടെന്നെന്തോ തലചുറ്റലുണ്ടായതാണ്. ഭക്ഷണം ശരിയ്ക്ക് കഴിയ്ക്കാറില്ല അല്ലേ..?" ഡോക്ടറങ്കിളിന്റെ വാത്സല്യം. പിന്നിൽ നിൽക്കുന്നത്. അത്... ഹരി മാഷ്... എന്റെ അച്ഛൻ. "ശരി..., ഞാനിപ്പോൾ വരാം..." ഡോക്ടർ പുറത്തേയ്ക്ക് പോയി. അച്ഛൻ അടുത്തേയ്ക്ക് വന്നു. നെറ്റിമേൽ കൈ ചേർത്തു. "മോൾക്ക് സുഖമായില്ലേ...? നമുക്കു പോയാലോ ലക്ഷ്മീ?" അമ്മ എന്താണ് പറഞ്ഞതെന്ന് കേട്ടില്ല... തന്റെ കണ്ണുകൾ ജനാലയ്ക്കപ്പുറത്ത് ഇനിയും തോരാത്ത മഴയിലായിരുന്നു....

*Best Compliments from*

MADHURIMA

STATIONERY WHOLE SALE SHOP

NEAR RAILWAY STATION, KUTTIPPURAM



# Internet Neutrality : Pros & Cons



**Jayalakshmi R.**
2012 Admn.
B.Tech Agrl. Engg.

In the twenty first century where technology advances at the blind of an eye, internet is the day to a social life. Times are gone, of waiting for morning newspapers for updates on the world for the last 24 hours. Superfast internet shows no compromise in making a news reach every corner of the world in split seconds. Not just news, but for purpose of social networking, research, medicine & defence, internet to the world is like the pupil to the eye.

The internet, as we know of today, is a payable service for private usage. We pay daily, monthly or annually for availing internet services to our service providers - say BSNL, Airtel, Docomo to name a few. The Payment may also be according to the amount of data we use to avail services that require internet. Once we've agreed to our internet data plan, on wifi or mobile data, weare free to browse any website or use any application. The usage will be terminated only when our subscribed data plan - hourly or usage based, gets terminated. Even without a data plan a user will have to pay only for the data he's used, irrespective of the internet service he uses. This means that the internet is neutral, ie, there is no service or brand which makes a user pay separately or extra. Net neutrality facilitates open access to all internet usages.


But, the Telecom Regulations Authority of India (TRAI) is introducing a new regulation according to which each website or each application can fix separate charges for their usage. This means, that a user will have to pay separate amount of money for every website or application that he uses. For example, say you are running a search of Google for 'Adalodakam'. Initially you'll have to pay Google for using 'www.google. com' for your search. Then from the result that pop up, if the information you require is obtained from the tenth search reult that you clicked upon, you'ill be charged separately for each website that you opened, which housed the keyword 'Adalodakam'. This, the user is charged heavily and separately for ech website.

This new regulation is a major setback on the very roots of internet neutrality. It occurs as a sword on the freedom of a citizen n on access to information. Internet neutrality is the fourdation of today's technology advancements and the backbone of a developing society's intellect.

A ban on net neutrality will obviously pull back the users from browsing multiple websites. The users will be levied charges even for a randomgoogle search. Publishing of research word and their propagation will become a pricey affair, and it won't get enough publicity either, since nobody would want to know about seedless ranges or invisible clothes by paying unnecessary money. Information dissipation & public alerting will be a Herculian taste. The world, which has become a single stage right now, will be a sour grape for Indians. A ban an net neutrality would bore a deep hole on the citizen's pockets. The extremely needy user will be denied of information or even emergency medical services just because he can't afford to pay the extra money for every hospital's website he's pleading to. India, which is among the fastest growing economics and an emerging global superpower will go back to stone age or even before that due to restrictions on internet usage. Just because a few governmental organizations support a few capitalists business tycoons whose never-quenching greed will chain down the exponentially growing power of our nation.

Ban on net neutrality, has few advantages if at all to call them so. It is supposed to make. citizens more productive than wasting their valuable time and energy on internet say by social networking on watching movies. It is also said to be saving people from phishing attempts on banking websites or pothdes on social networks. On this night even prevent a terrorist attack! But the real question is, is the lack of thoughtfulness of a meagre share of the population, strong enough to saddle the development of a whole nation? The answer is a big No. The real solution is to make the population aware of the fraudulence on intenet and make the cyber authorities regularly monitor online activities; rather than denying information & Services to the lion's share of the needy with more than one million user emails blooding the TRAI website to '#Save The Internet' in favour of '#Net Neutrality', Flipkart - amojor e-commerce website backing off from its initial support to ban on net neutrality, and Sensible politicians and celebrities spreading the word or the necessity to support internet neutrality, let's hope that TRAI understands the country's need and realise how loud & strong its citizen's voice is and thus bring down the ban. After all, 'We, the people of India' have the 'freedom of expression' and 'Right to Information', don't we?

❑



Versification English 1st Prize

# The HEART that beats



**Rachana C.**
2014 Admn.
B.Tech Agrl. Engg.

Sitting alone on the mountain top,
gazing at the setting sun,
when free of thoughts, all the busy hours
We plunge into the world of beauty.

The birds fly back home, the winds stacts to slow
The trees after a uniquous shake, says
'It's enough for today....'
The sea gets tired, & the tides retreat
The flower shed petals, baried by the dew.

But dors that mean the Nature slept?
Never, she never takes rest
Cause, deep down of each soul, there lives a hear
a heart that keeps on beating, ever ending.

We may sleep, rest, play or shout or run
So does all children of Nature, for they too have fun
But to keep all alive & strong, there lives,
A heart for everything that keeps on beating.

A heart that keeps us alive
A heart that makes us love
A heart that teaches us to forget
A heart that learns to forgive.

It suffers a lot, the heart,
grieves when we are sad
It weeps when we cry
It's pained when we are angry
It shouts when we sleeps

My heart, it's my mentor
It taught me things what others couldn't
It taught me how to live
And not just to survive.

For living is not just a beating heart
It's far above than that
living is to listen, touch and feel,
The song of wind, softness of flower, warmth of the sun.

'Cause everything has a beating heart
To be alive is to realise this
That as we cry when our heart is hurt,
Others do the same when their is hurt

Let's keep the heart alive, and happy
Let's dance to the songs it sings
For whether we play or shout or sleep,
Our hearts always beat.

❑

Short story English    I[st] Prize



# The light at the end of the tunnel

**Jayalakshmi R.**
2012 Admn.
B.Tech Agrl. Engg.

Quit, quick, Tem told himself Just a moment, and it will all be ever All these busy, rephisticated New yorkers, their leather briefs and world-changing documents, everything is gring to be dust is a while.

The NYPD cop at the entry to central station who would'nt let me is because I dos't have an ID, she'll be s in shart eleven minutes Bloody bitch.

He was quickly ducting down to an unnoticed waiting chair at the far end of the turnel station. He just had to inconscicuously deop the denion backpart at a corner and board the westbourd train at 11.45. The timer would be initiated when the train moves out of the station. Oh, Where's the detenator ? He fished his pocket to make sure it was there. In eleven minutes, the Ĉ4 would go off and central station would just became briefs and broken metal. Take it, you New York University Professors who kicked me out because I'am black. Take it, you wall street Jaurnal editor who rejected me because I wrote on world peace and not anything sensational. You want sensation? You 're getting it, idiot.

The recession, economic downplunge, Jare's ditching him, the 'Jobless Vagaberd' tag, everything had puzhed him off to the streets. Being ahigh street functie was easy. Drugs was easy. At ,least easeir to deal with, than all the rejections. Afterall, what harm would occur by harding over a few packages or evering sneaking a little from them? There waws need; Master would let him know. Time place, code. Say it right, you get your stuff. It was easy money. Easy high.

At least no one would reject him anymore. No one would give him that surful look. He ws just a funkie and nobody bothered to give him a record book. Life sucked, but not much as before. It ws the, that Master came witha bigger deal. A bomb blast. It ............... too main stream in the beginning. But then it ws my chance, finally. Ten the loser's chance to make all the so-called winners pay. Pay for their arrogance, pay for the power they thought they had.

"My unicorn!!" A did in a pink filled dress started crying poisting at Ten Busy in his train of thoughts, Teen had stunbled ove a unicorn tay which has fallen from a kids hand. sorry, here is is - he bended down harded it over to the cute pink baby. Suddenly she pulled him down by his ears and kissed him. "Thank you uncle!" she cooed nd danced away to her mother who stood a couple of feet away. It stuck Ten. Something is his heat started feeling wram.

My young sister who used to pull my ears and kiss me.

My mother who would always wait for me with my favourite cappucino.

My father who never failed to tell me I am worth what I think I am.

A hundred sisters like that. A hundred loving mothers like that. A hundred caring fathers like that. A hundred cure pink babies. A hundred smart young boys. A hundred pampering grandparents. Around me. In here. Right now. Do the deserve this?

Hea took out the remote control deterator from his pocket and walked towards the trash can. He pulled out the cells from it and dropped them in the can. Let the NYPD find an abandened bag of explosives and deactivate it themselves. Tom was becoming his own light at the end of his dark turnnel life. ❑



# My soulmate



**Anjali K.U.**
2012 Admn.
B.Tech Food Engg.

**Well, that's it.....**

It's time to write about my soul mate since his birthday is on the way. I hope this will be a birthday gift. Ohh wait wait ..it's not like what you guys think ...it's not about my love story and it's not about my lover..it's about an unconditional love..first of all I introduce myself I'm Jennifer for my dear ones I'm Jenny. I was an arrogant girl in my school. I hate boys in my school. I had no friends as boys at that time. Then I stepped into eleventh & I was forced to join in a private tuition class for science and maths tuition. There I met a short little boy who was only upto my shoulder. I saw him staring at me. I hate that look of boys. I turned my head away from him. Next moment I don't know how he came besides me and said"hi." And scratched his head,

I replied "what??"

Then he started his questionnaire "are you new here??"

"Why do you bother"?

"No, just asking... mmmm hey whats your name? i'm Thomas but I love if you call me tom"

"ohh come on I never asked you anything"

"yak you didn't ..But I can tell it right?"

"I've classes..Please leave"

That day went. Next day onwards he used to follow me and tried to start talking with me from where my bus stops. He was so crazy he made me to talk to him even though I tried to avoid him. Sometimes he was very childish people love him a lot. Girls went behind him to hear his jokes he was very energetic and brought smiles on everyone's face. We shared our mail address and then the "chat revolution started" oh my god I can't believe how much time we spent on internet. He was very smart in studies. one day he told me about his past he loved a girl. But the funniest part is he never told her about his love. I asked about her name he said Jennifer. I was shocked and thought how he could be this much flirty. He interrupted.

"Hey I know what you are thinking. Come on, it's not you! it's true that I loved a girl of your name"

"hmm ok"

Then days flew like seconds..we were tied as best friends shared every single moment in our daily life. At that time I had a crush on a boy who proposed me when I was in tenth. Tom supported this relationship when he came to know that I loved the boy that much. Tom & my crush became friends in orkut. One Christmas night the boy rang me up & told that he don't love me. He want to be his "just friend".I was broken I never liked a guy before. I blindly believed me the "first love "thing. Tom tried to convince me.

" come on jenny move on. He is not the guy for you he doesn't deserves you it's his loss not yours. you have to study it's the crucial period,look final exams are coming, it's not fair if you fail in exam and what you are doing to your parents now".

Every day he tried to make me and feel me happy. First few days he failed in his attempts. (Now I feel very much shame about those awkward days I behaved stupid those days.)

He gave me positive energy. Lifted me from the dark. We studied together he taught me the tough subjects. Both of us gained good scores.It was him who achieved. I scored because of him. So it's his victory.

Next plan was entrance. So we planned to join a coaching class. Unfortunately both of us were in different coaching centers that period was a twist in my story I met the boy who ditched me, again he came to my life and started to turn that old dark pages. I lose my concentration in studies. He used to call me & acted nicely. He came to meet me after my class I tried to hide from him but my stupid mind didn't listen. Days went we texted every minute. Tom warned me but I never listened. One day the boy texted me that he is in a relationship with a relative who is already married.

I couldn't believe what I heard. I asked him whether he is trying to avoid me or not then he said it was true. This time Tom couldn't help me. Because he was not near me. I cried through phone I could hear Tom sobbing from there. One day Tom told me that the girl he loved got married. I was shocked but he tried to hide his feelings since I was already damaged. I got less marks in entrance he got admission in IIT I had a bad feeling of being alone. But Tom never let me alone he was there with me through my bad times and good times. We used to meet in every year when we were doing our graduation. Years passed I realized about those moments that I've wasted because of my silly emotions. Tom taught me life he was not happy in his family but he never showed in front of me. Every time he tried to wipe my sadness. He made me laugh. He gave me strength. He was my shadow..

Whenever I call him, the first thing he asks me is whether I am happy or not he can sense it even from distance away.

Nobody loved me like he did.

Now we are in nearby apartments so we can see daily this was our dream that after getting a job we will settle in the same compound. Both of us found our partners..Me, my son Dave, my husband Alan, Tom, Christine and Steve ...wwoowh we are a great family now...

Dear Tom, you were there always for me as my guardian, my dad, my brother,

And dear readers,

If a girl and boy are friends that doesn't mean that they will always end up as lovers..Its more than love, it's the real thing called "FRIENDSHIP" ❑

# വിലാപം



**Shaheemath Suhara K.K.**
2012 Admn.
B.Tech Agrl. Engg.

വെടികൊണ്ട് പിടയുന്ന കുരുവി. ഞാൻ
കനിയുന്നു എന്റെ ജീവന്റൊരംശത്തിനായ്
മരണത്തിന്നഗാധ ധ്രുവത്തിലേക്ക്
വീണുകൊണ്ടിരിക്കുമ്പോഴും തേങ്ങുന്നു ഞാൻ
അതെ! എന്റെ ജീവന്റൊരംശത്തിനായ്
വെറും ഒരംശത്തിന് മാത്രമായ്.

പറയാനെിക്കുണ്ടധികവും
മനുഷ്യന്റെ ധിക്കാരം, നന്മയെക്കാളധികവും
കൂടപ്പിറപ്പിൻ സ്വാർത്ഥ മനോഭാവവും
അവർതൻ നിസ്വാർത്ഥ ഭാവത്തേക്കാളേറെയും
വീഴുന്ന വെപ്രാളത്തിനുള്ളിലെ ചിന്തകൾ
ഇപ്പോൾ നിലംപതിക്കുമെന്നോർമപ്പെടുത്തുമ്പോൾ
ഭയക്കുന്നു ഞാൻ എനിക്കാവതില്ലെങ്കിലോ
ഒരു നിമിഷത്തിലുൾപ്പെടുത്താനുള്ള ചിന്തകളെ നിന്നെ
ങ്കിലും
അറിയാം! ഉൾപ്പെടുത്തേണം എനിക്കാവുന്നതത്രയും

എന്റെ ഘാതകനാകാൻ കൽപിച്ചവന്റെ വെടിയുണ്ടയാൽ
എന്നിൽ നിന്നിറ്റിറ്റു വീഴുന്ന രക്ത തുള്ളികളെ
എന്റെ കൂടപ്പിറപ്പായ് ജനിച്ച
ദൈവ സൃഷ്ടിയാണഖിലവും എന്നുൾകൊള്ളാത്ത
എന്നെ ഓർക്കാത്ത, തിരിച്ചറിയാത്ത
ഒരാൾതൻ ബാണമാണെനിക്കേറ്റതെന്നറിയുമ്പോൾ ഉള്ള
കണ്ണീർ തുള്ളികളുമായി ചേർന്ന് നേർപ്പിച്ച് മാത്രമേ
എന്റെ ഭൂമിയിലേക്ക് ഞാൻ പകരുകയുള്ളൂ.
അതിന് വേദനിച്ചെങ്കിലോ എന്നു ഞാൻ ഭയക്കുന്നു.
അമ്മയാം ഭൂമിയെ ഞാനെങ്ങനെ മലിനപ്പെടുത്തും
അല്ല, ഞാനതിനെ മലിനപ്പെടുത്തിയെങ്കിലോ

അതിന്റെ ഒരു ഭാഗമാകേണ്ടവരല്ലെ നാം
എങ്ങനെ മടങ്ങും, കണ്ണുകൾ അടഞ്ഞാണിരിക്കുന്നതെങ്കിലും
ആ സങ്കോച ഭാവം എന്റെ അസ്ഥികളെപോലും
നുറുക്കി നുറുക്കി കളയുമെങ്കിലോ....

അമ്മതൻ ചിറകിന്നടിയിലെ ജീവിതം
ചൊൽകി തന്നു നൂറായിരം കഥകൾ
വാ! എന്തൊരു സ്നേഹമാം ഊടപ്പിരപ്പിൻ കഥകൾ
ഐക്യബോധം നിറഞ്ഞൊഴുകുമാ ജീവിതം
ഒരുതുള്ളി നെൽകതിർ കിട്ടിയാലവരത്
പങ്കിട്ടുതിന്നും പറ്റുന്നതത്രയും, ഇന്നോ
കതിരുകൾ കിട്ടിയാൽ, സ്വാർജ ഭാവം നിറയുന്നു
തന്നസ്ഥികൾ കോച്ചിപ്പിടിക്കുന്നു
അവർ തൻ കതിൽ താനേ ഭുജിക്കുന്നു
നിർവികാരത്വമായ്....

അവർതൻ ദൃക്സാക്ഷി മണ്ഡലം വിശന്ന് കരയുമ്പോഴും
ഒരുകതിരിനു വേണ്ടിയല്ലേ ഞാൻ പറന്നത്
വിശപ്പടക്കാനുള്ള അന്നത്തിനു വേണ്ടിയല്ലേ പറന്നത്
അവൻ എനിക്കു തന്നിരുന്നെങ്കിലോ
വിധി മറ്റൊന്നാകുമായിരുന്നല്ലോ?
ജീവിതം മടുത്തു എനിക്കേറ്റവും, എങ്കിലും
അവർതൻ കാരണമാണെൻ പ്രാണൻ
വെടിയേണ്ടി വന്നതെന്നവരറിയുമ്പോൾ
അവരിൽ നിന്നും വിരിയുന്ന ഭാവമേതോ
ദേഷ്യം, പരിഹാസം, നിന്ദ ഏതുമാകട്ടെ
അതു കാണുവാൻ മാത്രമായ് തേങ്ങുന്നു ഞാൻ
എന്റെ ജീവന്റൊരംശത്തിനായ്
വെറും ഒരംശത്തിനു മാത്രമായ്. ❑

# KERALA AGRICULTURAL UNIVERSITY
## Kelappaji College of Agricultural Engineering and Technology

# Student's Union 2014 - 15

## REPORT

Patron : Dr. M.S. Hajilal

Associate Patron : Dr. Abdul Hakkim V.M.

On 18th October 2014, the elected members of Student's Union 2014-15 took the oath in the name of God that they will sincerely and consciously perform their duties for the betterment and common interest of all the students of this college.

The elected members of the executive committee were :

| | | |
|---|---|---|
| President | : | Mirshad M. |
| Vice President | : | Sibin C. Baby |
| General Secretary | : | Jasbeer K.T. |
| Associate Secretary | : | Ansila K.A. |
| Arts Club Secretary | : | Adarsh S.S. |
| Student Editor | : | Jugnu Hameed |
| University Union Counselors | : | Ajay Jayakumar, Steny Simon, Sonal Baiju |

| Clubs | Secretary | Staff Advisors |
|---|---|---|
| Arts Club | Adarsh S.S. | Dr. Asha Joseph |
| Sports Club | Sravan Raj | Smt. Josephina Paul |
| Magazine Club | Jugnu Hameed | Er. George Mathew |
| Quiz Club | Arjun P. | Er. Sreeja R. |
| Women's Forum | Abeena M.A. | Er. Sindhu Bhaskar |

***Activities of Student's Union 2014-15***

- On 7th December 2014, official inauguration of Student's Union 2014-15 'Clair De Lune' was done by the Honorable Minister Sri A.P. Anil Kumar (Tourism). The function was followed by delicious dinner and colorful cultural programmes by the students.
- On December 2, the Sports Club under the Student's Union conducted a Fives Football match (FOOTIE FIVES). The team Masters FC won the match.
- As a part of Valentines' Day celebration, Student's Union conducted a Film Show on February 12.
- On February 13, Arts club organized a 'Song Improvisation Competition'.
- On February 28, Science day was celebrated by organizing "Science Day Quiz' under Quiz Club, Student's Union 2014-15
- The College Games 'MAMANKAM 2K15' started on March 4.
- On March 9, Women's Forum celebrated 'International Women's Day by conducting a Debate Competition.
- On March 24, Notice Board 'EVO GA' was inaugurated.
- In between the busy schedule of exams and trainings, Student's Union 2014-15 were able to organize Arts Fest 'SAMHITHA 2015' From May 6 to May 8. The whole college was grouped under two teams Agneya and Brahma. The fest was inaugurated by famous poet and lyricist Sri. Engandiyur Chandrashekaran. The Closing ceremony was made memorable by Sri. P. Surendran, Malayalam writer. The overall Trophy was bagged by Team Brahma. The various titles and winners were,

| | | | | | |
|---|---|---|---|---|---|
| Kalathilakam | - | Jayalakshmi R. | Kalaprathibha | - | Syam Kumar S. |
| Sargaprathibha | - | Akshaya K. Pavithran | Best Actor | - | Dideesh M. |
| Best Actress | - | Abeena M.A. | | | |

- The National Technology Day was celebrated on 10th May by conducting Informative Seminars.
- On June 27, a farewell 'KAALPPADUKAL' was given to Enchanterz (27th batch). The best Outgoing student of the batch was Ms. Cinu Varghese. The night was made memorable and emotional with cultural events, experience sharing and dinner.
- The Onam celebration 'PONNONAM 15' was organized on August 21st. it was a colourful and memorable event. The overall trophy was bagged by Ignitorz (29th batch).
- As a part of Teachers' Day, Student's Union 2014-15 along with Women's forum conducted an Essay writing competition on September 7. The first prize was bagged by Steny Simon. Arun Krishnan bagged 2nd prize and Panchamy Balan bagged 3rd prize.

# DNA

## KCAET COLLEGE MAGAZINE 2015


| | | |
|---|---|---|
| Staff editor | : | Er. George Mathew |
| Student editor | : | Jugnu Hameed |
| Sub editors | : | Athira P., Nithin J.K., Jithu Mary Varghese, Kurias Thomas, Nitha N., Jayalakshmi R., Nandhu Lal A.M., Faseela O. A., Livina V.K., Nipin Balu, Rachana C., Anjali M.G., |
| Printing | : | KAU Press, Mannuthy |

Statement of ownership and particulars about the publication of KCAET College (From IV See Rule VIII)

| | | |
|---|---|---|
| Place of publication | : | Tavanur |
| Periodicity of publication | : | Annual |
| Publisher's name | : | Jugnu Hameed |
| Nationality | : | Indian |
| Address | : | KCAET Tavanur, Malappuram Dt. |
| Ownership | : | Students' Union 2014-2015 |

I Jugnu Hameed hereby declare that the particulars given above are true to the best knowledge and belief.

**Jugnu Hameed**


# വിടപറയും മുൻപേ...

## Good bye Enchanterz (27th Batch)



Some experiences
are so big
they change your
DNA.

— Dexter





അവസാനതാളും പൂർത്തിയാകുമ്പോൾ
ബാക്കി നിൽക്കുന്നത് DNA യിലൂടെ
നാം പടുത്തുയർത്തിയ തകർക്കാനാവാത്ത
ബന്ധങ്ങളും കാൽപ്പാടുകളും മാത്രം
നിഴൽപോലെ കൂടെ നിന്ന സുഹൃത്തുക്കൾ....
വഴികാട്ടി നടന്ന അധ്യാപകർ.....
ഏൽപ്പിച്ച രചനകൾ അച്ചടിച്ച് വന്നത്
കണ്ട് നിർവൃതി പൂണ്ട കുട്ടുകാർ...
ഒരുക്കിയ രചനകൾ ഏൽപ്പിക്കുകയും
ഒടുവിൽ കാണാതെ വന്നപ്പോൾ
വിഷമിക്കുകയും ചെയ്തവർ...
ഒന്നറിയുക പരിമിതികൾ നിറഞ്ഞ
എന്റെ ചുമലിൽ നന്ദി ഒന്നിനും
പകരമാകില്ല.
കണ്ണ് നിറയിക്കുന്ന ഒരുത്തരം പൊള്ളലേ
ആ വാക്കിനുണ്ടാവൂ
എങ്കിലും നന്ദി എന്ന രണ്ടക്ഷരം
കടമായിട്ടവശേഷിക്കാതിരിക്കാൻ
നന്ദി... നന്ദി... നന്ദി....


DNA